# പഞ്ചായത്ത് രാജ്

പുസ്തകം [illegible] ◆ ലക്കം 6

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

സെപ്റ്റംബർ 2012

കേരളത്തിലെ വിവിധ ജനവിഭാഗങ്ങളുടെ
കുടുംബ സാഹചര്യങ്ങൾ – ഒരു താരതമ്യ പഠനം

പരിഷ്കരിച്ച ആസൂത്രണ മാർഗ്ഗരേഖയും
സബ്സിഡി മാനദണ്ഡങ്ങളും

ചരിത്രം സൃഷ്ടിച്ചവർ ചരിത്രമെഴുതുമ്പോൾ...
കുടുംബശ്രീയുടെ പുസ്തകയാത്രയ്ക്കു തുടക്കം



## സാന്ത്വന ശുശ്രൂഷ
നമ്മുടെ സാമൂഹിക ഉത്തരവാദിത്വം



## വിദ്യാഭ്യാസം
## കുട്ടികളുടെ അവകാശം






# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 സാന്ത്വന ശുശ്രൂഷ നമ്മുടെ സാമൂഹിക ഉത്തരവാദിത്വം
ഡോ. എം കെ മുനീർ



8 കേരളത്തിലെ വിവിധ ജനവിഭാഗങ്ങളുടെ കുടുംബ സൗകര്യങ്ങൾ - *ഒരു താരതമ്യ പഠനം*
ഡോ. സി. പ്രദീപ്




12 സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം കുട്ടികളുടെ അവകാശ നിയമം - 2009

16 പരിഷ്ക്കരിച്ച ആസൂത്രണ മാർഗ്ഗരേഖയും സബ്സിഡി മാനദണ്ഡങ്ങളും
ഡോ. ജെ.ബി. രാജൻ



22 ആരോഗ്യരംഗത്തെ പെരുമകളുമായി പുലാമന്തോൾ
എം.കെ. റഫീഖ



24 വറ്റിത്തുടങ്ങുന്ന നീരുറവകൾ
സ്മിഷ. സി

28 ഇ-ഗവേണൻസ് ന്യൂസ്




30 മണ്ണുപര്യവേഷണവും മണ്ണുസംരക്ഷണവും മാനവരാശിയുടെ നിലനിൽപ്പിന്....
എം.എ. സുധീർബാബു

32 പഞ്ചായത്ത് അക്കൗണ്ട്: സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്

35 മങ്കര ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ പെൻഷൻ പദ്ധതി
എം.എൻ. ഗോകുൽദാസ്



36 ചരിത്രം സൃഷ്ടിച്ചവർ ചരിത്രമെഴുതുമ്പോൾ...
അജിത് വെണ്ണിയൂർ



40 തേഞ്ഞുമാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

42 വാർത്തകൾ വിശേഷങ്ങൾ

## കത്തുകൾ




### മുഖവിലയ്ക്കെടുക്കണം

ആഗസ്റ്റ് ലക്കം പഞ്ചായത്ത്രാജ് മാസിക ശ്രദ്ധേയമായിരുന്നു. പോയകാലത്തെ സമ്പൽസമൃദ്ധിയുടെയും സമത്വസുന്ദര അഴിമതിരഹിത നാടിന്റെയും സ്മരണകളുണർത്തുന്ന ഓണത്തെക്കുറിച്ചും വിശുദ്ധ പെരുന്നാൾ മാസത്തെ കുറിച്ചുമുള്ള ലേഖനങ്ങൾ ഹൃദയശുദ്ധി വരുത്തുന്നവയായിരുന്നു. വീടുകളിൽ ഒരുകാലത്ത് ഉണ്ടായിരുന്ന ഓണസദ്യ ഇന്നു പലയിടത്തും ഹോട്ടലുകളിലേക്ക് ചേക്കേറിയിരിക്കുന്നു. നീരുറവകളിലെ വെള്ളത്തിനുപകരം കുപ്പിവെള്ളമായി. ഇതു പുരോഗതി അല്ലെന്നു മനസ്സിലാക്കണം. പ്രമുഖ കൃഷി ശാസ്ത്രജ്ഞനായ ആർ. ഹേലിയുടെ ലേഖനത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ കൃഷിക്കും കൃഷിക്കാരനും സർവ്വത്ര പിന്തുണയും നൽകാൻ വിശപ്പ് എന്ന വികാരമുള്ള സർവ്വരും കടപ്പെട്ടവരാണ്. പഞ്ചായത്തുകളിൽ പദ്ധതി ആസൂത്രണം തകൃതിയായി നടക്കുന്ന ഈ വേളയിൽ അധികൃതർ ഇതു മുഖവിലയ്ക്ക് എടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

***ആൽവിൻ. ജി,*** ആലുവ

### ഭരണഭാഷ: മാതൃഭാഷ ഉത്തരവായി

കേരള നിയമസഭയുടെ 2011-14 കാലയളവിലേക്കുള്ള ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2012 നവംബർ ഒന്ന് മുതൽ ഒരു വർഷക്കാലം ഭരണഭാഷ-മാതൃഭാഷ വർഷമായി ആചരിക്കുന്നതിന് അനുമതി നൽകി ഉത്തരവായി.

### തദ്ദേശഭരണ തെരഞ്ഞെടുപ്പ് നിക്ഷേപത്തുകയും ചെലവ് പരിധിയും ഉയർത്തി

തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് കെട്ടിവയ്ക്കേണ്ട തുകയും, തെരഞ്ഞെടുപ്പ് ചെലവ് പരിധിയും വർദ്ധിപ്പിച്ചു. കെട്ടിവയ്ക്കാനുള്ള തുക ഗ്രാമപഞ്ചായത്ത് വാർഡിൽ നൂറ് ആയിരുന്നത് ആയിരമായും മുൻസിപ്പാലിറ്റിയിലും ബ്ലോക്ക് പഞ്ചായത്തിലും കോർപ്പറേഷനിലും 200 രൂപ 3000 ആയും വർദ്ധിപ്പിച്ചു സ്ഥാനാർത്ഥികളുടെ തെരഞ്ഞെടുപ്പ് ചെലവ് പരിധി ഗ്രാമപഞ്ചായത്തിൽ 5000ൽ നിന്ന് 15000 ആയും ബ്ലോക്ക് പഞ്ചായത്തിൽ 15000 ൽ നിന്ന് 30000 ആയും ജില്ലാ പഞ്ചായത്തിൽ 30000 നിന്ന് 60000 ആയും ഉയർത്തി. മുൻസിപ്പാലിറ്റിയിൽ ചെലവഴിക്കാവുന്ന തുക 5000 ൽ നിന്ന് 30000 ആയും കോർപ്പറേഷനിലെ പരിധി 10000ൽ നിന്ന് 60000 ആയും വർദ്ധിപ്പിച്ചിട്ടുണ്ട്.

### കെ.എൽ.ജി.എസ്.ഡി.പി പരിശീലന പരിപാടി

കേരള ലോക്കൽ ഗവൺമെന്റ് സർവീസ് ഡെലിവറി പ്രോജക്ടിന്റെ (കെ.എൽ.ജി.എസ്.ഡി.പി) ആഭിമുഖ്യത്തിൽ സംസ്ഥാനത്തൊട്ടാകെയുള്ള ഗ്രാമ പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും ജീവനക്കാർക്ക് വേണ്ടിയുള്ള ജില്ലാതല പരിശീലനപരിപാടിയുടെ ഉദ്ഘാടനം പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ നിർവഹിച്ചു.



*കേരള ലോക്കൽ ഗവൺമെന്റ് സർവീസ് ഡെലിവറി പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേണ്ടിയുള്ള ജില്ലാതല പരിശീലന പരിപാടിയുടെ ഉദ്ഘാടനം പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ നിർവഹിക്കുന്നു.*

പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ ആസ്പദമാക്കി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ ഉദ്യോഗസ്ഥർ ക്ലാസുകളെടുത്തു. ഗ്രാമ പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും പ്ലാൻ ക്ലർക്കുമാരും ഓവർസിയർമാരുമാണ് പരിശീലനത്തിൽ പങ്കെടുത്തത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പരിശീലന പരിപാടി വ്യാപിപ്പിക്കും.

തിരുവനന്തപുരത്തു പഞ്ചായത്ത് അസ്സോസിയേഷൻ ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ ശ്രീകുമാരൻ നായർ അദ്ധ്യക്ഷനായിരുന്നു. കെഎൽ.ജി.എസ്.ഡി.പി. ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ ഡോ. വി.പി. സുകുമാരൻ സ്വാഗതവും തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഗോപകുമാർ ആശംസയും നേർന്നു. കപ്പാസിറ്റി ബിൽഡിംഗ് സ്പെഷ്യലിസ്റ്റ് ഡോ. കെ. കൃഷ്ണകുമാർ കൃതജ്ഞത രേഖപ്പെടുത്തി.


## പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

സെപ്റ്റംബർ 2012
പുസ്തകം 52
ലക്കം 6
വാർഷിക വരിസംഖ്യ: ₹ 120
www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് വകുപ്പ് മന്ത്രി

അംഗങ്ങൾ
**വി.എസ്. സെന്തിൽ**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**എ. ഫിറോസ്**
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**എസ്. ലളിതാംബിക**, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**എസ്. ലളിതാംബിക**, ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321280



കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


## എഡിറ്ററുടെ പേന

### ആസ്തി രജിസ്റ്ററുകൾ: ഇനിയും വൈകരുത്

ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച 'സചിത്ര' സോഫറ്റ്വെയർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററുകൾ തയ്യാറാക്കുന്നതിനുള്ള വിശദമായ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരിക്കുകയാണ്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും 2012 മാർച്ച 31 വരെ ആർജ്ജിച്ച ആസ്തികളുടെ പൂർണ്ണവിവരം തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പുമേധാവിക്കും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്കും ഈ മാസം 30-നകം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വികസന ഫണ്ട് (Development Fund), പൊതുആവശ്യഫണ്ട് (General Purpose Fund), സംരക്ഷണ ഫണ്ട് (Maintenance Fund) എന്നിങ്ങനെ മൂന്നുതരം ഫണ്ടുകളാണ് സർക്കാർ പ്രധാനമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിലൂടെ വകയിരുത്തി നൽകുന്നത്. കാലാകാലങ്ങളിൽ, സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ വികസന ഫണ്ടും പൊതു ആവശ്യ ഫണ്ടും കൃത്യമായ മാനദണ്ഡങ്ങൾ പ്രകാരം വിതരണം ചെയ്യാൻ സാധിക്കുന്നുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ സംബന്ധിച്ച വിവര ശേഖരണം ശാസ്ത്രീയാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ സാധിക്കാത്തതു കാരണം ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി നൽകിവരുന്ന സംരക്ഷണ ഫണ്ടിന്റെ വിതരണത്തിൽ ഏറ്റകുറച്ചിലുകൾ ഉണ്ടാകുന്നുണ്ട്. ഇതു പരിഹരിക്കുന്നതിനുവേണ്ടി 2005 വർഷം മുതൽ ആസ്തി രജിസ്റ്ററുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സംസ്ഥാനത്ത് ആരംഭിച്ചിരുന്നു. കഴിഞ്ഞ ഏഴു വർഷങ്ങൾക്കിടയിൽ നിരവധി മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനങ്ങളുമൊക്കെ നൽകിയിരുന്നുവെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ രജിസ്റ്ററുകളിൽ പലതിലും ധാരാളം അപാകതകൾ ഉണ്ടായിരുന്നതിനാൽ ആസ്തികളുടെ സംസ്ഥാനതല ക്രോഡീകരണം സാദ്ധ്യമായിരുന്നില്ല. ഇത്തരത്തിലുള്ള അപാകതകൾ പരിഹരിക്കുന്നതിനുള്ള വ്യക്തവും വിശദവുമായ നിർദ്ദേശങ്ങളാണ് 2012 ആഗസ്റ്റ് 6ലെ സർക്കാർ ഉത്തരവിലൂടെ നൽകിയിരിക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി, ആർജ്ജിച്ച വർഷം, ചെലവായ തുക, വിഭാഗം എന്നിവ മാത്രമാണ് കൃത്യമായ യൂണിറ്റുകളിൽ 'സചിത്ര' സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തേണ്ടത്. മുൻകാലങ്ങളിൽ ആർജ്ജിച്ച ആസ്തികളുടെ മൂല്യം കണ്ടെത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രായോഗികമായ വൈഷമ്യങ്ങൾ അനുഭവിക്കുന്നുണ്ട്. എന്നാൽ തദ്ദേശഭരണസ്ഥാപനങ്ങളിൽ വിനൃസിച്ചിട്ടുള്ള 'സാംഖ്യ' സോഫ്റ്റ്വെയർ മുഖേന നടപ്പാക്കുന്ന ഡബിൾ എൻട്രി സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് പൂർത്തിയാക്കണമെങ്കിൽ ആസ്തികൾ ആർജ്ജിക്കുന്നതിന് ചെലവായ തുക രേഖപ്പെടുത്തേണ്ടത് അനിവാര്യമാണ്. അതിനാൽ ചെലവായ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ലെങ്കിൽപോലും ലളിതമായ മാർഗ്ഗങ്ങളിലൂടെ അതു കണ്ടെത്തുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ആസ്തി രജിസ്റ്ററുകൾ തയ്യാറാക്കുന്നതിലുണ്ടായിരുന്ന എല്ലാ അവ്യക്തതകളും ഇപ്പോൾ മാറിയിരിക്കുകയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഡേറ്റാബേസുകൾ ജില്ലാതലത്തിൽ ശില്പശാലകൾ സംഘടിപ്പിച്ച് കുറ്റമറ്റതാക്കി തദ്ദേശസ്വയംഭരണ വകുപ്പിന്റെയും തദ്ദേശഭരണസ്ഥാപനങ്ങളുടെയും വെബ്സൈറ്റുകളിൽ ലഭ്യമാക്കും. കാലാകാലങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്ററുകൾ പുതുക്കുന്നതിനും തദ്ദേശഭരണ സ്ഥാപനത്തിലെ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

73,74 ഭരണഘടനാ ഭേദഗതികളെ തുടർന്ന് താഴെതട്ടിൽ അധികാരം വികേന്ദ്രീകരിച്ചു നൽകിയതോടൊപ്പം ധനവികേന്ദ്രീകരണവും നടത്തിയെന്നതാണ് കേരള സംസ്ഥാനത്തിന്റെ പ്രത്യേകത. മാത്രമല്ല, വിഭവ വികേന്ദ്രീകരണത്തിൽ തുല്യനീതി ഉറപ്പാക്കുന്നതിന് സംസ്ഥാനം തുടക്കം മുതൽ തന്നെ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വികസന ഫണ്ട്, പൊതു ആവശ്യഫണ്ട് എന്നിവ പോലെ സംരക്ഷണഫണ്ടിന്റെ വിതരണത്തിലും തുല്യനീതി ഉറപ്പാക്കണമെങ്കിൽ കുറ്റമറ്റ ആസ്തി രജിസ്റ്ററുകൾ ഉണ്ടായാലേ മതിയാകൂ. അതിനാൽ ഇനിയും കാലതാമസം വരുത്താതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ ആസ്തി രജിസ്റ്ററുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തയ്യാറാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.



# “സാന്ത്വന ശുശ്രൂഷ”

## നമ്മുടെ സാമൂഹിക ഉത്തരവാദിത്വം



**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി

രോഗീപരിചരണം എക്കാലത്തും എവിടെയും മനുഷ്യരാശിയുടെ ഉത്തരവാദിത്തങ്ങളിൽ ഒന്നായി പരിഗണിക്കപ്പെട്ടുവരുന്നു. പല രോഗങ്ങളും പ്രത്യേകിച്ച് വാർദ്ധകൃത്തിലെ മാരക അസുഖങ്ങൾ രോഗിയെ തീവ്രവേദനയുടെ ഗർത്തത്തിൽ ആഴ്ത്തുന്നവയാണ്. പ്രായാധിക്യത്തിന്റെ ക്ലേശങ്ങളും സാമൂഹികമായ ഒറ്റപ്പെടലും കൂടി രോഗത്തോടൊപ്പം ചേരുമ്പോൾ ആതുരത ഇരട്ടിക്കുന്നു. ക്യാൻസർമാതിരിയുള്ള കടുത്ത രോഗങ്ങൾ ബാധിക്കുന്ന കുട്ടികൾക്കുപോലും സാന്ത്വന ചികിത്സ വേണ്ടിവരുന്നു. ചുരുക്കത്തിൽ നമ്മുടെ സമൂഹത്തിലെ വലിയ ഒരു വിഭാഗം ജനത സാന്ത്വന ചികിത്സ തേടുന്നവരാണ്. ആശുപത്രികൾക്ക് മാത്രമായോ കുടുംബാംഗങ്ങൾക്ക് മാത്രമായോ പലപ്പോഴും രോഗി അർഹിക്കുന്ന ചികിത്സയും വേദനയിൽ നിന്ന് മുക്തിയും പലപ്പോഴും നൽകുവാൻ കഴിഞ്ഞെന്ന് വരുകയില്ല. സമൂഹത്തിന്റെ മുഴുവൻ ഉത്തരവാദിത്തവും പതിയുമ്പോൾ മാത്രമേ സാന്ത്വന ചികിത്സാരംഗം കൂടുതൽ ഫലപ്രദമാകുകയുള്ളു. സന്നദ്ധസംഘടനകൾക്ക് ഡോക്ടർമാരുടെ ഉദ്യമങ്ങൾക്ക് പൂരകമായി പ്രവർത്തിക്കാൻ കഴിയും.

രോഗികളുടെ വേദനയും കഷ്ടപ്പാടും ശമിപ്പിക്കുന്നതിനുള്ള ഈ ചികിത്സാ പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സുപ്രധാനമായ പങ്ക് വഹിക്കാൻ കഴിയും. നാട്ടിലെ ഓരോ പൗരനുമായും നിരന്തരബന്ധം പുലർത്താൻ കഴിയുക തദ്ദേശസ്ഥാപനങ്ങൾക്കും ജനപ്രതിനിധികൾക്കുമാണ്. നമ്മുടെ പഞ്ചായത്തുകൾ മുഖേന നടപ്പാക്കുന്ന ആശ്രയ പദ്ധതി സാന്ത്വന ചികിത്സയ്ക്ക് കൂടി പ്രാധാന്യം നൽകുന്ന ഒന്നാണ്. ഏതാനും പഞ്ചായത്തുകളിൽകൂടി ഇനി ആശ്രയ പദ്ധതി നടപ്പാക്കാനുണ്ട്. നടപ്പാക്കിയ പഞ്ചായത്തുകൾ രണ്ടാം ഘട്ടത്തിലേക്ക് കടക്കുകയാണ്. പഞ്ചായത്തുകൾ അവയുടെ ഉത്തരവാദിത്തവും പ്രതിബദ്ധതയും നിറവേറ്റാൻ മുന്നോട്ടുവരണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സാമൂഹ്യക്ഷേമ വകുപ്പുമായി തോളോടുതോൾ ചേർന്ന് പഞ്ചായത്തുകൾക്ക് സാന്ത്വന ശുശ്രൂഷാരംഗത്ത് കൂടുതൽ മികവാർന്ന പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിയും.

സാന്ത്വന ചികിത്സ ആവശ്യമായ രോഗിയോട് ഒരു മൾട്ടി ഡിസിപ്ളിനറി സമീപനമാണ് വേണ്ടത്. രോഗിയുടെ ശാരീരിക – വൈകാരിക – ആത്മീയ – സാമൂഹികതലങ്ങൾ സ്പർശിക്കുന്ന സമീപനം കഷ്ടതകളുടെ തീവ്രത കുറയ്ക്കാൻ സഹായകമാകും. ഈ സമീപനം ജീവിതാവസ്ഥ കൂടുതൽ ഗുണകരമാക്കും. വികസിത രാജ്യങ്ങളിൽ 100 കിടക്കകൾ ഉള്ള ആശുപത്രികളിൽ സാന്ത്വന ചികിത്സയ്ക്കുള്ള സൗകര്യം കൂടി ഏർപ്പെടുത്താറുണ്ട്. സാന്ത്വന ശുശ്രൂഷ പ്രദാനം ചെയ്യുന്ന മേന്മകൾ എന്തൊക്കെ എന്ന് പരിശോധിക്കാം.

വേദന, ശ്വാസോച്ഛ്വാസത്തിനുള്ള പ്രയാസം, ഛർദ്ദി എന്നിവയ്ക്ക് ശമനം വരുത്തി ജീവാവസ്ഥ സുഗമവും മരണം സ്വാഭാവിക പ്രക്രിയയുമാക്കുന്നു. സാന്ത്വന ചികിത്സ മരണം ത്വരിതപ്പെടുത്താനോ, നീട്ടിവയ്ക്കാനോ ലക്ഷ്യമിടുന്നില്ല. രോഗിയുടെ മാനസികവും ആത്മീയവുമായ അവസ്ഥകളെ സമന്വയിപ്പിച്ച് പ്രശാന്തത കൈവരുത്തുന്നു. കഴിയുന്നത്ര സജീവമാകാനുള്ള പ്രചോദനം നൽകുന്നതോടൊപ്പം കുടുംബാംഗങ്ങളെ അതിന് പ്രേരിപ്പിക്കുകയും ചെയ്യുന്നു. സാന്ത്വന ശുശ്രൂഷ കടുത്ത വ്യാധികളുടെ തുടക്കത്തിലോ, കീമോതെറാപ്പി, റേഡിയേഷൻ തെറാപ്പി എന്നിവയ്ക്ക് ഒപ്പമോ വേണമെങ്കിലും നടത്താൻ കഴിയും.

കേരളത്തിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി പാലിയേറ്റിവ് കെയർ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാലയങ്ങളിലും ഈ സന്ദേശം എത്തിക്കാൻ കഴിഞ്ഞു. എൻ.ആർ.എച്ച്.എം. ബോധവൽക്കരണ പരിപാടികളിൽ ഒരു ലക്ഷത്തോളം ആളുകൾ പങ്കെടുത്തു എന്നത് ആശാവഹമാണ്. കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റിവ് മെഡിസിൻ പ്രവർത്തിക്കുന്നതും മലപ്പുറം ജില്ലയിലെ പരിരക്ഷ ഹോം കെയർ പ്രോഗ്രാമിനുള്ള അവരുടെ സാങ്കേതിക സഹായവും ഏറെ പ്രചോദനം പകരുന്നു. സാന്ത്വനത്തിലൂടെ പരിരക്ഷ എന്നത് ഒരു സാമൂഹിക മുദ്രയായി നമുക്ക് സ്വീകരിക്കാം.■






**സാന്ത്വനത്തിലൂടെ പരിരക്ഷ എന്നത് ഒരു സാമൂഹിക മുദ്രയായി നമുക്ക് സ്വീകരിക്കാം**

**രോഗികളുടെ വേദനയും കഷ്ടപ്പാടും ശമിപ്പിക്കുന്നതിനുള്ള സാന്ത്വന ചികിൽസാ പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സുപ്രധാനമായ പങ്ക് വഹിക്കാൻ കഴിയും. നാട്ടിലെ ഓരോ പൗരനുമായും നിരന്തരബന്ധം പുലർത്താൻ കഴിയുക തദ്ദേശ സ്ഥാപനങ്ങൾക്കും ജനപ്രതിനിധികൾക്കുമാണ്. നമ്മുടെ പഞ്ചായത്തുകൾ മുഖേന നടപ്പാക്കുന്ന ആശ്രയ പദ്ധതി സാന്ത്വന ചികിത്സയ്ക്ക് കൂടി പ്രാധാന്യം നൽകുന്ന ഒന്നാണ്. ഏതാനും പഞ്ചായത്തുകളിൽകൂടി ഇനി ആശ്രയ പദ്ധതി നടപ്പാക്കാനുണ്ട്. നടപ്പാക്കിയ പഞ്ചായത്തുകൾ രണ്ടാം ഘട്ടത്തിലേക്ക് കടക്കുകയാണ്. പഞ്ചായത്തുകൾ അവയുടെ ഉത്തരവാദിത്തവും പ്രതിബദ്ധതയും നിറവേറ്റാൻ മുന്നോട്ടുവരണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.**

ഡോ. സി. പ്രദീപ്

# കേരളത്തിലെ വിവിധ ജനവിഭാഗങ്ങളുടെ കുടുംബ സൗകര്യങ്ങൾ

## – ഒരു താരതമ്യ പഠനം

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ജീവിതസൗകര്യങ്ങൾ ഉറപ്പാക്കേണ്ടത് കേന്ദ്ര, സംസ്ഥാന, തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ ഉത്തരവാദിത്വമാണ്. കഴിഞ്ഞ പതിനൊന്ന് പഞ്ചവത്സരപദ്ധതി പ്രവർത്തനത്തിലൂടെ നേടിയ കുടുംബ സൗകര്യങ്ങൾ വിലയിരുത്തേണ്ടത് പുതിയ ദിശാബോധം രൂപപ്പെടുത്തുന്നതിന് അത്യന്താപേക്ഷിതമാണ്. കേരളത്തിലെ ജനങ്ങളുടെ കുടുംബ സൗകര്യങ്ങളെക്കുറിച്ചും പ്രത്യേകിച്ചും പട്ടികജാതി, പട്ടികവർഗ്ഗ കുടുംബസൗകര്യങ്ങളെക്കുറിച്ചും 2011 സെൻസസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു താരതമ്യപഠനം നടത്തുകയാണ് ഇവിടെ. കുടുംബങ്ങളുടെ എണ്ണം, മുറികളുടെ എണ്ണം, കുടിവെള്ള ലഭ്യത, കക്കൂസുകളുടെ ലഭ്യത, വൈദ്യുതി ലഭ്യത, ടെലിഫോൺ, ടെലിവിഷൻ തുടങ്ങിയ കുടുംബ സൗകര്യങ്ങളെക്കുറിച്ച് പഠിക്കുക, കേരള ശരാശരിയുമായി പട്ടികജാതി, പട്ടികവർഗ്ഗ കുടുംബ സൗകര്യങ്ങൾ താരതമ്യം ചെയ്യുക, കഴിഞ്ഞ പത്ത് വർഷത്തെ പ്രവർത്തന പുരോഗതി വിലയിരുത്തുക തുടങ്ങിയവയാണ് ഈ പഠനത്തിന്റെ ലക്ഷ്യങ്ങൾ. പഠനത്തിനായി 2011 സെൻസസ് റിപ്പോർട്ടാണ് പ്രയോജനപ്പെടുത്തിയിരിക്കുന്നത്.




### കേരളത്തിൽ അതിവേഗ നഗരവൽക്കരണം

കേരളത്തിൽ അതിവേഗം നഗരവൽക്കരണം നടന്നുകൊണ്ടിരിക്കുകയാണ്. 2001 –ൽ 74.9 ശതമാനം കുടുംബങ്ങൾ ഗ്രാമങ്ങളിലായിരുന്നത് 2011–ൽ 53 ശതമാനമായി കുറഞ്ഞു. അതുപോലെ തന്നെ 25 ശതമാനം മാത്രമായിരുന്ന നഗരവാസികളായ കുടുംബങ്ങളുടെ ശതമാനം 46.9 ശതമാനമായി 2011–ൽ വർദ്ധിച്ചു. 2001–ൽ ആകെ 65,95,206 കുടുംബങ്ങളുണ്ടായിരുന്നത് 2011–ൽ 16.9 ശതമാനം വർദ്ധിച്ച് 77,16,370 കുടുംബങ്ങളായി.

**കേരളത്തിലെ കുടുംബങ്ങൾ**

| | 2001 | | 2011 | |
|---|---|---|---|---|
| | എണ്ണം | % | എണ്ണം | % |
| ഗ്രാമം | 49,42,550 | 74.9 | 40,95,674 | 53.0 |
| നഗരം | 16,52,656 | 25.0 | 36,20696 | 46.9 |
| ആകെ | 65,95,206 | 99.9 | 77,16,370 | 99.9 |

### വിവിധ ജനവിഭാഗങ്ങൾ–2011

കേരളത്തിൽ 2011 സെൻസസ് പ്രകാരം 77,16,370 കുടുംബങ്ങളാണുള്ളത്. ഇതിൽ 9.7 ശതമാനം (7,51,165) പട്ടികജാതി കുടുംബങ്ങളും 1.7 ശതമാനം (1,36,006) പട്ടികവർഗ്ഗ കുടുംബങ്ങളുമാണ്. ആകെ ജനസംഖ്യയുടെ 53 ശതമാനം കുടുംബങ്ങൾ ഗ്രാമത്തിൽ താമസിക്കുമ്പോൾ പട്ടികജാതി കുടുംബങ്ങളിൽ 60.5 ശതമാനവും പട്ടികവർഗ്ഗ കുടുംബങ്ങളിൽ 85 ശതമാനവും ഗ്രാമത്തിൽ താമസിക്കുന്നു. ഭൂരിപക്ഷം വരുന്ന പട്ടികവർഗ്ഗ കുടുംബങ്ങളും അതിവസിക്കുന്നത് ഗ്രാമപ്രദേശത്താണ്.

**കേരളത്തിലെ വിവിധ ജനവിഭാഗങ്ങൾ–2011**

| | ഗ്രാമം | | നഗരം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| കേരളം | 40,95,675 | 53.0 | 36,20,696 | 46.9 | 77,16,370 | 100 |
| പട്ടികജാതി | 4,54,729 | 60.5 | 2,96,436 | 39.4 | 7,51.165 | 9.7 |
| പട്ടികവർഗ്ഗം | 1,15,630 | 85 | 20,376 | 14.9 | 1,36,006 | 1.7 |

### കക്കൂസിന്റെ ലഭ്യത

കേരളത്തിൽ സ്വന്തമായി കക്കൂസ് ഇല്ലാത്തവരുടെ ശതമാനം 2001–ൽ 16 ശതമാനമായിരുന്നത് 2011–ൽ 4.8 ശതമാനമായി കുറഞ്ഞു. 2011–ലെ കക്കൂസ് ഇല്ലാത്തവരുടെ ദേശീയ ശരാശരി 53.1 ശതമാനമാണ്. ഗ്രാമപ്രദേശത്തെ കക്കൂസിന്റെ ഇല്ലായ്മ 2001–ലെ 18.7 ശതമാനത്തിൽ നിന്നും 6.8 ശതമാനമായി 2011–ൽ കുറഞ്ഞു. ഇക്കാലത്ത് നഗരപ്രദേശത്ത് 8 ശതമാനത്തിൽ നിന്നും 2.6 ശതമാനമായും കുറഞ്ഞു. കേരളത്തിലെ പട്ടികജാതി കുടുംബങ്ങളിലെ 86.3 ശതമാനം കുടുംബങ്ങളിലും പട്ടികവർഗ്ഗ കുടുംബങ്ങളിലെ 71.3 ശതമാനം കുടുംബങ്ങളിലും മാത്രമെ കക്കൂസ് സൗകര്യം ലഭ്യമായിട്ടുള്ളൂ. പട്ടികജാതി കുടുംബങ്ങളിലും പട്ടികവർഗ്ഗ കുടുംബങ്ങളിലും ഗ്രാമപ്രദേശത്തെ വീടുകളിലാണ് കക്കൂസിന്റെ അഭാവം കൂടുതൽ.

**കക്കൂസിന്റെ ലഭ്യത**

| | വീട് പരിസരത്ത് | വീട് പരിസരത്ത് ഇല്ല | പൊതു കക്കൂസ് | വെളി പ്രദേശം |
|---|---|---|---|---|
| കേരളം | 95.2 | 4.8 | 1 | 3.8 |
| പട്ടികജാതി | 86.3 | 9.7 | 2.1 | 7.6 |
| പട്ടികവർഗ്ഗം | 71.3 | 28.6 | 2.8 | 25.7 |

### വീട്ടിലെ മുറികളുടെ എണ്ണം

കേരളത്തിൽ മൂന്നു മുറികളുള്ള വീടുകളുടെ ശതമാനമാണ് കൂടുതൽ. എന്നാൽ പട്ടികജാതി–പട്ടികവർഗ കുടുംബങ്ങളുടെ വീടുകളിൽ കൂടുതലും രണ്ടു മുറികളുള്ള വീടുകളാണ്.

**വീട്ടിലെ മുറികളുടെ എണ്ണം**

| മുറികൾ | കേരളം | പട്ടികജാതി | പട്ടികവർഗ്ഗം |
|---|---|---|---|
| പ്രത്യേക മുറി ഇല്ല | 1.1 | 1.9 | 3.1 |
| ഒരു മുറി | 7.3 | 14.3 | 18.4 |
| രണ്ടുമുറി | 25.1 | 39.7 | 35.3 |
| മൂന്നുമുറി | 32.2 | 30.2 | 26.6 |
| നാലു മുറി | 20.6 | 10.3 | 11.3 |
| അഞ്ചുമുറി | 7.9 | 2.3 | 3.3 |
| ആറും അതിലധികം മുറി | 5.8 | 1.0 | 1.7 |

### വീടിന്റെ മേൽക്കൂര

ദേശീയതലത്തിൽ 29 ശതമാനം കുടുംബങ്ങൾ കോൺക്രീറ്റ് കൂരയുള്ള വീട്ടിൽ താമസമുള്ളപ്പോൾ കേരളത്തിൽ ഇത് 48 ശതമാനമാണ്. പട്ടികജാതി കുടുംബങ്ങളിലെ കൂടുതൽ ശതമാനം വീടുകൾ (40.6) യന്ത്രനിർമ്മിത ഓട് ഉപയോഗിച്ച് നിർമ്മിച്ചവയാണ്. പട്ടികവർഗ്ഗ കുടുംബങ്ങളും കൂടുതലായി ഉപയോഗിക്കുന്നത് യന്ത്രനിർമ്മിത ഓടുകൾ കൊണ്ട് നിർമ്മിച്ച വീടുകളാണ്. 13,000ത്തിലധികം പട്ടികവർഗ്ഗ കുടുംബങ്ങൾ ഇപ്പോഴും താമസിക്കുന്നത് പരമ്പരാഗത രീതിയായ പുല്ല് കൊണ്ട് നിർമ്മിച്ച വീടുകളിലാണ്.

**വീടിന്റെ മേൽക്കൂര**

| | പുല്ല് | പ്ലാസ്റ്റിക് | കൈ നിർമ്മിത ഓട് | യന്ത്ര നിർമ്മിത ഓട് | ഇഷ്ടിക | കല്ല് | ഷീറ്റ് | കോൺക്രീറ്റ് | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|
| കേരളം | 2.7 | 0.7 | 3.5 | 34.8 | 0.3 | 0.8 | 9.0 | 48.0 | 0.2 |
| പട്ടികജാതി | 6.3 | 1.6 | 4.3 | 40.6 | 0.3 | 0.9 | 13.5 | 31.7 | 0.2 |
| പട്ടികവർഗ്ഗം | 10.0 | 2.4 | 4.1 | 38.9 | 0.3 | 0.9 | 13.9 | 28.8 | 0.3 |

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെയും കേരളത്തിലെ പട്ടികജാതി–പട്ടികവർഗ്ഗ കുടുംബങ്ങളിലെയും കുടുംബ സൗകര്യങ്ങൾ വളരെ മെച്ചപ്പെട്ടതാണ്. കഴിഞ്ഞ പതിനൊന്ന് പഞ്ചവൽസരപദ്ധതി പ്രവർത്തനത്തിലൂടെ കുടുംബ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ കേരളം വളരെയേറെ വിജയിച്ചിട്ടുണ്ട്. എങ്കിലും കേരളത്തിലെ വിവിധ ജനവിഭാഗങ്ങൾ തമ്മിലും നഗര ഗ്രാമപ്രദേശങ്ങൾ തമ്മിലും വിവിധ സാമ്പത്തിക ശേഷിയുടെ അടിസ്ഥാനത്തിലും പ്രകടമായ അന്തരം നിലനില്ക്കുന്നുണ്ട്. ഇത് പരിഹരിക്കേണ്ടതുണ്ട്.



### കിണർ പ്രധാന കുടിവെള്ള സ്രോതസ്

കേരളത്തിലെ എല്ലാവിഭാഗം ജനങ്ങളുടെയും പ്രധാന കുടിവെള്ള സ്രോതസ് തുറന്ന കിണറാണ്. ശുദ്ധീകരിച്ച പൈപ്പ് വെള്ളത്തിന്റെ ലഭ്യത കൂടുതൽ പട്ടികജാതികുടുംബങ്ങൾക്കാണ്. ഇന്ത്യയിൽ 46.6 ശതമാനം ജനങ്ങൾക്ക് വാസസ്ഥലത്തുതന്നെ കുടിവെള്ള ലഭ്യത ഉണ്ടായിരുന്നപ്പോൾ കേരളത്തിലത് 77.7 ശതമാനമാണ്. പട്ടികവർഗ്ഗ കുടുംബങ്ങളിൽ 44.2 ശതമാനത്തിന് വീട്ട് പരിസരത്തും 30.3 ശതമാനത്തിന് പരിസരത്തിന് അടുത്തും 25.3 ശതമാനത്തിന് വീടിന്റെ വളരെ അകലെയുമാണ് കുടിവെള്ള ലഭ്യത. 60.3 ശതമാനം പട്ടികജാതി കുടുംബങ്ങൾക്ക് വീടിന്റെ പരിസരത്തുതന്നെ കുടിവെള്ളം ലഭ്യമാകുമ്പോൾ 24.6 ശതമാനത്തിന് പരിസരത്തിന് അടുത്ത് ജലം ലഭ്യമാകുന്നു. 1,12,663 പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ളം വളരെ അകലെയാണ് ലഭ്യമാകുന്നത്.

**കുടിവെള്ള സ്രോതസുകൾ**

| സ്രോതസ് | കേരളം | പട്ടികജാതി | പട്ടികവർഗ്ഗം |
|---|---|---|---|
| ശുദ്ധീകരിച്ച പൈപ്പ്വെള്ളം | 23.4 | 29.2 | 16.3 |
| ശുദ്ധീകരിക്കാത്ത പൈപ്പ് വെള്ളം | 6.0 | 6.9 | 8.3 |
| മൂടിയ കിണർ | 14.6 | 9.9 | 6.1 |
| തുറന്ന കിണർ | 47.4 | 44.4 | 43.9 |
| ഹാൻഡ് പമ്പ് | 4.2 | 0.6 | 0.3 |

### പാചക ഇന്ധനം

ദേശീയ തലത്തിൽ പാചകത്തിനായി വിറകിനെ 49 ശതമാനം കുടുംബങ്ങൾ ആശ്രയിക്കുമ്പോൾ കേരളത്തിൽ വിറകിനെ ആശ്രയിക്കുന്നവർ 61.9 ശതമാനമാണ്. കേരളത്തിൽ വിളവിന്റെ അവശിഷ്ടവും ചാണകവറളിയും പാചക ഇന്ധനമായി ഉപയോഗിക്കുന്നവരുടെ ശതമാനം വളരെ കുറവാണ്. വിറകിനെ ആശ്രയിക്കുന്നവരുടെ കേരള ശരാശരി 61.9 ശതമാനമായപ്പോൾ പട്ടികജാതിക്കാരിൽ 82.4 ശതമാനവും പട്ടികവർഗ്ഗക്കാരിൽ 87.6 ശതമാനവും വിറകിനെയാണ് ആശ്രയിക്കുന്നത്. കേരളത്തിൽ 35.8 ശതമാനം കുടുംബങ്ങൾ എൽ.പി.ജിയെ ആശ്രയിക്കുമ്പോൾ പട്ടികജാതിക്കാരിൽ 15.2 ശതമാനവും പട്ടികവർഗ്ഗക്കാരിൽ 10.2 ശതമാനവും മാത്രമാണ് എൽ.പി.ജിയെ ആശ്രയിക്കുന്നത്. എല്ലാവിഭാഗം ജനങ്ങളിലും ബയോഗ്യാസ് പോലുള്ള പാരമ്പര്യേതര ഊർജ്ജസ്രോതസുകളെ പ്രയോജനപ്പെടുത്തേണ്ട ആവശ്യകത സംജാതമായിരിക്കുകയാണ്.

**പാചക ഇന്ധന സ്രോതസ്**

| | വിറക് | വിളവിന്റെ അവശിഷ്ടം | ചാണക വറളി | കൽക്കരി | മണ്ണെണ്ണ | എൽ.പി.ജി | വൈദ്യുതി | ബയോഗ്യാസ് | മറ്റുളളവ | പാചകമില്ല |
|---|---|---|---|---|---|---|---|---|---|---|
| കേരളം | 61.9 | 0.8 | 0.1 | 0.1 | 0.4 | 35.8 | 0 | 0.6 | 0 | 0.3 |
| പട്ടികജാതി | 82.4 | 1.1 | 0. | 0 | 0.3 | 15.2 | 0 | 0.2 | 0 | 0.2 |
| പട്ടികവർഗ്ഗം | 87.6 | 1.1 | 0 | 0 | 0 | 10.2 | 0 | 0 | 0 | 0.3 |

### ബാങ്കിംഗ് സൗകര്യം

ഇന്ത്യയിലെ 58.7 ശതമാനം കുടുംബങ്ങൾ ബാങ്കിംഗ് സേവനങ്ങൾ പ്രയോജനപ്പെടുത്തുമ്പോൾ കേരളത്തിലെ 74.2 ശതമാനം കുടുംബങ്ങൾ ബാങ്കിംഗ് സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. എന്നാൽ 60.1 ശതമാനം പട്ടികജാതി കുടുംബങ്ങളും 54.7 ശതമാനം പട്ടികവർഗ്ഗ കുടുംബങ്ങളും മാത്രമാണ് ബാങ്കിംഗ് സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നത്. സർക്കാറിൽ നിന്നുള്ള വിവിധ ആനുകൂല്യങ്ങളും സഹായങ്ങളും കാലതാമസമില്ലാതെ നേരിട്ട് പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിൽ എത്തണമെങ്കിൽ ബാങ്കിംഗ് മേഖലയുടെ സേവനങ്ങൾ വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

| | വിഭാഗം | ശതമാനം |
|---|---|---|
| ബാങ്കിംഗ് സൗകര്യം | കേരളം | 74.2 |
| | പട്ടികജാതി | 60.1 |
| | പട്ടികവർഗ്ഗം | 54.7 |



### വൈദ്യുതീകരണത്തിൽ വമ്പിച്ച മുന്നേറ്റം

ദേശീയ ശരാശരിയേക്കാൾ 27 ശതമാനത്തോളം ഉയർന്നതാണ് വൈദ്യുതീകരണത്തിൽ കേരളത്തിന്റെ ശരാശരി. വൈദ്യുതീകരണത്തിൽ വമ്പിച്ച മുന്നേറ്റമാണ് കേരളത്തിന് കഴിഞ്ഞ പത്ത് വർഷമായി നേടുവാൻ കഴിഞ്ഞത്. 2001-ൽ കേരളത്തിലെ 70.2 ശതമാനം വീടുകളിൽ വൈദ്യുതി ലഭ്യമായിരുന്നെങ്കിൽ 2011-ൽ അത് 94.4 ശതമാനമായി ഉയർന്നു. പട്ടികജാതി കുടുംബങ്ങളിലെ 86.3 ശതമാനം വീടുകളിലും പട്ടികവർഗ്ഗ കുടുംബങ്ങളിലെ 62.7 ശതമാനം വീടുകളിലും വൈദ്യുതിയെയാണ് വെളിച്ചത്തിനായി ആശ്രയിക്കുന്നത്. 34.5 ശതമാനം പട്ടികവർഗ്ഗകുടുംബങ്ങൾ ഇപ്പോഴും മണ്ണെണ്ണയെ ആശ്രയിക്കുന്നു. ഗ്രാമപ്രദേശത്തുള്ള പട്ടികവർഗ്ഗ കുടുംബങ്ങളിലെ 57.8 ശതമാനത്തിനുമാത്രമെ വൈദ്യുതി ലഭ്യമായിട്ടുള്ളൂ.

**വെളിച്ചത്തിന്റെ സ്രോതസുകൾ**

| | വൈദ്യുതി | മണ്ണെണ്ണ | മറ്റ് മാർഗ്ഗങ്ങൾ |
|---|---|---|---|
| കേരളം | 94.4 | 5.2 | 0.3 |
| പട്ടികജാതി | 86.3 | 13.1 | 0.1 |
| പട്ടികവർഗ്ഗം | 62.7 | 34.5 | 2.2 |

### വാഹന സൗകര്യം

വാഹനങ്ങളുടെ ലഭ്യത കുടുംബങ്ങളുടെ സാമ്പത്തികസ്ഥിതിയേയും റോഡ് സൗകര്യത്തേയും ആശ്രയിച്ചിരിക്കുന്നു. കഴിഞ്ഞ ദശകത്തിൽ സൈക്കിളിന്റെ ലഭ്യതയുടെ വർദ്ധനവ് നാമമാത്രമായിരുന്നപ്പോൾ സ്കൂട്ടറിന്റെയും കാറിന്റെയും ലഭ്യതയുടെ വർദ്ധനവ് ഇരട്ടിയിലധികമായിരുന്നു. 2001 – 2011 കാലഘട്ടത്തിൽ സൈക്കിളിന്റെ ലഭ്യതയുടെ ശതമാനം 18.5 ശതമാനത്തിൽ നിന്നും 20.4 ശതമാനമായും സ്കൂട്ടറിന്റെ ലഭ്യത 10-ൽ നിന്നും 24.1 ശതമാനമായും കാറിന്റെ ലഭ്യത 4 ശതമാനത്തിൽ നിന്നും 10.2 ശതമാനമായും വർദ്ധിച്ചു. കേരളത്തിലെ സ്കൂട്ടർ ലഭ്യതയുടെ ശരാശരി 24.1 ശതമാനമായിരുന്നപ്പോൾ പട്ടികജാതി കുടുംബങ്ങളിൽ 10.6 ശതമാനത്തിനും പട്ടികവർഗ്ഗ കുടുംബങ്ങളിൽ 7.6 ശതമാനത്തിനും മാത്രമേ സ്വന്തമായി സ്കൂട്ടർ ഉള്ളൂ. കാറിന്റെ കാര്യത്തിൽ കേരള ശരാശരി 10.2 ശതമാനമായിരുന്നപ്പോൾ പട്ടികജാതി കുടുംബങ്ങൾക്ക് 2.3 ശതമാനത്തിനും പട്ടികവർഗ്ഗ കുടുംബങ്ങളിൽ 3 ശതമാനത്തിനും സ്വന്തമായി കാർ ഉണ്ട്.

**വാഹന സൗകര്യം**

| | സൈക്കിൾ | സ്കൂട്ടർ | കാർ/ജീപ്പ് |
|---|---|---|---|
| കേരളം | 20.4 | 24.1 | 10.2 |
| പട്ടികജാതി | 15.4 | 10.6 | 2.3 |
| പട്ടികവർഗ്ഗം | 7.3 | 7.6 | 3.0 |

### റേഡിയോയും ടെലിവിഷനും

പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് റേഡിയോ സൗകര്യം കൂടുതലുള്ളത്. ടെലിവിഷൻ സൗകര്യത്തിന്റെ കാര്യത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ പിന്നിലാണ്.

| | റേഡിയോ | ടെലിവിഷൻ |
|---|---|---|
| കേരളം | 29.7 | 76.8 |
| പട്ടികജാതി | 22.8 | 61.7 |
| പട്ടികവർഗ്ഗം | 29.9 | 39.5 |

### കമ്പ്യൂട്ടർ – ഇന്റർനെറ്റ് സൗകര്യങ്ങൾ

കേരളത്തിലെ 15.7 ശതമാനം കുടുംബങ്ങൾക്ക് കമ്പ്യൂട്ടർ ഉള്ളപ്പോൾ പട്ടികജാതി കുടുംബങ്ങളിലെ 7.9 ശതമാനത്തിനും പട്ടികവർഗ്ഗ കുടുംബങ്ങളിലെ 7.6 ശതമാനത്തിനുമാണ് കമ്പ്യൂട്ടർ സൗകര്യം നിലവിലുള്ളത്. ഇന്റർനെറ്റ് സൗകര്യത്തിന്റെ കാര്യത്തിലും പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ പിന്നിലാണ്.

| | കമ്പ്യൂട്ടർ | ഇന്റർനെറ്റ് |
|---|---|---|
| കേരളം | 15.7 | 3.1 |
| പട്ടികജാതി | 7.9 | 1.9 |
| പട്ടികവർഗ്ഗം | 7.6 | 1.9 |





### തദ്ദേശ, സംസ്ഥാന, കേന്ദ്ര സർക്കാറുകൾ പ്രാധാന്യം കൊടുക്കേണ്ട മേഖലകൾ

1. കേരളത്തിൽ നഗരവൽക്കരണം കൂടിവരുന്നതുകൊണ്ട് പഞ്ചായത്തുകളിലും മാലിന്യ പ്രശ്നംപോലുള്ള നഗരപ്രദേശ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.
2. പാചകത്തിനായി വിറകിനെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനായി പാരമ്പര്യതര ഊർജ്ജ സ്രോതസുകൾ കൂടുതലായി പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.
3. സർക്കാർ സഹായം കുടുംബങ്ങളിലേക്ക് നേരിട്ട് എത്തിക്കണമെങ്കിൽ ബാങ്കിംഗ് സൗകര്യം കൂടുതൽ വിപുലപ്പെടുത്തണം.
4. പട്ടികവർഗ്ഗ കുടുംബങ്ങളുടെ കക്കൂസ് സൗകര്യം വർദ്ധിപ്പിക്കണം.
5. കുടുംബ സൗകര്യങ്ങളിൽ നഗര – ഗ്രാമ വ്യത്യാസം വളരെ കൂടുതലാണ്. ഇത് കുറയ്ക്കുന്നതിനായി ഗ്രാമപ്രദേശത്തും പട്ടണപ്രദേശത്തെ സൗകര്യങ്ങൾ ലഭ്യമാക്കണം.
6. വിവിധ ജനവിഭാഗങ്ങൾ തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ഇന്ത്യയെ പോലുള്ള ഒരു ജനാധിപത്യ രാജ്യത്തിന് അത്യന്താപേക്ഷിതമാണ്.
7. കുടുംബ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കൂടുതൽ പ്രവർത്തനങ്ങൾ കേന്ദ്ര-സംസ്ഥാന-തദ്ദേശ സ്വയംഭരണ സർക്കാറുകൾ നടപ്പിലാക്കേണ്ടതുണ്ട്.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെയും കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളിലെയും കുടുംബ സൗകര്യങ്ങൾ വളരെ മെച്ചപ്പെട്ടതാണ്. കഴിഞ്ഞ പതിനൊന്ന് പഞ്ചവൽസരപദ്ധതി പ്രവർത്തനത്തിലൂടെ കുടുംബ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ കേരളം വളരെയേറെ വിജയിച്ചിട്ടുണ്ട്. എങ്കിലും കേരളത്തിലെ വിവിധ ജനവിഭാഗങ്ങൾ തമ്മിലും, നഗര ഗ്രാമപ്രദേശങ്ങൾ തമ്മിലും വിവിധ സാമ്പത്തിക ശേഷിയുടെ അടിസ്ഥാനത്തിലും പ്രകടമായ അന്തരം നിലനില്ക്കുന്നുണ്ട്. ഇത് പരിഹരിക്കേണ്ടതുണ്ട്.■

*ലേഖകൻ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിൽ, ഡാക്സെൽ ഡെപ്യൂട്ടി ഡയറക്ടറാണ്*
*dacgift@gmail.com*



# സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം കുട്ടികളുടെ അവകാശ നിയമം - 2009

## Right of Children to Free and Compulsory Education Act (RTE)-2009

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം 6 വയസ്സിനും 14 വയസ്സിനും ഇടയ്ക്കുള്ള എല്ലാ കുട്ടികൾക്കും നേടാനുള്ള കേന്ദ്രവിദ്യാഭ്യാസ അവകാശനിയമം (RTE Act 2009) 2009 ഓഗസ്റ്റ് 26-ന് നിലവിൽ വന്നു. ഇതിനെ തുടർന്ന് 01-04-2010 മുതൽ കേന്ദ്രനിയമാവലിയും (RTE Rules 2010) പ്രാബല്യത്തിൽ വന്നു. 6 മുതൽ 14 വയസുവരെ പ്രായമുള്ള എല്ലാവർക്കും സമീപപ്രദേശത്തുള്ള വിദ്യാഭ്യാസ സ്ഥാപനത്തിൽ എട്ടാം ക്ലാസുവരെയുള്ള പ്രാഥമിക വിദ്യാഭ്യാസം സൗജന്യമായി ഈ നിയമം ഉറപ്പുനൽകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ നിർണ്ണായക പങ്കു വഹിക്കാനുണ്ട്. ജനനം മുതൽ 14 വയസ്സു വരെയുള്ള എല്ലാ കുട്ടികളുടെയും കണക്കെടുപ്പും അവരുടെ വിദ്യാഭ്യാസവും ഉറപ്പു വരുത്തുക, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള വിദ്യാഭ്യാസം 18 വയസ്സുവരെ ഉറപ്പു വരുത്തുക, സ്കൂളുകൾക്ക് ആവശ്യമുള്ള ഭൗതികസൗകര്യങ്ങളും പഠനസൗകര്യങ്ങളും ഉറപ്പു വരുത്തുക, സ്കൂളുകൾ ലഭ്യമല്ലാതുള്ള പ്രദേശങ്ങളിലെ കുട്ടികൾക്ക് സ്കൂളിലേക്കുള്ള വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയവയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട പ്രധാന ചുമതലകൾ. പ്രസ്തുത നിയമം നടപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് സംസ്ഥാനം ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (The Kerala Right of Children to Free and Compulsory Education Rules 2011).



നിയമത്തിലെ പ്രധാന വ്യവസ്ഥകൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

**അധ്യായം - 1**

**പ്രാരംഭം**

സെക്ഷൻ 1 - നിയമത്തിന്റെ പേര്, പരിധി, പ്രാബല്യം എന്നിവയുൾപ്പെടുന്നു.

സെക്ഷൻ 2 - നിർവ്വചനങ്ങൾ.

**അധ്യായം - 2**

**സെക്ഷൻ 3 - സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം**

3(1) 6 വയസ്സു മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും ഒരു സമീപത്തുള്ള വിദ്യാലയത്തിൽ (neighbourhood school) എലിമെന്ററി വിദ്യാഭ്യാസം (I to VIII) പൂർത്തിയാക്കുന്നതുവരെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശമുണ്ട്.

3(2) ഇതിനുവേണ്ടി ഒരു കുട്ടിയും ഏതെങ്കിലും തരത്തിൽ പണമോ ഫീസോ നൽകേണ്ടതില്ല.

വ്യത്യസ്ത കഴിവുകളുള്ള കുട്ടികൾക്കും (ശാരീരിക മാനസിക വെല്ലുവിളികൾ അനുഭവിക്കുന്നവർ)പഠിക്കാനുള്ള അവകാശമുണ്ട്.

**സെക്ഷൻ 4**

ആറ് വയസ്സിന് മുകളിലുള്ള ഒരു കുട്ടി ഒരു സ്കൂളിൽ പ്രവേശിക്കപ്പെട്ടില്ലെങ്കിലും എലിമെന്ററി വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിലും അവനെ/അവളെ വയസ്സിനനുസരിച്ചുള്ള ക്ലാസിൽ പ്രവേശിപ്പിക്കുന്നതാണ്.

അവർക്ക് മറ്റുള്ള കുട്ടികൾക്കൊപ്പമെത്താൻ പ്രത്യേക പരിശീലനം ലഭിക്കാനുള്ള അവകാശമുണ്ടായിരിക്കും.

അവർക്ക് 14 വയസ്സു കഴിഞ്ഞാലും സ്കൂളിൽത്തന്നെ തുടർന്ന് എലിമെന്ററി വിദ്യാഭ്യാസം പൂർത്തിയാക്കുവാനുള്ള അവകാശമുണ്ട്.

**സെക്ഷൻ 5**

5(1) ഒരു സ്കൂളിൽ എലിമെന്ററി വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ അവസരമില്ലാതെ വരുമ്പോൾ മറ്റേതെങ്കിലും സ്കൂളിലേക്ക് മാറ്റത്തിനുള്ള അവകാശമുണ്ട്.

5(2) ഏതെങ്കിലും കാരണത്താൽ ഒരു സ്കൂളിൽ നിന്നും മറ്റൊന്നിലേക്കോ ഒരു സംസ്ഥാനത്തു നിന്നും മറ്റൊന്നിലേക്കോ മാറേണ്ടതായി വരുമ്പോൾ, ഹെഡ് ടീച്ചറിൽ നിന്നും റ്റി.സി. ലഭിക്കുവാനുള്ള അവകാശമുണ്ട്.

5(3) ഇപ്രകാരം മറ്റൊരു സ്കൂളിലേക്ക് മാറ്റേണ്ടിവരുമ്പോൾ ഉടനടി റ്റി.സി. നല്കണം. റ്റി.സി. ലഭിക്കുവാനുള്ള കാലതാമസം, പ്രവേശനം നിഷേധിക്കുന്നതിനോ, വൈകിക്കുന്നതിനോ ഉള്ള ഉപാധിയല്ല.

എന്നാൽ അൺ എയിഡഡ്/കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള പ്രത്യേക വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ പ്രവേശനം അവകാശമായിരിക്കില്ല.

**അധ്യായം - 3**

**ബന്ധപ്പെട്ട സർക്കാർ, പ്രാദേശിക ഭരണകൂടം, രക്ഷിതാക്കൾ എന്നിവരുടെ കടമകൾ**

**സെക്ഷൻ 6**

ഈ നിയമം നിലവിൽ വന്ന് മൂന്നു വർഷത്തിനകം സമീപത്ത് സ്കൂൾ ഇല്ലെങ്കിൽ ബന്ധപ്പെട്ട സർക്കാരോ, പ്രാദേശിക ഭരണകൂടമോ മൂന്നു വർഷത്തിനകം സ്കൂൾ സ്ഥാപിക്കണം.

**സെക്ഷൻ 7**

കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ഈ നിയമം നടപ്പാക്കുന്നതിനുള്ള സമ്പത്ത് ക്രമീകരിക്കുന്നതിന് കൂട്ടുത്തരവാദിത്വം ഉണ്ടായിരിക്കും.




**കേന്ദ്ര സർക്കാരിന്റെ കടമകൾ**

7.6 (a) അക്കാദമിക അതോറിറ്റിയുടെ സഹായത്തോടെ ദേശീയ കരിക്കുലം ചട്ടക്കൂടുണ്ടാക്കുക.

(b) അധ്യാപക പരിശീലനത്തിന് സ്റ്റാൻഡേർഡ് നിശ്ചയിച്ച് നടപ്പിൽ വരുത്തുക.

(c)ഗവേഷണത്തിനും ആസൂത്രണത്തിനും ശാക്തീകരണത്തിനും നൂതനമാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കുവാനും, സാങ്കേതികവും ധനപരവുമായ സഹായം സംസ്ഥാന ഗവൺമെന്റിന് നൽകുക.

**ബന്ധപ്പെട്ട സർക്കാരിന്റെ കടമകൾ**

**സെക്ഷൻ 8**

(a) എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ എലിമെന്ററി വിദ്യാഭ്യാസം നല്കുക. ബന്ധപ്പെട്ട ഗവൺമെന്റ്/പ്രാദേശിക ഭരണകൂടത്തിന്റെ ഉടമസ്ഥതയിലോ നേരിട്ടോ അല്ലാതെയോ ഉള്ള നിയന്ത്രണത്തിലോ അല്ലാത്ത ഏതെങ്കിലും സ്കൂളിൽ കുട്ടിയെ രക്ഷിതാവിന്റെ താല്പര്യപ്രകാരം പ്രവേശിപ്പിച്ചാൽ അതിനുള്ള ചെലവ് ആവശ്യപ്പെടാൻ കുട്ടിക്കോ രക്ഷിതാവിനോ കഴിയില്ല.

(b) എല്ലാ അയൽപക്കത്തും (neighbourhood) വിദ്യാലയങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കുക.

(c) ദുർബ്ബല വിഭാഗങ്ങളിൽ (Weaker sections) പ്പെട്ട കുട്ടികളും അവശവിഭാഗങ്ങളിൽ (Disadvantaged groups) പ്പെട്ട കുട്ടികളും യാതൊരുവിധത്തിലുമുള്ള വിവേചനത്തിനും വിധേയമാവുന്നില്ലായെന്ന് ഉറപ്പിക്കുക.

(d) ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, അദ്ധ്യാപകർ, പഠനസഹായകവസ്തുക്കൾ എന്നിവ ലഭ്യമാക്കുക

(e) അദ്ധ്യാപകർക്ക് സെക്ഷൻ 4 ൽ പറയുന്ന പ്രത്യേക പരിശീലന സൗകര്യങ്ങൾ നൽകുക.

(f) ഓരോ കുട്ടിയുടെയും അഡ്മിഷൻ, ഹാജർ, എലിമെന്ററി വിദ്യാഭ്യാസ പൂർത്തീകരണം എന്നിവ ഉറപ്പാക്കുക.

(g) ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥയ്ക്കും നിലവാരത്തിനും യോജിച്ച തരത്തിൽ ഗുണമേന്മയുള്ള എലിമെന്ററി വിദ്യാഭ്യാസം ഉറപ്പിക്കുക.

(h) സമയത്തിനുതന്നെ കരിക്കുലവും പഠനക്രമവും നിർദ്ദേശിക്കുക.

(i) അദ്ധ്യാപകർക്ക് പരിശീലന സൗകര്യം നൽകുക.

**സെക്ഷൻ 9**

**പ്രാദേശിക ഭരണകൂടത്തിന്റെ കടമകൾ**

(a) ഓരോ കുട്ടിക്കും സൗജന്യവും നിർബന്ധിതവുമായ എലിമെന്ററി വിദ്യാഭ്യാസം നൽകുക.

(b) അയൽപക്ക സ്കൂൾ ഉണ്ടെന്നു ഉറപ്പാക്കുക.

(c) എലിമെന്ററി വിദ്യാഭ്യാസം പൂർത്തിയാക്കാനാവാത്ത വിധം ദുർബ്ബല വിഭാഗങ്ങളിലെയും അവശവിഭാഗങ്ങളിലെയും കുട്ടികൾ ഒരു വിധത്തിലും എലിമെന്ററി വിദ്യാഭ്യാസം നേടുന്നതിനും പൂർത്തിയാക്കുന്നതിനും വിവേചനം അനുഭവിക്കുന്നില്ലായെന്നുറപ്പാക്കുക.

(d) അധികാരപരിധിയിൽ ഉള്ള സ്ഥലത്തെ 14 വയസ്സുവരെയുള്ള കുട്ടികളുടെ റെക്കോർഡുകൾ പരിപാലിക്കുക .

(e) അധികാരപരിധിയിലുള്ള കുട്ടികളുടെ പ്രവേശനം, തുടർപഠനം, പഠന പൂർത്തീകരണം എന്നിവ ഉറപ്പാക്കുക, മോണിറ്റർ ചെയ്യുക.

(f) സ്കൂൾ കെട്ടിടമടക്കമുള്ള അടിസ്ഥാനസൗകര്യങ്ങൾ, അധ്യാപകർ, പഠനസാമഗ്രി ഇവ ലഭ്യമാക്കുക.

(g) പ്രായക്കൂടുതലുള്ള കുട്ടികൾ പ്രവേശിക്കപ്പെട്ടാൽ




അവർക്ക് പ്രത്യേക പരിശീലനം നൽകുക.

(h) ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന നിലവാരമനുസരിച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.

(i) ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന കരിക്കുലവും പഠനക്രമവും യഥാസമയം നിർദ്ദേശാനുസരണം നടപ്പിൽ വരുന്നുണ്ടെന്നുറപ്പാക്കുക.

(j) അധ്യാപകർക്ക് പരിശീലന സൗകര്യം ഒരുക്കുക.

(k) ഇടയ്ക്കിടെ മാറിത്താമസിക്കുന്ന(migrant families)വരുടെ കുട്ടികളുടെ പ്രവേശനം ഉറപ്പാക്കുക.

(l) അധികാര പരിധിയിലുള്ള സ്കൂളുകളുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക.

(m) അക്കാദമിക കലണ്ടർ നിശ്ചയിക്കുക

**സെക്ഷൻ 10**

തന്റെ കുട്ടിയെ അയൽപക്കത്തുള്ള വിദ്യാലയത്തിൽ പ്രവേശിപ്പിക്കേണ്ടത് ഏതൊരു രക്ഷിതാവിന്റെയും കടമയാണ്.

**സെക്ഷൻ 11**

എലിമെന്ററി വിദ്യാഭ്യാസത്തിന് തയ്യാറാക്കത്തക്കവിധം മൂന്നുവയസ്സിനുമുകളിലുള്ള കുട്ടികൾക്ക് ആറു വയസ്സ് പൂർത്തിയാക്കുന്നതുവരെ ആവശ്യമായ ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും നൽകുന്നതിന് വേണ്ട ക്രമീകരണം ചെയ്യുകയെന്നത് ബന്ധപ്പെട്ട സർക്കാരുകളുടെ ചുമതലയാണ്.

**അധ്യായം – 4**

**സ്കൂളുകളുടെയും അദ്ധ്യാപകരുടെയും കടമകൾ**

**സെക്ഷൻ 12**

(a) ഗവ/ഗവ. അംഗീകൃത വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുന്ന കുട്ടികൾക്കെല്ലാം സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകണം.

(b) ഗവൺമെന്റിൽ നിന്നും എയ്ഡ്/ഗ്രാന്റ് ലഭിക്കുന്ന വിദ്യാലയങ്ങൾ അതിന്റെയനുപാതമനുസരിച്ച് 25% കുറയാതെ കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകണം.

(c) പ്രത്യേകയിനം വിദ്യാലയങ്ങളിലും (specified category) ഗവണ്മെന്റിൽ നിന്നും എയിഡോ ഗ്രാന്റോ കിട്ടാത്ത വിദ്യാലയങ്ങളിലും ഒന്നാം ക്ലാസ്സിന്റെ 25% വരെ ദുർബ്ബലവിഭാഗങ്ങളിലേയും അവശവിഭാഗങ്ങളിലെയും കുട്ടികളെ പ്രവേശിപ്പിക്കണം.

ആ സ്കൂളിൽ പ്രീസ്കൂളുണ്ടെങ്കിൽ അതിന് ഈ നിബന്ധന ബാധകമായിരിക്കും.

**സെക്ഷൻ 13**

(1) പ്രവേശന വേളയിൽ ഒരു തരത്തിലുമുള്ള ക്യാപ്പിറ്റേഷൻ ഫീസും വാങ്ങാൻ പാടില്ല. കുട്ടികളുടെ പ്രവേശനത്തിന് ഒരുതരത്തിലുമുള്ള സ്ക്രീനിംഗും പാടില്ല.

(2) (a) ഈ വ്യവസ്ഥ ലംഘിച്ച് ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്നയാളെ ആ തുകയുടെ പത്തിരട്ടി വരെയുള്ള പിഴയീടാക്കാൻ ശിക്ഷിക്കാം.

(b) ഒരു കുട്ടിയെ സ്ക്രീനിംഗിന് വിധേയമാക്കിയാൽ ആദ്യ ലംഘനത്തിന് ഇരുപത്തയ്യായിരം രൂപാവരെ പിഴയീടാക്കുകയും തുടർന്നുള്ള ഓരോ ലംഘനത്തിനും അമ്പതിനായിരം രൂപാവീതം പിഴ ഈടാക്കുകയും ചെയ്യും.

**സെക്ഷൻ 14**

ജനന സർട്ടിഫിക്കറ്റിന്റെയടിസ്ഥാനത്തിലായിരിക്കും പ്രവേശനത്തിനുള്ള പ്രായം നിർണ്ണയിക്കുന്നത്. ജനന സർട്ടിഫിക്കറ്റില്ലായെന്ന കാരണത്താൽ പ്രവേശനം നിഷേധിക്കുന്നതല്ല.

**സെക്ഷൻ 15**

കുട്ടികൾ അക്കാദമിക വർഷത്തിന്റെ ആരംഭത്തിലോ അധികമനുവദിക്കുന്ന സമയത്തോ പ്രവേശനം നേടണം. ഇതു മൂലം മറ്റേതെങ്കിലും അവസരത്തിൽ പ്രവേശനം നിഷേധിക്കുവാൻ പാടില്ല.

**സെക്ഷൻ 16**

എലിമെന്ററി വിദ്യാഭ്യാസം പൂർത്തിയാക്കുന്നതുവരെ ഒരു കുട്ടിയെയും ഒരു ക്ലാസിലും തോല്പിക്കുവാനോ (hold back) പുറത്താക്കുവാനോ പാടില്ല.

**സെക്ഷൻ 17**

(1) ഒരു കുട്ടിയെയും ശാരീരികമായി ശിക്ഷിക്കുവാനോ മാനസികമായി വേദനിപ്പിക്കുവാനോ പാടില്ല.

(2) ഇത് ലംഘിക്കുന്നയാൾ സർവ്വീസ് റൂൾ അനുസരിച്ച് അച്ചടക്കനടപടിക്ക് വിധേയനാവുന്നതാണ്.

**സെക്ഷൻ 18**

(1) സർക്കാർ അംഗീകൃത സ്കൂൾ ഒഴികെ ഒരു സ്കൂളും ഈ നിയമം നടപ്പിൽ വന്നതിനുശേഷം ബന്ധപ്പെട്ട അതോറിറ്റിക്ക് നൽകുന്ന നിർദ്ദിഷ്ട അപേക്ഷയിന്മേലുള്ള നടപടിയനുസരിച്ച് അംഗീകാര സർട്ടിഫിക്കറ്റ് കിട്ടാതെ സ്ഥാപിക്കുവാനോ പ്രവർത്തിക്കുവാനോ പാടില്ല.

(2) ഇത്തരത്തിലുള്ള വിദ്യാലയങ്ങൾക്ക് നിർദ്ദിഷ്ട ഫോറത്തിലും നിശ്ചിത സമയത്തും വ്യവസ്ഥകൾക്കനുസരിച്ച് ബന്ധപ്പെട്ട അതോറിറ്റി അംഗീകാരസർട്ടിഫിക്കറ്റ് നൽകുന്നതാണ്.

(3) ഈ വ്യവസ്ഥകൾ ലംഘിച്ചാൽ ബന്ധപ്പെട്ട അതോറിറ്റി എഴുതി നൽകുന്ന ഉത്തരവുവഴി അംഗീകാരം പിൻവലിക്കും.

ഈ ഉത്തരവിൽത്തന്നെ അംഗീകാരം നഷ്ടപ്പെടുന്ന സ്കൂളിലെ കുട്ടികളെ ഏത് അയൽപക്കവിദ്യാലയത്തിലാണ് പ്രവേശിപ്പിക്കേണ്ടതെന്ന നിർദ്ദേശം ഉൾപ്പെടുന്നതാണ്.

**സെക്ഷൻ 19**

(1) പ്രത്യേക ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളും നിലവാരവും പാലിക്കാതെ സെക്ഷൻ 18 പ്രകാരം ഒരു സ്കൂളും സ്ഥാപിക്കുകയോ അംഗീകരിക്കുകയോ ചെയ്യുന്നതല്ല.

(2) നിയമം നടപ്പിൽ വന്നതിനുമുമ്പു തുടങ്ങിയ സ്കൂൾ നിർദ്ദിഷ്ട വ്യവസ്ഥകളും നിലവാരവും പാലിക്കുന്നില്ലായെങ്കിൽ സ്വന്തം ചെലവിൽ മൂന്നു വർഷത്തിനകം അവ പാലിക്കണം.

(3) അങ്ങനെ പാലിക്കുന്നില്ലെങ്കിൽ അവയുടെ അംഗീകാരം പിൻവലിക്കുന്നതാണ്.

(4) അംഗീകാരം പിൻവലിക്കുന്ന തീയതി മുതൽ അത്തരം വിദ്യാലയം പ്രവർത്തിക്കാൻ പാടില്ല.

(5) ഏതെങ്കിലും വ്യക്തി അംഗീകാരസർട്ടിഫിക്കറ്റില്ലാതെ സ്കൂൾ സ്ഥാപിക്കുകയോ നടത്തുകയോ അംഗീകാരം പിൻവലിച്ചശേഷം തുടർന്ന് പ്രവർത്തിക്കുകയോ ചെയ്താൽ ഒരു ലക്ഷം രൂപാവരെ പിഴയീടാക്കും, തുടർന്നും ലംഘിച്ചാൽ ലംഘനവേളയിലെ ഓരോ ദിവസവും പതിനായിരം രൂപാ എന്ന കണക്കിൽ പിഴയീടാക്കുന്നതാണ്.

**സെക്ഷൻ 20**

ഷെഡ്യൂളിലെ വ്യവസ്ഥകളും നിലവാരവും ഭേദഗതി ചെയ്തുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാം.

**സെക്ഷൻ 21**

(1) അൺ എയിഡഡ് സ്കൂളും പ്രത്യേക വിദ്യാലയങ്ങളുമൊഴികെ എല്ലാ സ്കൂളുകൾക്കും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കണം. അതിൽ പ്രാദേശിക ഭരണകൂടം, രക്ഷിതാക്കൾ, അധ്യാപകർ എന്നിവരുടെ പ്രതിനിധികൾ ഉണ്ടായിരിക്കും.

നാലിൽ മൂന്നംഗങ്ങൾ രക്ഷിതാക്കളായിരിക്കും. ആനുപാതികമായി ദുർബ്ബല വിഭാഗങ്ങളുടെയും അവശവിഭാഗങ്ങളുടെയും പ്രതിനിധികൾ ഉണ്ടായിരിക്കും.

അമ്പത് ശതമാനം അംഗങ്ങൾ വനിതകളായിരിക്കും.

(2) സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ ചുമതലകൾ

(a) സ്കൂൾ പ്രവർത്തനം മോണിറ്റർ ചെയ്യുക.

(b) സ്കൂൾ ഡവലപ്മെന്റ് പ്ലാൻ തയ്യാറാക്കുക.

(c) നിർദ്ദിഷ്ട ഗവ/തദ്ദേശഭരണകൂടം എന്നിവയിൽ നിന്നും ലഭിക്കുന്ന ധനസഹായത്തിന്റെ വിനിയോഗം മോണിറ്റർ ചെയ്യുക

(d) മറ്റു നിർദ്ദിഷ്ട പ്രവർത്തനങ്ങൾ നടപ്പാക്കുക.

**സെക്ഷൻ 22**

(1) ഓരോ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയും, നിർദ്ദേശിക്കപ്പെടുന്ന വ്യവസ്ഥയ്ക്കനുസരിച്ച് സ്കൂൾ വികസന പദ്ധതിയുണ്ടാക്കും.

(2) ഇപ്രകാരം തയ്യാറാക്കുന്ന സ്കൂൾ വികസന പദ്ധതിക്കനുസരിച്ചായിരിക്കും ബന്ധപ്പെട്ട ഗവ/തദ്ദേശഭരണകൂടം എന്നിവയുടെ പദ്ധതിയും ധനസഹായവും.

**സെക്ഷൻ 23**

(1) കേന്ദ്ര ഗവൺമെന്റ് അധികാരപ്പെടുത്തുന്ന 'അക്കാദമിക അതോറിറ്റി' നിശ്ചയിക്കുന്ന മിനിമം യോഗ്യതയുള്ളവരെ അധ്യാപകരായി നിയമിക്കുന്നതാണ്.

(2) ആവശ്യത്തിന് യോഗ്യതയുള്ളവർ ഇല്ലെങ്കിൽ കേന്ദ്രഗവൺമെന്റ്, നിയമനത്തിനുള്ള യോഗ്യത നോട്ടിഫിക്കേഷൻ വഴി ഭേദഗതി ചെയ്യും. ഇത് അഞ്ച് വർഷംവരെ മാത്രമായിരിക്കും. നിയമം നടപ്പിൽ വരുമ്പോൾ ഒരധ്യാപകന് നിർദ്ദിഷ്ട മിനിമം യോഗ്യതയില്ലെങ്കിൽ അത് അഞ്ച് വർഷത്തിനുള്ളിൽ ആർജ്ജിക്കണം.

(3) ശമ്പളവും അലവൻസും സർവ്വീസിന്റെ നിർദ്ദിഷ്ട വ്യവസ്ഥയനുസരിച്ചായിരിക്കും.

**സെക്ഷൻ 24**

**അധ്യാപകന്റെ കടമകൾ**

(a) സ്കൂളിലെ പ്രവർത്തനങ്ങളിൽ കൃത്യതയും സമയനിഷ്ഠയും പാലിക്കുക.

(b) സെക്ഷൻ 29(2)ലെ വ്യവസ്ഥകൾക്കനുസരിച്ച് പാഠ്യപദ്ധതി നടപ്പിലാക്കുകയും പൂർത്തിയാക്കുകയും ചെയ്യുക.

(c) നിശ്ചിത സമയത്തിനുള്ളിൽ പാഠ്യപദ്ധതി മുഴുവനും പൂർത്തീകരിക്കുക.

(d) ഓരോ കുട്ടിയുടെയും പഠനശേഷി വിലയിരുത്തുകയും അതനുസരിച്ച് അധികപഠനസഹായം നൽകുകയും ചെയ്യുക.

(e) മാതാപിതാക്കളുമായി നിരന്തരമായി ബന്ധപ്പെട്ട് കുട്ടികളുടെ ഹാജർ, പഠനശേഷി, പഠനപുരോഗതി എന്നിവയും കുട്ടിയെ സംബന്ധിച്ച് പ്രസക്തമെന്ന് തോന്നുന്ന ഏതെങ്കിലും വിവരമുണ്ടെങ്കിൽ അതും അവരുമായി പങ്കുവെയ്ക്കുക.



(f) ഇതുപോലുള്ള മറ്റു നിർദ്ദിഷ്ട കടമകൾ നിർവ്വഹിക്കുക.

**സെക്ഷൻ 25**

(1) നിയമം നിലവിൽ വന്ന് ആറുമാസത്തിനകം ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന അദ്ധ്യാപക – വിദ്യാർത്ഥി അനുപാതം ബന്ധപ്പെട്ട സർക്കാർ ഉറപ്പുവരുത്തണം.

(2) സ്കൂളിൽ നിയമിതരായ അധ്യാപകരെ മറ്റു സ്കൂളിലോ ഓഫീസിലോ സെക്ഷൻ 27ൽ പറഞ്ഞിരിക്കുന്നതൊഴികെയുള്ള ഒരു വിദ്യാഭ്യാസസംബന്ധമല്ലാത്ത ജോലിക്കും നിയോഗിക്കാൻ പാടില്ല.

**സെക്ഷൻ 26**

ബന്ധപ്പെട്ട ഗവ/പ്രാദേശിക സർക്കാർ തങ്ങളുടെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ളതും സാമ്പത്തികസഹായം നൽകുന്നതുമായ ഒരു വിദ്യാലയത്തിലും ആകെയുള്ളതിന്റെ പത്ത് ശതമാനത്തിൽ കൂടുതലായി വേക്കൻസി നിലനിൽക്കുന്നില്ലായെന്നും ഉറപ്പാക്കണം.

**സെക്ഷൻ 27**

അദ്ധ്യാപകരെ പത്തുവർഷത്തിലൊരിക്കലുള്ള ജനസംഖ്യാ സെൻസസ്, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, പ്രാദേശിക, സംസ്ഥാന, പാർലമെന്റ് തെരഞ്ഞെടുപ്പുകൾ എന്നിവയൊഴികെ ഒരു വിദ്യാഭ്യാസേതര പ്രവർത്തനങ്ങളിലും നിയോഗിക്കരുത്.

**സെക്ഷൻ 28**

ഒരു അദ്ധ്യാപകനും പ്രൈവറ്റ് ട്യൂഷനോ സ്വകാര്യ പഠിപ്പിക്കലോ നടത്താൻ പാടില്ല.

**അദ്ധ്യായം – 5**

**സെക്ഷൻ 29**

(1) ബന്ധപ്പെട്ട ഗവണ്മെന്റ് ചുമതലപ്പെടുത്തുന്ന അക്കാദമിക അതോറിറ്റി, കരിക്കുലം, മൂല്യനിർണ്ണയരീതി ഇവ രൂപപ്പെടുത്തണം.

(2) അക്കാദമിക അതോറിറ്റി ഇവ രൂപപ്പെടുത്തുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കണം.

(a) ഭരണഘടനാ മൂല്യങ്ങൾ.

(b) കുട്ടിയുടെ സർവ്വതോമുഖ വികാസം.

(ശേഷം പേജ് 33)



ഡോ. ജെ.ബി. രാജൻ

# പരിഷ്ക്കരിച്ച ആസൂത്രണ മാർഗ്ഗരേഖയും സബ്സിഡി മാനദണ്ഡങ്ങളും

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിരുന്നുവല്ലോ. (സ.ഉ.(എം.എസ്.) നം. 168/12/ത.സ്വ.ഭ.വ, തീയതി: 15/06/2012). ആസൂത്രണ മാർഗ്ഗരേഖ സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷർ, സെക്രട്ടറിമാർ, സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷർ, വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികൾ, പ്ലാൻ കോർഡിനേറ്റർമാർ എന്നിവർക്ക് സംസ്ഥാന വ്യാപകമായി കില പരിശീലനം സംഘടിപ്പിച്ചു. പരിശീലനത്തിൽ ഉന്നയിക്കപ്പെട്ട സംശയങ്ങളുടെയും നിർദ്ദേശങ്ങളുടെയും പശ്ചാത്തലത്തിൽ ആവശ്യമായ ഭേദഗതികളോടുകൂടി പരിഷ്ക്കരിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ. (എം.എസ്.) നം. 225/12 ത.സ്വ.ഭ.വ. തീയതി: 18/08/2012). പ്രധാനമായും മേഖലാ വകയിരുത്തൽ, പ്ലാൻ കോർഡിനേറ്ററെ നിശ്ചയിക്കൽ, വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ, ഗ്രാമകേന്ദ്രങ്ങൾ, പ്രോജക്ട് തയ്യാറാക്കൽ, ബഹുവർഷ പ്രോജക്ട്, സാങ്കേതികാനുമതി, ടെക്നിക്കൽ അപ്പലേറ്റ് കമ്മിറ്റി, പദ്ധതി അംഗീകാരം, അസൂത്രണ- മോണിറ്ററിംഗ് ചെലവുകൾ എന്നീ കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തുന്ന തരത്തിൽ വരുത്തിയിട്ടുള്ള ഭേദഗതികളാണ് പരിഷ്ക്കരിച്ച മാർഗ്ഗരേഖയിൽ. മുഖ്യമായ ഭേദഗതികളിലേക്ക് വെളിച്ചം വീശുകയാണ് ഈ ലേഖനം.

**മേഖലാ വകയിരുത്തൽ**

പശ്ചാത്തലമേഖലയ്ക്കായുള്ള പരമാവധി വകയിരുത്തൽ വികസനഫണ്ടിന്റെ നിശ്ചിത ശതമാനം (ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ-45, ജില്ലാപഞ്ചായത്തുകൾ-50, മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനും-55) എന്നത് പൊതുവിഭാഗം ഫണ്ടിന്റേതായി ഭേദഗതി ചെയ്തിട്ടുണ്ട്. അതായത് വികസന ഫണ്ടിൽ നിന്നും പ്രത്യേക ഘടക പദ്ധതി (SCP), പട്ടികവർഗ്ഗ ഉപപദ്ധതി (TSP), ലോകബാങ്ക് സഹായം, പ്രത്യേക ഗ്രാന്റ് എന്നിവ ഒഴികെയുള്ള തുകയുടെ ശതമാനമാണ് കണക്കാക്കുക.

എസ്.സി.പി., ടി.എസ്.പി. എന്നിവയിൽ കുടുംബ കേന്ദ്രീകൃത സമീപനത്തിൽ ഓരോ കുടുംബത്തിന്റെയും സാമൂഹിക-സാമ്പത്തിക വികസനത്തിനാണ് ഊന്നൽ നൽകേണ്ടതെന്ന് ആസൂത്രണ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിരുന്നു. അതിലേക്ക് എസ്.സി/എസ്.റ്റി. സമഗ്ര സർവ്വേയുടെ സ്ഥിതിവിവരകണക്കുകൾ അടിസ്ഥാനപ്പെടുത്തി ആയിരിക്കണം ആസൂത്രണം നിർവ്വഹിക്കേണ്ടതെന്ന് പരിഷ്ക്കരിച്ച മാർഗ്ഗരേഖയിൽ പ്രത്യേകം പ്രതിപാദിക്കുന്നു. പ്രസ്തുത സർവ്വേയിൽ ലഭ്യമായ സ്ഥിതിവിവരകണക്കുകളുടെ വിശകലനത്തിലൂടെ കുടുംബങ്ങളുടെ ഇല്ലായ്മ (Deprivation) നിലവാരം കണക്കാക്കി അവ പരിഹരിക്കുന്നതിന് പര്യാപ്തമായ പ്രോജക്ടുകൾ ആവിഷ്ക്കരിക്കണമെന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

**പ്ലാൻ കോർഡിനേറ്റർ**

പ്ലാൻ കോർഡിനേറ്ററെ നിയമിക്കുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൂടുതൽ സ്വാതന്ത്ര്യം നൽകികൊണ്ട് 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ആസൂത്രണത്തിൽ പ്രാവീണ്യമുള്ള ഒരു നിർവ്വഹണ ഉദ്യോഗസ്ഥനെ എന്നതിനുപകരം ഘടക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ യു.ഡി. സ്റ്റാറ്റസിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയോ, നിർവ്വഹണ ഉദ്യോഗസ്ഥനെയോ എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥനല്ലാത്ത എന്നാൽ ആസൂത്രണത്തിൽ പ്രാവീണ്യവും താൽപര്യവുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയോ ഘടകസ്ഥാപനങ്ങളിലെയോ മറ്റ് ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കുവാൻ ഇത്തരത്തിൽ സാധ്യമാകും.

**വർക്കിംഗ് ഗ്രൂപ്പ്**

വർക്കിംഗ്ഗ്രൂപ്പ് വൈസ്ചെയർപേഴ്സണായി ഒരു ഉദ്യോഗസ്ഥനോ ജനപ്രതിനിധിയോ അല്ലാത്ത വിദഗ്ധനെ തെരഞ്ഞെടുക്കണമെന്ന ഭേദഗതി നിർദേശത്തിലൂടെ ഇതു സംബന്ധിച്ച അവ്യക്തത ദുരീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം വർക്കിംഗ്ഗ്രൂപ്പ് ഘടന സംബന്ധിച്ച പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശവും ഭേദഗതിയിൽ വരുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം ഓരോ വർക്കിംഗ് ഗ്രൂപ്പിനും പ്രത്യേകം ചെയർപേഴ്സനെ നിശ്ചയിക്കാൻ തക്കവണ്ണം അംഗങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇല്ലെങ്കിൽ ധനകാര്യം ഉൾപ്പെടെയുള്ള മറ്റു സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്നും ചെയർപേഴ്സൺ ആകാൻ ഒരംഗത്തെ തെരഞ്ഞെടുക്കാവുന്നതും എന്നിട്ടും തികയാതെ വന്നാൽ അതത് സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒരംഗത്തിന് ഒന്നിലധികം വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ ആകാവുന്ന തരത്തിൽ മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കുന്ന വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനാണെന്ന് അനുബന്ധം 15-ൽ കൊടുത്തിരുന്നത് ഭേദഗതി വരുത്തിയിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പ് ആയതിനാൽ അതിൽ നിന്നോ അതിൽ തികയാതെ വന്നാൽ മറ്റു സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്നോ ഉള്ള ജനപ്രതിനിധികളെയാണ് ചെയർപേഴ്സൺ ആക്കേണ്ടത്. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സനാകാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽ ചെയർപേഴ്സൺ ഉൾപ്പെടെ ആരും തന്നെ ഇല്ലെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപെട്ട ചെയർപേഴ്സൺ ഉൾപ്പെടെയുള്ള അംഗങ്ങളെയും പരിഗണിക്കുവാനുള്ള നിർദ്ദേശവും ഉൾച്ചേർത്തിട്ടുണ്ട്. പ്രാന്തവൽകൃതരായ പട്ടിക

> **പ്ലാൻ കോർഡിനേറ്ററെ നിയമിക്കുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൂടുതൽ സ്വാതന്ത്ര്യം നൽകികൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ആസൂത്രണത്തിൽ പ്രാവീണ്യമുള്ള ഒരു നിർവ്വഹണ ഉദ്യോഗസ്ഥനെ എന്നതിനുപകരം ഘടക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ യു.ഡി. സ്റ്റാറ്റസിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയോ, നിർവ്വഹണ ഉദ്യോഗസ്ഥനെയോ എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥനല്ലാത്ത എന്നാൽ ആസൂത്രണത്തിൽ പ്രാവീണ്യവും താൽപര്യവുമുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെയോ ഘടകസ്ഥാപനങ്ങളിലെയോ മറ്റ് ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കുവാൻ ഇത്തരത്തിൽ സാധ്യമാകും.**



**തൊഴിൽരഹിതർക്കുള്ള പരിശീലനങ്ങളിൽ പരിശീലനാർത്ഥികളുടെ പ്രായപരിധി 35ൽ നിന്ന് 40 ആയി ഭേദഗതി ചെയ്തിട്ടുണ്ട്. ഒപ്പം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ സർക്കാരിന്റെ മറ്റേതെങ്കിലും സ്കീം പ്രകാരമോ രജിസ്റ്റർ ചെയ്യണമെന്ന നിബന്ധനയും ഒഴിവാക്കിയിട്ടുണ്ട്. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുന്നതിന് സന്നദ്ധ പ്രവർത്തനം സ്വരൂപിക്കാൻ കഴിയാത്ത സാഹചര്യത്തിൽ യോഗ്യരായ പുറമേയുള്ള അദ്ധ്യാപകരുടെ സേവനത്തിന് വർഷത്തിൽ ഒരു ട്യൂഷൻ സെന്ററിന് 3000 രൂപ എന്ന പരിധിക്ക് വിധേയമായി വികസനഫണ്ട് ചെലവഴിക്കുന്നതിന് ഭേദഗതിയിൽ അനുമതി നൽകിയിട്ടുണ്ട്.**

ജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വർക്കിംഗ് ഗ്രൂപ്പിന് നേതൃത്വം നൽകേണ്ടത് പ്രസ്തുത വിഭാഗത്തിൽ നിന്നുള്ളവർ ആയിരിക്കണമെന്ന് സാരം. അനിവാര്യ സന്ദർഭങ്ങളിൽ പ്രസിഡന്റിന് ഏതൊരു വർക്കിംഗ് ഗ്രൂപ്പിന്റെയും ചെയർപേഴ്സൺ സ്ഥാനം വഹിക്കാവുന്ന ഭേദഗതി നിർദ്ദേശം ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെങ്കിലും ഉണ്ടായേക്കാവുന്ന പ്രക്രിയയിലെ തടസ്സങ്ങൾ ഒഴിവാക്കാൻ വേണ്ടിയാണ്.

### ഗ്രാമസഭകൾ/വാർഡ് സഭകൾ

ഗ്രാമസഭകൾ/വാർഡ് സഭകൾ, വികസന സെമിനാർ തുടങ്ങിയവയുടെ ഫോട്ടോഗ്രാഫുകൾ അതത് മിനിട്സ് ബുക്കുകളിൽ ഒന്നിച്ചു വയ്ക്കേണ്ടതാണെന്ന് ഭേദഗതി നിർദ്ദേശത്തിൽ നിഷ്ക്കർഷിക്കുന്നു. ഗ്രാമ കേന്ദ്രങ്ങളുടെ വാടക, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി പ്രതിവർഷം 50,000 രൂപ ഓരോ വാർഡിന് എന്ന് സ്പഷ്ടീകരണം നടത്തിയിട്ടുമുണ്ട്.

### ബഹുവർഷ പ്രോജക്ട്

ബഹുവർഷ പ്രോജക്ടിന്റെ കാര്യത്തിൽ എസ്റ്റിമേറ്റ് വിഭജിച്ചല്ലാതെ ഒരുമിച്ച് ടെണ്ടർ ചെയ്യാമെന്ന സ്പഷ്ടീകരണം വരുത്തിയിട്ടുണ്ട്. പുതിയതായി നിർമ്മിച്ച ടാറിട്ട റോഡുകളുടെ 5 വർഷത്തിനുള്ളിലുള്ള അറ്റകുറ്റപണികളുടെ ചെലവ് വഹിക്കുന്നതിനുള്ള ഉത്തരവാദിത്വം കോൺട്രാക്ടറിൽ നിക്ഷിപ്തമാണെന്നുള്ള മാർഗ്ഗരേഖാ നിബന്ധന ചില പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഒഴിവാക്കിയിട്ടുണ്ട്.

### സാങ്കേതികാനുമതി

എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരുടെ സാമ്പത്തിക അധികാരത്തിനു തുല്യമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർക്കും (നിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കണമെന്നില്ല) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള അധികാരം ഭേദഗതിയിലൂടെ നൽകുന്നുണ്ട്. എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകുന്ന ഉദ്യോഗസ്ഥന് 1.11.2007 ലെ സ.ഉ. (എം.എസ്.)/നം. 243/2007/ത.സ്വ.ഭ.വ. ഉത്തരവിൽ സാങ്കേതിക അനുമതി നൽകിയിരുന്ന സമിതികൾക്ക് (തൊട്ടടുത്ത മേലുദ്യോഗസ്ഥന്റെ) അധികാര പരിധിയിൽ വരുന്ന തുകയ്ക്കുള്ള സാങ്കേതിക അനുമതി നൽകാനുള്ള അധികാരവും ഭേദഗതിയിലൂടെ നൽകിയിട്ടുണ്ട്.

### പദ്ധതി അംഗീകാരവും ടെക്നിക്കൽ അപ്പലേറ്റ് കമ്മിറ്റിയും

ഡി.പി.സി. അംഗീകാരം നൽകേണ്ടത് വാർഷിക പദ്ധതി രേഖയാണെന്ന സ്പഷ്ടീകരണം വരുത്തിയിട്ടുണ്ട്. എന്നാൽ ഉത്തരവിൽ പറഞ്ഞിട്ടുള്ള അനിവാര്യ സന്ദർഭങ്ങളിൽ പ്രോജക്ട് ഭേദഗതി ചെയ്യേണ്ട സാഹചര്യം വന്നാൽ അങ്ങനെയുള്ള ഭേദഗതി പ്രോജക്ടുകൾക്ക് ഡി.പി.സി. യുടെ അംഗീകാരം വാങ്ങേണ്ടതുമാണ്. സാങ്കേതിക അനുമതി നൽകിയതിനെക്കുറിച്ചുള്ള പരാതികളിന്മേൽ തീർപ്പുകൽപ്പിക്കുവാൻ ജില്ലാതലത്തിലുള്ള ടെക്നിക്കൽ അപ്പലേറ്റ് കമ്മിറ്റിയിൽ ഡി.പി.സി. ചെയർപേഴ്സണെ അദ്ധ്യക്ഷനാക്കി ഭേദഗതി വരുത്തിയിട്ടുണ്ട്. നേരത്തെ ജില്ലാ കളക്ടറെയാണ് അദ്ധ്യക്ഷനായി നിർദ്ദേശിച്ചിരുന്നത്.





പഞ്ചായത്ത് രാജ്

### ആസൂത്രണ-മോണിറ്ററിംഗ് ചെലവുകൾ

ആസൂത്രണ-മോണിറ്ററിംഗ് ചെലവുകൾക്കായി വികസനഫണ്ടിന്റേയും മെയിന്റനൻസ് ഫണ്ടിന്റേയും 2 % വരെ തുക എന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത നിരക്കും പരിധിയും ഏർപ്പെടുത്തിയിട്ടുണ്ട്. പട്ടിക കാണുക.

### വിഷയ മേഖലാ നിർദ്ദേശങ്ങൾ

വിവിധ വിഷയ മേഖലകൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ മാർഗ്ഗരേഖയുടെ അനുബന്ധം 1ൽ കൊടുത്തിരുന്നു. അവയിൽ ശ്രദ്ധേയമായി വരുത്തിയിട്ടുള്ള ഭേദഗതികൾ തൊഴിൽ, ആരോഗ്യം, കുടിവെള്ളം, പാർപ്പിടം, സാമൂഹ്യ സുരക്ഷിതത്വം എന്നീ മേഖലകൾ സംബന്ധിച്ചുള്ളവയാണ്. തൊഴിൽരഹിതർക്കുള്ള പരിശീലനങ്ങളിൽ പരിശീലനാർത്ഥികളുടെ പ്രായപരിധി 35ൽ നിന്ന് 40 ആയി ഭേദഗതി ചെയ്തിട്ടുണ്ട്. ഒപ്പം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ സർക്കാരിന്റെ മറ്റേതെങ്കിലും സ്കീം പ്രകാരമോ രജിസ്റ്റർ ചെയ്യണമെന്ന നിബന്ധനയും ഒഴിവാക്കിയിട്ടുണ്ട്. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുന്നതിന് സന്നദ്ധ പ്രവർത്തനം സ്വരൂപിക്കാൻ കഴിയാത്ത സാഹചര്യത്തിൽ യോഗ്യരായ പുറമേയുള്ള അദ്ധ്യാപകരുടെ സേവനത്തിന് വർഷത്തിൽ ഒരു ട്യൂഷൻ സെന്ററിന് 3000 രൂപ എന്ന പരിധിക്ക് വിധേയമായി വികസനഫണ്ട് ചെലവഴിക്കുന്നതിന് ഭേദഗതിയിൽ അനുമതി നൽകിയിട്ടുണ്ട്.

സമീപപഞ്ചായത്തുകളിൽ നിന്നും വരുന്ന രോഗികൾ ഉള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിർദ്ധനരായ രോഗികളെ ഉൾപ്പെടുത്തി തയ്യാറാക്കുന്ന പ്രോജക്റ്റിൻ കീഴിൽ ആശുപത്രിയിൽ ലഭ്യമല്ലാതെ വരുന്ന മരുന്നുകൾ, സർക്കാർ/അർദ്ധസർക്കാർ/സർക്കാർ അംഗീകരിച്ച സ്ഥാപനങ്ങൾ, ഏജൻസികൾ ലഭ്യമല്ലെങ്കിൽ എന്നിവിടങ്ങളിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ (മെഡിക്കൽ ഓഫീസർ) ശുപാർശയുടെ അടിസ്ഥാനത്തിൽ അടുത്തുള്ള നീതി സ്റ്റോറിൽ നിന്നും മരുന്നുകൾ ലഭ്യമാക്കി ചെലവ് ബന്ധപ്പെട്ട നീതി സ്റ്റോറിന് നൽകാവുന്നതുമാണ്.

കുടിവെള്ള വിതരണ പ്രോജക്റ്റുകൾക്ക് 10% തുക ഗുണഭോക്തൃവിഹിതമായി വകയിരുത്തണമെന്ന നിബന്ധന ഭേദഗതിയിലൂടെ ഒഴിവാക്കിയിട്ടുണ്ട്. അംഗൻവാടികളുടെ പോഷകാഹാരവിതരണത്തിനായി ബ്ലോക്ക് പഞ്ചായത്തുകൾ തുക നൽകേണ്ടതില്ലായെന്നതിൽ ഭേദഗതി വരുത്തി ബ്ലോക്ക് പഞ്ചായത്തുകളും ഗ്രാമപഞ്ചായത്തുകളും 1:2 അനുപാതത്തിൽ വഹിക്കണമെന്ന് മാറ്റിയിട്ടുണ്ട്. ഭക്ഷണവിതരണ പരിപാടികളുടെ കാര്യത്തിൽ നിർധനരായ രോഗികൾക്ക് ആശുപത്രിയിൽ കഴിയുന്ന ദിനങ്ങളിൽ കുടുംബശ്രീ വഴി ഭക്ഷണം പാചകം ചെയ്ത് നൽകുന്നതിനുള്ള പ്രത്യേക നിർദ്ദേശം ഉൾചേർത്തിട്ടുണ്ട്. അതിന് വേണ്ടിവരുന്ന തുക ബന്ധപ്പെട്ട ആശുപത്രി അധികൃതരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീക്ക് കൊടുക്കാവുന്നതാണ്. ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് കുടുംബശ്രീ വഴി അനുപൂരക പോഷകാഹാരവും ഉച്ചഭക്ഷണവും പാചകം ചെയ്തും നൽകാവുന്നതാണ്. അതിന് സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകാവുന്നതാണ്.

പാർപ്പിടത്തിന്റെ കാര്യത്തിൽ നിശ്ചിത കാലയളവിനുശേഷം (വീട് നിർമ്മാണം 12 വർഷത്തിന് ശേഷവും വീട് റിപ്പയർ 6 വർഷത്തിനുശേഷവും) നൽകുന്ന ധനസഹായത്തിന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/സെക്രട്ടറി എന്നിവരിൽ നിന്നാണ് വാസയോഗ്യമായ വീടില്ല എന്ന സർട്ടിഫിക്കറ്റ് വാങ്ങേണ്ടത്.

സാമൂഹ്യ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ വിദ്യാഭ്യാസ പ്രായം കഴിഞ്ഞ മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളുടെ പകൽ പരിപാലനം, തൊഴിൽ പരിശീലനം എന്നിവയ്ക്കായി ബഡ്സ് സ്കൂളുകൾ ഇല്ലാത്ത എല്ലാ ഗ്രാമപഞ്ചായത്തിലും ബഡ്സ് പുനരധിവാസ കേന്ദ്രം ആരംഭിക്കണമെന്ന നിർദ്ദേശം കൂട്ടിച്ചേർത്തിട്ടുണ്ട്.

### പ്രത്യേക വിഭാഗങ്ങൾക്കുള്ള നിർദ്ദേശങ്ങൾ

പ്രത്യേക വിഭാഗങ്ങൾക്കുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖയുടെ അനുബന്ധം 2ൽ കൊടുത്തിരുന്നു. പ്രത്യേക ഘടക പദ്ധതിയിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾക്ക് പ്രയോജനം ലഭിക്കുന്ന കൃഷിഭൂമിയുടെ ഉടമസ്ഥരിൽ കുറഞ്ഞത് അഞ്ച് പേരെങ്കിലും പട്ടികജാതിക്കാരായിരിക്കണമെന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ട്.

### അഗതികൾക്ക് ആശ്രയ പ്രോജക്ട് തയ്യാറാക്കൽ

മാർഗ്ഗരേഖയുടെ അനുബന്ധം 14ൽ അഗതികൾക്ക് ആശ്രയ പ്രോജക്ട് തയ്യാറാക്കുന്ന നിർദ്ദേശങ്ങൾ കൊടുത്തിരുന്നു. അവയിൽ സാമൂഹ്യമായ ഒറ്റപ്പെടൽ പരിഹരിക്കുന്നതിനായി വസ്ത്രവിതരണം, തൊഴിൽ പരിശീലനം, തൊഴിലും പുന:രധിവാസവും തുടങ്ങിയവ സംബന്ധിച്ച നിർദ്ദേശങ്ങൾ പുതുതായി കൂട്ടിച്ചേർത്തിട്ടുണ്ട്. ചലഞ്ച് ഫണ്ടായി അനുവദിക്കുന്ന തുകയുടെ ഒരു ശതമാനം അത്യാവശ്യകാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി അക്കൗണ്ടിൽ റിസർവ്വ് ഫണ്ടായി സൂക്ഷിക്കണമെന്നും ഭേദഗതിയിൽ നിർദ്ദേശിക്കുന്നു. ആശ്രയ പദ്ധതിയുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ചെയർപേഴ്സണായി ഉപസമിതിയും ജില്ലാ ആസൂത്രണ സമിതിയുടെ കീഴിൽ ഒരു വിദഗ്ധ സമിതിയും രൂപീകരിക്കണമെന്ന നിർദ്ദേശവും ഉൾച്ചേർത്തിട്ടുണ്ട്.

**ആസൂത്രണ-മോണിറ്ററിംഗ് ചെലവുകൾ**

| തദ്ദേശ സ്വയംഭരണ സ്ഥാപനം | ഒന്നാം വർഷം (2012 -13) | |
|---|---|---|
| | പദ്ധതി രൂപീകരണം (ശതമാനം) | മോണിറ്ററിംഗ് |
| ഗ്രാമപഞ്ചായത്ത് | 2% (പരമാവധി 2 ലക്ഷം) | 1.5% (പരമാവധി 1 ലക്ഷം) |
| ബ്ലോക്ക് പഞ്ചായത്ത് | 1% (പരമാവധി 1.5 ലക്ഷം) | 1% (പരമാവധി 1 ലക്ഷം) |
| ജില്ലാപഞ്ചായത്ത് | 0.1% (പരമാവധി 2 ലക്ഷം) | 0.2% (പരമാവധി 3 ലക്ഷം) |
| മുനിസിപ്പാലിറ്റി | 1% (പരമാവധി 3 ലക്ഷം) | 0.5% (പരമാവധി 1 ലക്ഷം) |
| മുനിസിപ്പൽ കോർപ്പറേഷൻ 60 കോടിയിൽ താഴെ | 0.1% (പരമാവധി 5 ലക്ഷം) | 0.1% (പരമാവധി 3 ലക്ഷം) |
| മുനിസിപ്പൽ കോർപ്പറേഷൻ 60 കോടിയും അതിന് മുകളിലും | 0.1% (പരമാവധി 10 ലക്ഷം) | 0.05% (പരമാവധി 4 ലക്ഷം) |

# സബ്സിഡി മാർഗ്ഗരേഖ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയുടെ (സ.ഉ. (എം.എസ്.)168/12 ത.സ്വ.ഭ.വ, തീയതി 15/16/2012) ഖണ്ഡിക 10-ൽ സബ്സിഡി/ധനസഹായം സംബന്ധിച്ച മാർഗ്ഗരേഖ പ്രത്യേകമായി പുറപ്പെടുവിക്കുമെന്നും സബ്സിഡി മാർഗ്ഗരേഖ പൂർണ്ണമായും പാലിച്ചു എന്നുറപ്പു വരുത്തിയതിനു ശേഷമേ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രോജക്ടുകൾക്ക് അംഗീകാരം നൽകാൻ പാടുള്ളു എന്നും പറഞ്ഞിരുന്നു. പ്രസ്തുത ഉത്തരവിന്റെ തുടർച്ചയായി സബ്സിഡി മാനദണ്ഡങ്ങളും ബന്ധപ്പെട്ട വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. (സ.ഉ.(എം.എസ്.) നം: 229/2012 ത.സ്വ.ഭ.വ, തീയതി 28/08/2012). അതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന വിശദമായ പ്രോജക്ടുകളിൽ സബ്സിഡി/ധനസഹായം ബാധകമാണെങ്കിൽ അവ പ്രസ്തുത മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി നിരക്കുകളും പരിധിയും മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ സബ്സിഡി സംബന്ധിച്ച് വിവിധ കാലയളവിൽ ഇറങ്ങിയിട്ടുള്ള ഉത്തരവുകളിലെ കാര്യങ്ങൾകൂടി ഉൾചേർത്ത് കൊണ്ടും സബ്സിഡി നിരക്കുകളിൽ ഉചിതമായ പരിഷ്കാരം വരുത്തിയുമാണ് ഇപ്പോഴത്തെ സബ്സിഡി മാർഗ്ഗരേഖ തയ്യാറാക്കിയിരിക്കുന്നത്. കൂടാതെ അവ്യക്തത ഉണ്ടായിരുന്ന കാര്യങ്ങളിൽ കൂടുതൽ വ്യക്തതയും വരുത്തിയിട്ടുണ്ട്.

### സബ്സിഡി കൊണ്ടുദ്ദേശിക്കുന്നത്

- ഗുണഭോക്താക്കൾ മുതൽമുടക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് വ്യക്തിഗതമായി സബ്സിഡി നൽകുന്നത്.
- ഉത്പാദനമേഖലയിലെ വ്യക്തിഗത സബ്സിഡി, ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് പൂരകമായോ അനുപൂരകമായോ മുതൽമുടക്കാൻ ഗുണഭോക്താക്കളെ പ്രേരിപ്പിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമാണ്.
- ഗുണഭോക്താവിന്റെ സ്വന്തം ആവശ്യത്തിനുവേണ്ടി ഗുണഭോക്താവ് സ്വയം നടത്തുന്ന/നടത്തേണ്ട പ്രവർത്തനത്തിന്, പൊതു ധനത്തിൽ നിന്ന് (Public Fund) നൽകുന്ന സഹായമാണ്.
- സ്ഥാപനങ്ങൾക്ക് നൽകുന്ന ധനസഹായം പ്രാദേശികമായ ഉത്പാദന/തൊഴിൽ വർദ്ധനവ് സാധ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രോത്സാഹനമാണ്.
- എല്ലാ സബ്സിഡി പ്രോജക്ടുകളും ഗുണഭോക്തൃ വിഹിതമോ ഗുണഭോക്താക്കളുടെ പ്രവർത്തനമോ ഉറപ്പാക്കുന്ന സംയോജിത പരിപാടിയുടെ ഭാഗമായിരിക്കേണ്ടതാണ്.

### പൊതുനിബന്ധനകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സബ്സിഡിയിൽ/ധനസഹായത്തിൽ ചുവടെ പറയുന്ന പൊതുനിബന്ധനകൾ ബാധകമാണ്

- സബ്സിഡി സംബന്ധിച്ച് മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾ അതത് പ്രോജക്റ്റിൽ അർഹതാമാനദണ്ഡങ്ങളായി നിർബന്ധമായും ചേർക്കേണ്ടതാണ്.
- മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ, ഓരോ ഇനത്തിനും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.
- സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതും മാർഗ്ഗരേഖയിൽ പറഞ്ഞതിന് വിരുദ്ധമായി നൽകിയ സബ്സിഡി ഉത്തരവാദപ്പെട്ട വ്യക്തിയിൽ/വ്യക്തികളിൽ നിന്ന് ബാധകമായ നിയമവ്യവസ്ഥയ്ക്ക് വിധേയമായി ഈടാക്കുന്നതുമാണ്.
- ഒരിനത്തിന് മറ്റേതെങ്കിലും സർക്കാർ വകുപ്പിൽ നിന്നോ ഏജൻസിയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ സർക്കാർ ധനസഹായം ലഭിക്കുന്ന വ്യക്തിക്ക്/ഗ്രൂപ്പിന്/സ്ഥാപനത്തിന് അതേ ഇനത്തിന് മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡിക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.
- സ്ഥാവരമോ ജംഗമോ ആയ ആസ്തികൾക്ക്, മുൻ വർഷങ്ങളിൽ സർക്കാർ ധനസഹായമോ തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നുള്ള ധനസഹായമോ ലഭിച്ചിട്ടുള്ളവർ, സർക്കാർ/തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കുന്ന നിശ്ചിതകാലാവധിക്കുശേഷം മാത്രമേ അതേ ഇനങ്ങൾക്ക് വീണ്ടും സബ്സിഡി ലഭിക്കുന്നതിന് അർഹരാകുകയുള്ളൂ.

### സബ്സിഡി നിരക്കുകൾ/ മാനദണ്ഡങ്ങൾ

വ്യക്തികൾക്ക്/കുടുംബങ്ങൾക്ക്/ഗ്രൂപ്പുകൾക്ക് അനുവദനീയമായ ഏറ്റവും കൂടിയ സബ്സിഡി നിരക്ക്, തുക, മാനദണ്ഡങ്ങൾ എന്നിവ മേഖല തിരിച്ചും ഇനം തിരിച്ചും മാർഗ്ഗരേഖയിൽ കൊടുത്തിട്ടുണ്ട്. കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, മണ്ണ്-ജലസംരക്ഷണം, മത്സ്യബന്ധനം, കുടിവെള്ളം, വീട് (വീട് പുനരുദ്ധാരണം, വയറിംഗ്, സാനിറ്ററി എന്നിവയും), സ്വയം തൊഴിൽ സംരംഭങ്ങൾ, മണ്ണിര കമ്പോസ്റ്റ് (കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവയും) എന്നീ മേഖലകൾക്കുള്ള നിരക്കുകളും മാനദണ്ഡങ്ങളുമാണ് ഇനം തിരിച്ച് കൊടുത്തിരിക്കുന്നത്. സഹകരണ സംരംഭങ്ങൾക്ക് (ക്ഷീരം, മത്സ്യം, വ്യവസായം, കൈത്തറി, കയർ, ഖാദി, പട്ടികജാതി, പട്ടികവർഗ്ഗം, കർഷകർ എന്നിവ) ധനസഹായത്തിനുള്ള മാനദണ്ഡങ്ങളും ഇനം തിരിച്ച് മാർഗ്ഗരേഖയിൽ നൽകിയിട്ടുണ്ട്.

### ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് എ.പി.എൽ, ബി.പി.എൽ വേർതിരിവില്ലാതെ 100% സഹായം നൽകാനുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശം പ്രത്യേകം ശ്രദ്ധേയമാണ്. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, കേൾവിശക്തി കുറഞ്ഞവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, കാഴ്ച കുറഞ്ഞവർ എന്നിങ്ങനെ തരംതിരിച്ച് അവർക്ക് ആവശ്യമായ ഉപകരണങ്ങൾ/സാധനങ്ങൾ നൽകാൻ നിർദ്ദേശമുണ്ട്. ഓരോ വ്യക്തിക്കും പ്രത്യേക സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ ഓരോരുത്തരേയും പരിശോധിച്ച് ഓരോരുത്തർക്കും ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ച ശേഷമാണ് പ്രോജക്ട് തയ്യാറാക്കേണ്ടത്. ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രമേ ഇത്തരത്തിൽ പ്രോജക്ട് തയ്യാറാക്കാവു. അതിനായി ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി ബ്ലോക്കുതലത്തിലും നഗരഭരണ സ്ഥാപനങ്ങൾക്കുവേണ്ടി നഗരഭരണ സ്ഥാപനതലത്തിലോ അടുത്തടുത്തുള്ള രണ്ടോ മൂന്നോ നഗരഭരണ സ്ഥാപനങ്ങൾ ചേർന്നോ 'ഉപകരണ ആവശ്യകതാ നിർണ്ണയ ക്യാമ്പ്' നടത്തണം. ബ്ലോക്കുതല ക്യാമ്പിനു വേണ്ടി ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തും നഗരഭരണ സ്ഥാപനങ്ങളുടെ സംഗതിയിൽ അതാത് നഗരഭരണ സ്ഥാപനവും ക്യാമ്പിനുവേണ്ടിവരുന്ന ചെലവ് വഹിക്കണം. ക്യാമ്പിൽ പങ്കെടുക്കുന്ന വ്യക്തിക്കും ആവശ്യമെങ്കിൽ ഒരു സഹായിക്കും ഭക്ഷണ-യാത്രാ ചെലവുകൾക്കായി പരമാവധി 250 രൂപാ വീതം നൽകാവുന്നതാണ്. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് വൈകല്യം വ്യക്തമാക്കുന്ന കാർഡും സർട്ടിഫിക്കറ്റും സാമൂഹ്യസുരക്ഷാ മിഷൻ നൽകിയിട്ടുണ്ട്. 40% ലധികം വൈകല്യമുള്ള അങ്ങനെയുള്ളവരെയും കാർഡ് ലഭിക്കാത്ത അർഹരായവരുണ്ടെങ്കിൽ അവരെയുമാണ് ക്യാമ്പിലേക്ക് ക്ഷണിക്കേണ്ടത്. ഓർത്തോട്ടിക് എഞ്ചിനീയർ (Orthotic Engineer), പ്രോസ്തെറ്റിക് എഞ്ചിനീയർ (Prosthetic Engineer), ഓഡിയോളജിസ്റ്റ് (Audiologist), ഒാപ്തോമെട്രിസ്റ്റ് (Opthometrist) എന്നിവരടങ്ങുന്ന സംഘമാണ് പരിശോധന നടത്തേണ്ടത്. താലൂക്ക്/ജില്ലാ ആശുപത്രികളിൽ നിന്ന് ഈ വിദഗ്ധരെ ലഭിക്കുന്നതാണ്. ഡിസ്ട്രിക്ട് ഡിസേബിൾഡ് റിഹാബിലിറ്റേഷൻ സെന്റർ (DDRC), മെഡിക്കൽ കോളേജ്, സാമൂഹ്യസുരക്ഷാമിഷൻ എന്നിവയുടെ സഹായം ഈ ആവശ്യത്തിന് തേടാവുന്നതാണ്. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള പ്രതിമാസ/വാർഷിക ബത്ത സംബന്ധിച്ചും മാർഗ്ഗരേഖയിൽ പരാമർശിക്കുന്നുണ്ട്.

### പരിപാടികൾ

മൾബറി കൃഷിക്കും കൊക്കൂൺ ഉൽപ്പാദനത്തിനുമുള്ള പ്രോജക്ടുകൾ, കൈത്തറി വികസന മേഖലയിൽ ഹൗസ്-കം-വർക്ക്ഷെഡ് നിർമ്മാണം, പേവിഷ നിർമ്മാർജനത്തിനും തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിനും വേണ്ടിയുള്ള പ്രോജക്ടുകൾ, ഭൂരഹിത-ഭവന രഹിതർക്ക് വീട് വയ്ക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥലം വാങ്ങൽ, വിവാഹ ധനസഹായം, നിയമ സാക്ഷരത പരിപാടി എന്നിവയ്ക്കും പ്രത്യേക നിർദ്ദേശങ്ങൾ മാർഗ്ഗരേഖയിൽ ഉണ്ട്. സമഗ്ര ഇൻഷ്വറൻസ് സംസ്ഥാന സർക്കാർ

> **ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് എ. പി. എൽ, ബി. പി. എൽ വേർതിരിവില്ലാതെ 100% സഹായം നൽകാനുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശം പ്രത്യേകം ശ്രദ്ധേയമാണ്. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, കേൾവിശക്തി കുറഞ്ഞവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, കാഴ്ച കുറഞ്ഞവർ എന്നിങ്ങനെ തരംതിരിച്ച് അവർക്ക് ആവശ്യമായ ഉപകരണങ്ങൾ/സാധനങ്ങൾ നൽകാൻ നിർദ്ദേശമുണ്ട്.**

തന്നെ നടപ്പിലാക്കി വരുന്നതിനാൽ വ്യക്തികൾക്കോ കുടുംബങ്ങൾക്കോ വേണ്ടി ഒരു ഇൻഷ്വറൻസ് പരിപാടിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തവർ പാടില്ല. ഏതെങ്കിലും ഇൻഷ്വറൻസ് പരിപാടി ഏറ്റെടുക്കാൻ സർക്കാറിന്റെ പ്രത്യേക മാർഗ്ഗനിർദ്ദേശം ഉണ്ടായിരിക്കണം.

### പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം

സമർത്ഥരായ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്ന പരിപാടി പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരം പുലർത്തുന്ന റസിഡൻഷ്യൽ സ്കൂളുകളിൽ പഠനം നടത്തുന്നതിനുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഏറ്റെടുക്കാവുന്നതാണ്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ ബാധകമായിട്ടുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും ടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് 10,000 രൂപയും യഥാർത്ഥ ടിക്കറ്റ് ചാർജ്ജും നൽകാവുന്നതാണ്.

മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിന് കേരളത്തിൽ 25,000 രൂപയും, സംസ്ഥാനത്തിന് പുറത്ത് 50,000 രൂപയും സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൻ കൊടുക്കാവുന്നതാണ്. സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർ, 1,00,000 രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ അംഗങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. (ക്ലാസ് നാലു വിഭാഗം ജീവനക്കാർക്ക് ഇത് ബാധകമല്ല).

### നിയന്ത്രണങ്ങൾ

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും മാത്രമേ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പരിപാടികൾ ഏറ്റെടുക്കാവൂ. എന്നാൽ നെൽകൃഷിക്കാർക്ക് കൂലിചെലവ്, സബ്സിഡി, ഭൂരഹിത-ഭവനരഹിതർക്കുവേണ്ടി ഗ്രാമപഞ്ചായത്തുകൾ നേരിട്ട് സ്ഥലം വാങ്ങുന്ന പ്രോജക്ടുകൾ എന്നിവയ്ക്ക് ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാം. പട്ടികവർഗ്ഗക്കാർക്കുള്ള പുതിയ വീട് നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ജില്ലാപഞ്ചായത്തുകൾക്ക് വിഹിതം നൽകാം. എച്ച്.ഐ.വി. ബാധിതർക്കുള്ള പോഷകാഹാര വിതരണം ജില്ലാപഞ്ചായത്തുകളാണ് എറ്റെടുക്കേണ്ടത്. വികസനഫണ്ടിൽ നിന്നും ശമ്പളം/ഓണിറേറിയം, വാഹനങ്ങൾ വാങ്ങൽ, ഔഷധങ്ങൾ വാങ്ങൽ, കുടുംബശ്രീ സംവിധാനത്തിന് റിവോൾവിംഗ് ഫണ്ട്, കാർഷിക/പാടശേഖര സമിതിക്കുള്ള റിവോൾവിംഗ് ഫണ്ട്, ബോധവൽക്കരണ ക്യാമ്പുകൾ, മേളകൾ, സോഡിയം വേപ്പർ വിളക്കുകൾ വാങ്ങൽ, പരിശീലന പരിപാടികൾ എന്നിവയ്ക്കും ചില നിയന്തണങ്ങൾ ഉണ്ട്. പ്രസ്തുത നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായിട്ടായിരിക്കണം സബ്സിഡി നൽകേണ്ടത്.■

*ലേഖകൻ കിലയിൽ അസിസ്റ്റന്റ് പ്രൊഫസറാണ്*

പഞ്ചായത്ത് രാജ്

# ആരോഗ്യരംഗത്തെ പെരുമകളുമായി പുലാമന്തോൾ



എം.കെ. റഫീഖ

ഇന്ത്യയിൽ മൊത്തം ജനസംഖ്യയുടെ 75% ത്തോളം വസിക്കുന്നത് ഗ്രാമങ്ങളിലാണ്. ഇതിൽ തന്നെ ഏതെങ്കിലും തരത്തിലുള്ള ഇൻഷൂറൻസ് പരിരക്ഷയെക്കുറിച്ച് അറിവുള്ളവർ വെറും 25%ത്തിൽ താഴെ മാത്രമേയുള്ളൂ. എന്നാൽ ആരോഗ്യ ചികിത്സാ ഇൻഷൂറൻസ് കേവലം 2% ത്തിൽ താഴെയുള്ളവർക്കു മാത്രമെ ഉപയോഗപ്പെടുന്നുള്ളൂ. ഇൻഷൂറൻസിനെക്കുറിച്ചുള്ള അറിവില്ലായ്മ, ഇൻഷൂറൻസ് സാക്ഷരതയുടെ കുറവ്, സാങ്കേതികമായ നൂലാമാലകൾ എന്നിവയാണ് ഇതിന്റെ കാരണങ്ങൾ.

സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലുമായി ഇരുപതോളം ഇൻഷൂറൻസ് കമ്പനികൾ ഇന്ന് ഇന്ത്യയിൽ പ്രവർത്തിക്കുന്നു. ഇരുപത്തഞ്ചോളം വിവിധ ഇൻഷൂറൻസ് സ്കീമുകൾ ഗ്രാമീണർക്കായി ഈ കമ്പനികൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നിരിക്കിലും മതിയായ ഇൻഷ്വറൻസ് പരിരക്ഷ ഗ്രാമീണ മേഖലയിൽ പരിമിതമായേ കാണുന്നുള്ളൂ. വളരെ വലിയ പ്രീമിയം തുക, ഗ്രാമീണരുടെ കുറഞ്ഞ വരുമാനം, മാർക്കറ്റിംഗ് ഇൻഫ്രാസ്ട്രക്ച്ചറിന്റെ അഭാവം, സമയബന്ധിതമായി ക്ലെയിം നൽകാൻ സംവിധാനമില്ലായ്മ തുടങ്ങിയവയാണ് ഇതിന്റെ സാങ്കേതിക കാരണങ്ങൾ.

**ആരോഗ്യ ഇൻഷൂറൻസിന്റെ പ്രസക്തി**

രോഗങ്ങളും അപകടങ്ങളും തടയാൻ നമുക്ക് കഴിയുകയില്ല. എന്നാൽ ഇവമൂലം ഉണ്ടാവുന്ന സാമ്പത്തിക നഷ്ടങ്ങൾ ഒരു പരിധിവരെ നികത്താവുന്നതാണ്. ഇൻഷൂറൻസിന്റെ അടിസ്ഥാന തത്വവും ഇതാണ്. ആദ്യകാലത്ത് ഗ്രാമീണ ജനങ്ങൾ കൂടുതൽ ആരോഗ്യവാന്മാരും രോഗങ്ങൾ കുറഞ്ഞവരുമായിരുന്നു. ഇന്ന് കേരളത്തിൽ ഗ്രാമങ്ങളും നഗരങ്ങളും ഏതാണ്ട് ഒന്നായി ഏക നഗരമെന്ന രീതിയിൽ നിലനിൽക്കുന്നു. ദിനംപ്രതി കൂടുതൽ കുടുംബങ്ങൾ വിവിധ രോഗബാധിതരായി മാറുന്നു. വളരെയധികം തുക ആശുപത്രികളിൽ ചിലവഴിക്കേണ്ടിവരുന്നു. ഈ സാഹചര്യത്തിലാണ് ആരോഗ്യ ഇൻഷൂറൻസിന്റെ പ്രസക്തി വർദ്ധിക്കുന്നത്.

ചില നിബന്ധനകൾക്കു വിധേയമായി നാം പ്രതിദിനം വെറും 2 രൂപ മാറ്റിവെയ്ക്കുകയാണെങ്കിൽ 5 അംഗ കുടുംബത്തിന് ഒരു വർഷം ചുരുങ്ങിയത് 30000 രൂപയുടെ ഇൻഷൂറൻസ് വാങ്ങാവുന്നതാണ്. ആദ്യത്തെ ഒരു വർഷം ചില നിബന്ധനകളുണ്ട്. പിന്നീട് വരുന്ന എല്ലാ രോഗവും ചികിത്സാ പരിധിയിൽ വരുന്നു.

മരുന്നുകളുടെ വില, ഡോക്ടർ ഫീസ്, മറ്റു ആശുപത്രി ചിലവുകൾ എന്നിവയിൽ ഈ അടുത്ത കാലത്ത് ഭീമമായ വർദ്ധന വന്നിട്ടുണ്ട്. ഇത്രയും ഭീതിജനകമായ വർദ്ധനവ് ആരോഗ്യ ചികിത്സാരംഗത്ത് വന്നിട്ടും മതിയായ ഇൻഷൂറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിൽ നാം തികഞ്ഞ അനാസ്ഥയാണ് കാണിക്കുന്നത്. നാം ഓരോരുത്തരും ഇൻഷൂറൻസ് എടുക്കുമ്പോൾ, നമുക്ക് ഈശ്വരാനുഗ്രഹത്താൽ രോഗം വരാതിരുന്നാൽ പ്രസ്തുത തുക രോഗിയായ മറ്റൊരാളുടെ ചികിത്സക്കായി നൽകുന്ന ഉൽകൃഷ്ട കർമ്മമാണ് ഇൻഷൂറൻസിലൂടെ നടക്കുന്നത്.

**ആരോഗ്യ സുരക്ഷാ ഇൻഷൂറൻസ് പദ്ധതി**

നിലവിലുള്ള ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയായ RSBY പദ്ധതിയിൽ പുലാമന്തോൾ ഗ്രാമപഞ്ചായത്തിലെ 3000 BPL കൂടുംബങ്ങളിൽ 700 കുടുംബങ്ങൾ മാത്രമാണ് സ്മാർട്ട് കാർഡ് പുതുക്കിയിട്ടുള്ളത്. മിക്ക സ്വകാര്യ ആശുപത്രികളിൽ ചികിത്സ ലഭ്യമല്ലാത്തതാണ് ഇതിന് പ്രധാനപ്പെട്ട കാരണം. ഈ സാഹചര്യത്തിലാണ് പുലാമന്തോൾ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ CDSഉം കേന്ദ്രപൊതുമേഖലാ സ്ഥാപനമായ നാഷണൽ ഇൻഷൂറൻസ് കമ്പനിയുമായി ചേർന്ന് ആരോഗ്യ സുരക്ഷാ ഇൻഷൂറൻസ് പദ്ധതിക്ക് തുടക്കം കുറിച്ചത്. 5 അംഗ BPL കുടുംബത്തിന് 150 രൂപ വാർഷിക പ്രീമിയം, APL കുടുംബങ്ങൾക്ക് 450 രൂപയും. നിബന്ധനകൾക്ക് വിധേയമായി ഒരു വർഷത്തിൽ 30000 രൂപ വരെ ചികിത്സാചെലവുകൾ തിരികെ ലഭിക്കുന്ന ഒരു പദ്ധതിയാണിത്. ഒരു തവണ പരമാവധി 12,500 രൂപയ്ക്കുള്ള ചികിത്സാ ചെലവുകൾ ലഭിക്കും. ആദ്യത്തെ പ്രസവത്തിനും ചികിത്സാ ചെലവ് ലഭിക്കും. സാധാരണ പ്രസവത്തിന് 2,500



*പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ വിവിധ വികസനപദ്ധതികളുടെ ഉദ്ഘാടനം നഗരകാര്യ വകുപ്പു മന്ത്രി മഞ്ഞളാംകുഴി അലി നിർവ്വഹിക്കുന്നു.*

രൂപയും സിസേറിയന് 5000 രൂപയും ലഭിക്കും.

ഈ പദ്ധതിയുടെ ഉദ്ഘാടനം മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സി.എൻ. ബാബു നിർവ്വഹിച്ചു.

**ജീവിതശൈലീ രോഗങ്ങൾ**

മനുഷ്യന്റെ ആഹാരശീലങ്ങളും രോഗങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. മനുഷ്യൻ ഭൂമിയിൽ ഉടലെടുത്ത കാലം മുതൽ രോഗങ്ങളും ഉണ്ടായിരുന്നിരിക്കാമെങ്കിലും ഇന്നുകാണുന്ന പല രോഗങ്ങളും ആധുനികകാലഘട്ടത്തിന്റെ സംഭാവനകളാണ്.

ജീവിതശൈലിയിൽ വന്ന മാറ്റങ്ങളുടെ ഫലമായി ഉണ്ടാവുന്ന ഈ രോഗങ്ങളെയാണ് ജീവിതശൈലീ രോഗങ്ങൾ (Life Style Diseases) എന്ന് നാമകരണം ചെയ്തിട്ടുള്ളത്. ഹൃദയാഘാതം, ക്യാൻസർ, പ്രമേഹം, അതിരക്തസമ്മർദ്ദം, ഉയർന്ന കൊളസ്ട്രോൾ, സ്ട്രോക്ക്, മാനസിക പ്രശ്നങ്ങൾ തുടങ്ങി വളരെ ഗൗരവമായ ഒട്ടേറെ രോഗങ്ങൾ ഈ പട്ടികയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ഇവയിൽ പലതും മുൻകാലങ്ങളിലുണ്ടായിരുന്നെങ്കിലും ഇന്നത്തെപ്പോലെ വളരെ വ്യാപകമായി നമ്മെ പിടികൂടിയിരുന്നില്ല. ഇതിന്റെ പ്രധാന കാരണം തെറ്റായ ആഹാരശീലങ്ങളാണ്.

ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾ പ്രധാനമായും മൂന്ന് കാര്യങ്ങളിലാണ്.

- ആഹാരപദാർത്ഥങ്ങളിലും ആഹാര രീതിയിലും വന്ന മാറ്റങ്ങൾ.
- വ്യായാമമില്ലായ്മ.
- കൂടെകൂടെ ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ.

മാറിയ ജീവിത സാഹചര്യത്തിൽ ഒട്ടെറെ പ്രശ്നങ്ങളെ നേരിടേണ്ടി വരുന്നതിനാൽ മാനസികസംഘർഷങ്ങളും കൂടിക്കൂടി വരുന്നു. അവയെ കഴിയുന്നതും സമചിത്തതയോടെയും യാഥാർത്ഥ്യബോധത്തോടെയും നേരിടുകയും പരിഹരിക്കുകയും ചെയ്യാതെ വരുമ്പോഴാണ് പല ജീവിതശൈലി രോഗങ്ങളും തുടക്കം കുറിക്കുന്നത്.

**സ്നേഹകിരണം പദ്ധതി**

പുലാമന്തോൾ ഗ്രാമപഞ്ചായത്ത്, ജീവിതശൈലീരോഗങ്ങളായ പ്രമേഹം, ബ്ലഡ്പ്രഷർ, ആസ്തമ തുടങ്ങിയ രോഗങ്ങൾ മൂലം ബുദ്ധിമുട്ടുന്ന വളരെ പാവപ്പെട്ടവർക്ക് സൗജന്യമായി മരുന്ന് നൽകുന്ന സ്നേഹകിരണം പദ്ധതിക്ക് തുടക്കം കുറിച്ചു. ആശ്രയ ഗുണഭോക്താക്കളുടെ സർവ്വേ ഗ്രാമപഞ്ചായത്തിലുടനീളം നടത്തിയപ്പോൾ ജീവിതശൈലീരോഗങ്ങൾമൂലം ബുദ്ധിമുട്ടുന്ന വളരെയധികം കുടുംബങ്ങൾ പഞ്ചായത്തിലുണ്ടെന്ന് ബോധ്യപ്പെട്ടു. ഇവരെ ആശ്രയപദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്തതിനാലാണ് സ്നേഹകിരണം പദ്ധതി ആരംഭിച്ചത്. ഇപ്പോൾ പദ്ധതിയിൽ 200 ഗുണഭോക്താക്കളുണ്ട്. ഇവർക്ക് സൗജന്യമായി മരുന്ന് വിതരണം ചെയ്യുന്നു.

**ആരോഗ്യമുള്ള ഒരു സമൂഹത്തെ ഉണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഈ വർഷത്തെ വാർഷിക പദ്ധതിയിൽ സമഗ്ര ആരോഗ്യ പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് തുടക്കം കുറിക്കുന്നുണ്ട്. ജീവിതശൈലീരോഗങ്ങൾ പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ അത്തരത്തിലുള്ള ആളുകളുടെ മാനസികസംഘർഷങ്ങൾ പരമാവധി കുറയ്ക്കുന്നതിന് വേണ്ടി ലിവിങ്ങ് വെൽ കോഴ്സ്, ആർട്ട് ഓഫ് ലിവിങ്ങ് തുടങ്ങിയവ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള സമ്പൂർണ്ണ ആരോഗ്യപദ്ധതി പുലാമന്തോൾ ഗ്രാമപഞ്ചായത്ത് രൂപകൽപന ചെയ്തിട്ടുണ്ട്.**

നമ്മുടെ ഓരോരുത്തരുടെയും



*പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ ആരോഗ്യ സുരക്ഷാ ഇൻഷൂറൻസ് പദ്ധതി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സി.എൻ. ബാബു ഉദ്ഘാടനം ചെയ്യുന്നു.*

ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് ആഹാരക്രമീകരണവും വ്യായാമവും ആവശ്യമുള്ളതുപോലെതന്നെ മാനസികാരോഗ്യം പരിരക്ഷിക്കുന്നതിനും ചില നടപടികൾ വേണ്ടിവരുന്നു. അവയിൽ ഏറ്റവും പ്രധാനം മാനസിക സമ്മർദ്ദം കുറയ്ക്കുക എന്നതാണ്.

നമ്മുടെ നിത്യജീവിതത്തിലെ ചിന്തകളെയും പ്രശ്നങ്ങളെയും മനസ്സിൽ നിന്നകറ്റി നിർത്തിയാൽ മാത്രമേ മാനസികപിരിമുറുക്കങ്ങൾക്ക് അയവു വരുത്തി മാനസികാരോഗ്യം നിലനിർത്തുവാൻ കഴിയൂ. അതിന് വിവിധ മാർഗ്ഗങ്ങളുണ്ട്. യോഗ, ധ്യാനം, ചിരി, സംഗീതം, ഉല്ലാസ യാത്ര തുടങ്ങിയവ തികച്ചും സുരക്ഷിതവും ആരോഗ്യകരവുമായ മാർഗ്ഗങ്ങളാണ്.

ആരോഗ്യമുള്ള ഒരു സമൂഹത്തെ ഉണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഈ വർഷത്തെ വാർഷിക പദ്ധതിയിൽ സമഗ്ര ആരോഗ്യ പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് തുടക്കം കുറിക്കുന്നുണ്ട്. ജീവിതശൈലീരോഗങ്ങൾ പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ അത്തരത്തിലുള്ള ആളുകളുടെ മാനസികസംഘർഷങ്ങൾ പരമാവധി കുറയ്ക്കുന്നതിന് വേണ്ടി ലിവിങ്ങ് വെൽ കോഴ്സ്, ആർട്ട് ഓഫ് ലിവിങ്ങ് തുടങ്ങിയവ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള സമ്പൂർണ്ണ ആരോഗ്യപദ്ധതി പുലാമന്തോൾ ഗ്രാമപഞ്ചായത്ത് രൂപകൽപന ചെയ്തിട്ടുണ്ട്.■

*ലേഖിക പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റാണ്*

പഞ്ചായത്ത് രാജ്

സ്മിഷ. സി



# വറ്റിത്തുടങ്ങുന്ന നീരുറവകൾ

**ശുദ്ധജലത്തിന്റെ കാര്യത്തിൽ നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വളരെയേറെ സങ്കീർണ്ണമാണ്. ഒരിറ്റുവെള്ളത്തിനുവേണ്ടി അന്യനോട് വഴക്കിടേണ്ടി വരുന്ന ആപൽക്കരമായ കാലത്തേക്കാണ് നാം നടന്നടുക്കുന്നത്. അതുകൊണ്ടുതന്നെ ഇനിയൊരു ലോകമഹായുദ്ധം ഉണ്ടാവുകയാണെങ്കിൽ അത് കുടിക്കാനും നനയ്ക്കാനുമുള്ള വെള്ളത്തിനു വേണ്ടിയാവും എന്നതും ചർച്ചാവിഷയമാണ്. ഈ അവസ്ഥ വരുത്തിവെച്ചതിൽ മനുഷ്യന്റെ പങ്കു ചെറുതല്ല.**

*കുടിവെള്ളം കയറ്റിപ്പോവുകയായിരുന്ന നഗരസഭയുടെ ലോറി അക്രമികൾ തട്ടിക്കൊണ്ടുപോയി ബോംബെറിഞ്ഞ് പരിഭ്രാന്തി സൃഷ്ടിച്ചശേഷമാണ് ലോറി തട്ടിയെടുത്തത്. ഗുരുതരമായി പരിക്കേറ്റ ലോറി ഡ്രൈവറെയും സഹായിയെയും ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.* ഇതൊരു സാങ്കല്പിക വാർത്തയല്ല. സമാനമായ എത്രയോ സംഭവങ്ങൾ കുടിവെള്ളവുമായി ബന്ധപ്പെട്ട് ലോകത്താകമാനം നടന്നതായി നാം വായിച്ചിരിക്കുന്നു. മലയാള പത്രങ്ങളിലും ഇത്തരം ഒരു വാർത്ത പ്രത്യക്ഷപ്പെടാൻ ഏറെ നാളൊന്നും കാത്തിരിക്കേണ്ടിവരില്ല. കുടിവെള്ളത്തിനായി നടക്കാനിരിക്കുന്ന സമരത്തിലേക്കാണ് ഇത്തരം വാർത്തകൾ വിരൽ ചൂണ്ടുന്നത്. ശുദ്ധജലത്തിന്റെ കാര്യത്തിൽ നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അത്രയേറെ സങ്കീർണ്ണമാണ്. ഒരിറ്റുവെള്ളത്തിനു വേണ്ടി അന്യനോട് വഴക്കിടേണ്ടി വരുന്ന ആപൽക്കരമായ കാലത്തേക്കാണ് നാം നടന്നടുക്കുന്നത്. അതുകൊണ്ടുതന്നെ ഇനിയൊരു ലോകമഹായുദ്ധം ഉണ്ടാവുകയാണെങ്കിൽ അത് കുടിക്കാനും നനയ്ക്കാനുമുള്ള വെള്ളത്തിനു വേണ്ടിയാവും എന്നതും ചർച്ചാവിഷയമാണ്. ഈ അവസ്ഥ വരുത്തിവെച്ചതിൽ മനുഷ്യന്റെ പങ്കു ചെറുതല്ല. ഈ സ്ഥിതി എങ്ങനെ മറികടക്കാം എന്ന് ആലോചിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

**ദാഹജലത്തിന് സംഭവിക്കുന്നത്**

ഭൂമുഖത്തെ ജലസമ്പത്തിന്റെ 97.2 ശതമാനവും മനുഷ്യന്റെ നിത്യ ജീവിതത്തിൽ ഉപയോഗിക്കാൻ കഴിയാത്ത സമുദ്രജലമാണ്. ശുദ്ധജലം വെറും 2.8 ശതമാനം മാത്രമാണ്. ഇതിൽ തന്നെ 2.1ശതമാനവും ധ്രുവപ്രദേശത്തെ മഞ്ഞുമലകളിൽ ആയതിനാൽ ഉപയോഗയോഗ്യവുമല്ല. ബാക്കിയുള്ള ശുദ്ധജലത്തിന്റെ 0.63 ശതമാനം ഭൂജലമാണ്. ശാസ്ത്രത്തിന്റെ സഹായത്തോടെ ഭൂജലത്തിന്റെ 50 ശതമാനവും നമുക്ക് ഉപയോഗയോഗ്യമാക്കാം. എന്നിരിക്കിലും ആഗോള ജലസമ്പത്തിന്റെ വളരെ ചെറിയഭാഗം മാത്രമാണ് ശുദ്ധജല തടാകങ്ങളിലും നദികളിലും കാണുന്നത്. ആഗോളതലത്തിൽ 1989 ലെ കണക്കു പ്രകാരം കുറഞ്ഞത് 9000 ക്യൂബിക് മീറ്റർ ശുദ്ധജലം ആളോഹരി ലഭ്യമായിരുന്നെങ്കിൽ 2000ൽ അത് 7800 ക്യൂബിക് മീറ്ററും 2005ൽ 5100 ക്യൂബിക് മീറ്ററായും കുറഞ്ഞു. ലോകത്താകമാനം നൂറ് കോടി ജനങ്ങൾക്ക് കുടിക്കാനുള്ള ശുദ്ധജലം ലഭിക്കുന്നില്ലെന്നാണ് സ്ഥിതി വിവര കണക്കുകൾ സൂചിപ്പിക്കുന്നത്.

കേരളത്തിൽ ചെറുതും വലുതുമായ 44 പുഴകളും 29 തടാകങ്ങളും കായലുകളും എണ്ണമറ്റ കുളങ്ങളും ചിറകളും ഉറവകളുമുണ്ട്. എന്നാൽ ഇവയത്രയും വറ്റി വരളുകയും ഭീതിതമാംവിധം മലിനീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയുമാണ്.

മലയാളത്തിന്റെ കഥാകാരൻ എം.ടി. വാസുദേവൻ നായരുടെ കഥാപരിസരങ്ങളിൽ എപ്പോഴും കരകവിഞ്ഞൊഴുകിയിരുന്ന, മലബാറിന്റെ വലിയൊരു ഭൂപ്രദേശത്തിന്റെ സംസ്കാരത്തെതന്നെ നിർണയിച്ചിരുന്ന ഭാരതപ്പുഴയുടെ അവസ്ഥ ഇന്ന് അതിദയനീയമാണ്. പരന്ന് കിടക്കുന്ന ചുട്ടുപൊള്ളുന്ന മണൽപ്പരപ്പിൽ അവിടവിടെയായി ഊറിക്കിടക്കുന്ന കൈക്കുടന്ന വെള്ളമായി ഈ നദി മെലിഞ്ഞുപോയി. ഇങ്ങനെ ചെറുതും വലുതുമായ നിരവധി നദികൾ നാശത്തെ നേരിടുകയാണ്. മലപ്പുറം, കോഴിക്കോട് ജില്ലകളിലൂടെ ഒഴുകുന്ന ചാലിയാർ പുഴയുടെ തീരത്തായിരുന്നു മാവൂർ ഗ്വാളിയോർ റയോൺസ് ഫാക്ടറി പ്രവർത്തിച്ചിരുന്നത്. ഇവിടുത്തെ ടൺ കണക്കിന് രാസമാലിന്യങ്ങൾ അതുവരെ ഇളനീർ വെള്ളം പോലെ ശുദ്ധമായിരുന്ന ചാലിയാറിന്റെ ഹൃദയത്തിലേക്കാണ് കമ്പനി ഒരു ദയയുമില്ലാതെ ഒഴുക്കിവിട്ടത്. ചാലിയാറിന്റെ തീരത്ത് ജീവിതം കരുപ്പിടിപ്പിച്ച വലിയൊരു ജനതയുടെ ജീവിതത്തിൽ അതുണ്ടാക്കിയ പ്രത്യാഘാതം ചില്ലറയല്ല. ഗ്വാളിയോർ റയോൺസിന്റെ പ്രവർത്തനം നിലച്ചിട്ട് വർഷങ്ങളായെങ്കിലും അവരൊഴുക്കിവിട്ട മാലിന്യത്തിന്റെ ദുരിതം പേറി ജീവിക്കുന്നവർ ചാലിയാറിന്റെ ഇരുകരകളിലും ഇന്നുമുണ്ട്.

കവി ഭാവനയിൽ ആയിരം പാദസരങ്ങൾ കിലുക്കി ഒഴുകിയ ആലുവാപ്പുഴ ഇന്ന് ടൺ കണക്കിന് മാലിന്യം പേറിയാണ് ഒഴുകുന്നത്. കവറുകളിലാക്കിയ നമ്മുടെ അടുക്കള മാലിന്യം പാലത്തിന് മുകളിൽ നിന്ന് തിക്കും പൊക്കും നോക്കി പുഴയിലേക്കെറിയുമ്പോൾ നാടിന്റെ നാഡീവ്യൂഹത്തിലേക്കാണ് അതു ചെന്നു വീഴുന്നതെന്നു നാം മറക്കരുത്. കരമനയാർ, പാർവതീ പുത്തനാർ തുടങ്ങി തലസ്ഥാന ജില്ലയിലെ മിക്ക നദികളുടെയും സ്ഥിതിയും വ്യത്യസ്തമല്ല. പുണ്യനദിയായി വിശേഷിപ്പിക്കപ്പെടുന്ന പമ്പയിലെ കോളിഫോം ബാക്ടീരിയയുടെ അളവ് ശബരിമല തീർത്ഥാടന കാലത്ത് പതിന്മടങ്ങ് വർദ്ധിക്കുന്നതായി കാണുന്നു. ഇക്കാലത്ത് നദിയിലേക്ക് ഒഴുകിയെത്തുന്ന മനുഷ്യ വിസർജ്യം തന്നെയാണ് കോളിഫോം ബാക്ടീരിയയുടെ അളവ് ഇത്തരത്തിൽ വർദ്ധിക്കാൻ കാരണമാകുന്നത്.

**ജലസ്രോതസ്സുകളുടെ സംരക്ഷണം**

1600 കി.മീ. നീളത്തിൽ നീണ്ടുകിടക്കുന്ന മലനിരകളാണ് പശ്ചിമഘട്ടം. ലോകത്തിലെ അപൂർവ ജൈവ വിന്യാസത്തിന്റെ കേന്ദ്രങ്ങളാണ് പശ്ചിമഘട്ട വനങ്ങൾ. ലോകത്തിലെ തന്നെ 35 അതീവ ജൈവ സമ്പുഷ്ട (Hot Spot) മേഖലകളിൽ ഒന്നാണ് പശ്ചിമഘട്ടം. കേരളം, തമിഴ്നാട്, കർണ്ണാടക, ഗോവ, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ ആറ് സംസ്ഥാനങ്ങളിലാണ് പശ്ചിമഘട്ടം നിലകൊള്ളുന്നത്. ഈ സംസ്ഥാനങ്ങളിലെ 25 കോടിയോളം വരുന്ന ജനങ്ങളുടെ കുടിവെള്ളം, ജലസേചനം തുടങ്ങി വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ പശ്ചിമഘട്ടത്തിന് സുപ്രധാന പങ്കാണുള്ളത്. എന്നാൽ കേരളത്തിൽ പശ്ചിമഘട്ടത്തിന്റെ ഭാഗമായ പല പാരിസ്ഥിതിക ദുർബല പ്രദേശങ്ങളും നാശത്തെ നേരിട്ടുകൊണ്ടിരിക്കയാണ്. ഇത് സംസ്ഥാനത്തിന്റെ കുടിവെള്ള സ്രോതസ്സുകളെയാണ് ഏറ്റവുമധികം ബാധിക്കുക. പശ്ചിമഘട്ടത്തിന്റെ സംരക്ഷണത്തെക്കുറിച്ച് പഠിക്കാൻ കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച പ്രൊഫ. മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ റിപ്പോർട്ട് വിവിധ തലങ്ങളിൽ ചർച്ച ചെയ്യുകയാണ്. ഇതൊക്കെയും കാണിക്കുന്നത് നമ്മുടെ കുടിവെള്ള സ്രോതസ്സുകളുടെ ശാസ്ത്രീയവും പ്രായോഗികവുമായ സംരക്ഷണത്തിന് നാം എത്രത്തോളം സജ്ജരായിരിക്കണം എന്നതാണ്.

**ഭൂമുഖത്തെ ജലസമ്പത്തിന്റെ 97.2 ശതമാനവും മനുഷ്യന്റെ നിത്യ ജീവിതത്തിൽ ഉപയോഗിക്കാൻ കഴിയാത്ത സമുദ്രജലമാണ്. ശുദ്ധജലം വെറും 2.8 ശതമാനം മാത്രമാണ്. ഇതിൽ തന്നെ 2.1 ശതമാനവും ധ്രുവപ്രദേശത്തെ മഞ്ഞുമലകളിൽ ആയതിനാൽ ഉപയോഗയോഗ്യവുമല്ല. ബാക്കിയുള്ള ശുദ്ധജലത്തിന്റെ 0.63 ശതമാനം ഭൂജലമാണ്. ശാസ്ത്രത്തിന്റെ സഹായത്തോടെ ഭൂജലത്തിന്റെ 50 ശതമാനവും നമുക്ക് ഉപയോഗയോഗ്യമാക്കാം. എന്നിരിക്കിലും ആഗോള ജലസമ്പത്തിന്റെ വളരെ ചെറിയഭാഗം മാത്രമാണ് ശുദ്ധജല തടാകങ്ങളിലും നദികളിലും കാണുന്നത്. ആഗോളതലത്തിൽ 1989ലെ കണക്കുപ്രകാരം കുറഞ്ഞത് 9000 ക്യൂബിക് മീറ്റർ ശുദ്ധജലം ആളോഹരി ലഭ്യമായിരുന്നെങ്കിൽ 2000ൽ അത് 7800 ക്യൂബിക്മീറ്ററും 2005ൽ 5100 ക്യൂബിക് മീറ്ററായും കുറഞ്ഞു. ലോകത്താകമാനം നൂറ് കോടി ജനങ്ങൾക്ക് കുടിക്കാനുള്ള ശുദ്ധജലം ലഭിക്കുന്നില്ലെന്നാണ് സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്.**

മഴവെള്ളം മണ്ണിലോ ജലാശയങ്ങളിലോ സംഭരിക്കപ്പെടാതെ കടലിലെത്തിച്ചേർന്നാൽ നാം ഇന്ന് കാണുന്ന ജലാശയങ്ങളൊന്നും ഉണ്ടായിരിക്കില്ല. എന്നാൽ പ്രകൃതി ഇതിന് സമർത്ഥമായി പരിഹാരം കണ്ടെത്തിയിട്ടുണ്ട്. മഴവെള്ളത്തിന്റെ ഭൂരിഭാഗവും ഒഴുകിപ്പോകുമെങ്കിലും അവശേഷിക്കുന്നത് മൺതരികൾക്കിടയിലും മണ്ണിലെ വിവിധ സുഷിരങ്ങൾക്കിടയിലും സംഭരിക്കപ്പെടുന്നു. ഇങ്ങനെ സംഭരിക്കപ്പെടുന്ന ജലമാണ് കിണറുകളിലും മഴയില്ലാത്ത





സെപ്റ്റംബർ 2012

കാലത്ത് പുഴകളിലും എത്തപ്പെടുന്നത്. ഭൂമിയിൽ സംഭരിക്കപ്പെടുന്ന ജലത്തിന്റെ അളവ് മണ്ണിന്റെ സ്വഭാവം, മണ്ണിൽ പതിക്കുന്ന മഴയുടെ ശക്തി, മണ്ണിന്റെ ചെരിവ് എന്നിവയെ ആശ്രയിച്ചിരിക്കുന്നു. വനമേഖലകളിൽ മഴ പെയ്യുമ്പോൾ സസ്യങ്ങളുടെ കൊമ്പുകളിലും ഇലകളിലും തട്ടിയും ചില്ലകളിലൂടെ ഒലിച്ചിറങ്ങി മണ്ണിലെത്തുന്നു. ഇത് മണ്ണിൽ കൃത്യമായി സംഭരിക്കപ്പെടുന്നു. ഈ വെള്ളം മണ്ണിലൂടെ ഒലിച്ചിറങ്ങി മലയുടെ അടിഭാഗത്ത് നിന്ന് ചെറിയ നീർച്ചാലുകളായി പുറത്തുവരികയും ഇവ കൂടച്ചേർന്ന അരുവികളും പുഴകളും ഉണ്ടാവുകയും ചെയ്യുന്നു. ഇതാണ് മഴവെള്ളം ഭൂമിയിലെത്തുകയും അത് നദികളും പുഴകളുമായി രൂപാന്തരപ്പെടുകയും ചെയ്യുന്നതിന്റെ ചാക്രിക രീതി.

വേനൽക്കാലത്തും മഴക്കാലത്തും ഒരേപോലെ ഒഴുകുന്ന പുഴയിലെ ജലത്തിന്റെ സ്രോതസ്സ് പ്രധാനമായും മലകളിൽ മഴക്കാലത്ത് സംഭരിക്കുന്ന ജലമാണ്. അങ്ങനെ വരുമ്പോൾ മഴയുടെ ലഭ്യത കുറഞ്ഞാൽ വേനൽക്കാലത്ത് അത് ഭീകരമായ പ്രത്യാഘാതമാണ് സൃഷ്ടിക്കുക. 2012ൽ കാലവർഷത്തിന്റെ സമയത്ത് സംസ്ഥാനത്താകെ ഇതുവരെ ലഭിക്കേണ്ട മഴ പൂർണ്ണമായും ലഭിച്ചിട്ടില്ല. കാലാവസ്ഥയിലുണ്ടാകുന്ന വൻ വ്യതിയാനങ്ങൾ മൂലമാണ്, മഴയുടെ അളവിൽ ഗണ്യമായ കുറവ് സംഭവിച്ചത്. നമ്മൾ അഭിമുഖീകരിക്കാനിരിക്കുന്ന ജലദൗർലഭ്യത്തിന്റെ ആഴം ഇതിൽ നിന്ന് മനസ്സിലാക്കാവുന്നതേയുള്ളു. അതുകൊണ്ട് നമ്മുടെ മരങ്ങളെയും കാടിനെയും മലകളെയും ജലസ്രോതസ്സുകളെയും ചോര കൊടുത്തും സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.

**ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് (ആകട)അനുസരിച്ച് കുടിവെള്ളം എന്നത് ശുദ്ധവും രോഗാണുവിമുക്തവും നിറമോ മണമോ ഇല്ലാത്തതും ധാതുക്കളുടെ അളവ് ആവശ്യത്തിന് മാത്രമുള്ളതും വിഷപദാർത്ഥങ്ങൾ അടങ്ങിയിട്ടില്ലാത്തും ആയിരിക്കണം. എന്നാൽ നമുക്ക് ഇന്ന് ലഭ്യമാകുന്ന കുടിവെള്ളം മേൽപ്പറഞ്ഞ ഗുണങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളുന്നതാണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. വലിയ ഒരു നഗരമായി മാറിക്കൊണ്ടിരിക്കുന്ന കേരളത്തിൽ കുടിവെള്ളത്തിന്റെ ഈ അവസ്ഥയ്ക്ക് ഗ്രാമ നഗര വ്യത്യാസമില്ലാതായിരിക്കുന്നു. ഗ്രാമങ്ങളിൽ പോലും കുപ്പിവെള്ള വിപണി തഴയ്ക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല. അതേസമയം കുപ്പിവെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കാനോ ഉറപ്പു വരുത്താനോ ഔദ്യോഗികമായി ഒരു സംവിധാനവും നിലവിലില്ല എന്നത് വലിയ വൈരുദ്ധ്യമാണ്.**

എന്നാൽ പ്രകൃതിയുടെ സന്തുലിതാവസ്ഥയെ സംരക്ഷിക്കുന്നതിന് പകരം അതിനെ തകിടം മറിക്കുകയാണ് കമ്പോള സമൂഹം ചെയ്യുന്നത്. കുന്നിടിക്കാനോ ആ മണ്ണുപയോഗിച്ച് വയൽ നികത്താനോ കാട് വെട്ടിത്തെളിക്കാനോ ഒരു മടിയുമില്ലാത്തവരായി നാം മാറി. ഈ വിപണി സംസ്കാരം നമ്മുടെ ജലസ്രോതസ്സുകളുടെ നാശത്തിലും അതുവഴി കുടിവെള്ളത്തിന്റെ ലഭ്യതയിലും വരുത്തിയ കുറവ് നമ്മുടെ കണക്കു കൂട്ടലുകൾക്ക് അപ്പുറത്താണ്. കർശനമായ നിയമനിർമ്മാണത്തിലൂടെ മാത്രമേ പ്രകൃതിയെ വ്യഭിചരിക്കുന്ന മനുഷ്യന്റെ ഈ രീതി അവസാനിപ്പിക്കാനാവൂ.

### എന്താണ് ശുദ്ധജലം?

ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് (BIS)അനുസരിച്ച് കുടിവെള്ളം എന്നത് ശുദ്ധവും രോഗാണുവിമുക്തവും നിറമോ മണമോ ഇല്ലാത്തതും ധാതുക്കളുടെ അളവ് ആവശ്യത്തിന് മാത്രമുള്ളതും (minerals & dissolved solids with in limit) വിഷപദാർത്ഥങ്ങൾ അടങ്ങിയിട്ടില്ലാത്തും ആയിരിക്കണം. എന്നാൽ നമുക്ക് ഇന്ന് ലഭ്യമാകുന്ന കുടിവെള്ളം









മേൽപ്പറഞ്ഞ ഗുണങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളുന്നതാണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. വലിയ ഒരു നഗരമായി മാറിക്കൊണ്ടിരിക്കുന്ന കേരളത്തിൽ കുടിവെള്ളത്തിന്റെ ഈ അവസ്ഥയ്ക്ക് ഗ്രാമ നഗര വ്യത്യാസമില്ലാതായിരിക്കുന്നു. ഗ്രാമങ്ങളിൽ പോലും കുപ്പിവെള്ള വിപണി തഴയ്ക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല. അതേസമയം കുപ്പിവെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കാനോ ഉറപ്പു വരുത്താനോ ഔദ്യോഗികമായി ഒരു സംവിധാനവും നിലവിലില്ല എന്നത് വലിയ വൈരുദ്ധ്യമാണ്. ഉപയോഗശൂന്യമായ കുപ്പികൾ മണ്ണിൽ വലിച്ചെറിയുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക ആഘാതം വേറെയും. സൈലന്റ് വാലി പോലുള്ള സ്ഥലങ്ങളിൽ കുപ്പിവെള്ള പദ്ധതികൾക്ക് അനുമതി കൊടുക്കാനുള്ള നീക്കം ചെറുത്തുനിൽക്കപ്പെടേണ്ടതാണ്.

### ഖരമാലിന്യവും കുടിവെള്ളവും

വിളപ്പിൽശാല, ലാലൂര്, ഞെളിയൻ പറമ്പ് എന്നിവ മലയാളിക്ക് മൂന്നു സ്ഥലപ്പേരുകൾ മാത്രമല്ല അതിലുപരി ആകാശത്തോളമുയർന്നു നിൽക്കുന്ന ചീഞ്ഞുനാറുന്ന മാലിന്യക്കൂമ്പാരത്തിന്റെ പ്രതീകം കൂടിയാകുന്നു. കേരളത്തിന്റെ ദൈനംദിന ജീവിതത്തിൽ പലപ്പോഴും തർക്കങ്ങളുടെ രൂപത്തിൽ ഈ പേരുകൾ ഉയർന്നു വരാറുണ്ട്. വാഗ്വാദങ്ങളും പോർവിളികളും ഉണ്ടായിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളോട് ചേർന്ന് താമസിക്കുന്നവർക്ക് ഒരു നാടിന്റെ മുഴുവൻ ദുർഗന്ധവും പേറേണ്ടിവരുന്നതിന്റെ സങ്കടവും മറുഭാഗത്തുള്ളവന് അന്നന്നുണ്ടാകുന്ന മാലിന്യങ്ങൾ നിക്ഷേപിക്കാൻ ഇടമില്ലാത്തതിന്റെ സങ്കടവും. ശാസ്ത്രീയവും പ്രായോഗികവുമായ ഖരമാലിന്യ നിർമ്മാർജന സംവിധാനം മാത്രമാണ് ഈ സങ്കടം പരിഹരിക്കാനുള്ള ഏകവഴി. ഭരണകൂടവും ജനങ്ങളും പരസ്പരം വിട്ടുവീഴ്ച ചെയ്തുകൊണ്ടേ ഇത് സാധ്യമാകൂ. സ്ഥലത്തിന്റെ ലഭ്യതകുറവും മാലിന്യ സംസ്കരണത്തിൽ കേരളം നേരിടുന്ന വലിയ വെല്ലുവിളിയാണ്. അതുകൊണ്ട് തന്നെ വിളപ്പിൽശാലയും ഞെളിയൻ പറമ്പുമൊക്കെ അപരിഹാര്യമാം വിധം അങ്ങനെ തന്നെ നിൽക്കുകയാണ്.

ഭീമാകാരമായ ഈ മാലിന്യകൂമ്പാരങ്ങളുടെ അല്ലെങ്കിൽ മാലിന്യ പ്രദേശത്തിന്റെ ചുറ്റുപാടുമുള്ള വീടുകളിലെ കിണറുകൾ മാറാരോഗങ്ങൾക്ക് കാരണമാകുന്ന രോഗാണുക്കളുടെ ഈറ്റില്ലമാണ്. കോഴിക്കോട്ടെ ഞെളിയൻ പറമ്പിന്റെ നാല് കിലോമീറ്റർ ചുറ്റളവിലുള്ള വീടുകളിലെ കിണറുകളിൽ ഇവിടന്ന് ഊർന്നിറങ്ങുന്ന മലിനജലം കലരുന്നതായി വിവിധ സംഘടനകൾ നടത്തിയ പഠനം തെളിയിച്ചിട്ടുണ്ട്. മാറാത്ത തരം ചൊറി പോലുള്ള അസുഖങ്ങൾ ഈ പ്രദേശത്തെ ആളുകൾക്ക് പിടിപെടുന്നുണ്ട്.



### ജലസംരക്ഷണം വീട്ടിൽ നിന്ന് തുടങ്ങാം

കമ്പോള മനുഷ്യന് വീട് ഒരു വാസസ്ഥലം എന്നതിനപ്പുറം പൊങ്ങച്ചങ്ങൾ കെട്ടിപ്പൊക്കാനുള്ള കോൺക്രീറ്റ് സൗധങ്ങളാണ്. അതുകൊണ്ടാണ് രണ്ടോ മൂന്നോ ആളുകൾക്ക് താമസിക്കാൻ നാം കൊട്ടാര തുല്യമായ കെട്ടിടങ്ങൾ പണിയുന്നതും മുറ്റമടക്കം സിമന്റിടുന്നതും. ഒരു തുള്ളി മഴവെള്ളംപോലും നമ്മുടെ ഭൂമിയിലേക്ക് അരിച്ചിറങ്ങുന്നില്ലല്ലോ എന്ന് ചിന്തിക്കാൻ പോലും നാം മറന്നുപോകുന്നു. പച്ചപ്പ് കാണാനും വെള്ളത്തിന്റെ സ്പർശമറിയാനും നാം ജലകേളീ കേന്ദ്രങ്ങളിലേക്കും പാർക്കുകളിലേക്കും പണം മുടക്കി യാത്രയാവുന്നു. നമ്മുടെ വികലമായ പരിസ്ഥിതി ബോധത്തിന്റെ പ്രതിഫലനങ്ങളാണ് ഇതൊക്കെ. ഒരു വീട്ടിൽ എന്തൊക്കെ തരത്തിൽ വെള്ളം പാഴാക്കുന്നു എന്ന് ചിന്തിച്ചാൽ തന്നെ ആകെ നാം പാഴാക്കികളയുന്ന ശുദ്ധജലത്തിന്റെ അളവ് എത്ര വലുതാണെന്ന് മനസ്സിലാക്കാം. മഴവെള്ള സംഭരണവും കിണറുകൾ റീചാർജ്ജ് ചെയ്യുന്നതുമൊക്കെ ഭാവിയിലേക്ക് വെള്ളം കരുതിവെയ്ക്കാവുന്ന ചവിട്ടുപടികളാണ്. സ്വന്തം വീടുകളിൽ നിന്ന് ഇത് കണ്ടുവളരുന്ന കുട്ടികൾ വെള്ളം പാഴാക്കാതെ ഉപയോഗിക്കാൻ പഠിക്കുകയും ചെയ്യും. റോഡുകൾ നിർമ്മിക്കുമ്പോൾ അവയുടെ അരികിലും മധ്യത്തിലും ഉണ്ടായിരിക്കേണ്ട പച്ച മരങ്ങളെക്കുറിച്ച് നാം ചിന്തിക്കാത്തതും ഒരു കെട്ടിടം പണിയുക എന്ന ആശയം ഉദിക്കുമ്പോൾ തന്നെ നിർദ്ദിഷ്ട ഭൂമിയിലെ മരങ്ങൾ വെട്ടിമാറ്റുന്നതും ജലസ്രോതസ്സുകൾ മണ്ണിട്ട് നികത്തുന്നതും പരിസ്ഥിതിയെക്കുറിച്ച് അവബോധമില്ലാത്തതുകൊണ്ടാണ്. പ്രകൃതി ദുരന്തങ്ങളൊക്കെയും പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് പരിസ്ഥിതിയോട് നാം ഇനിയും എത്രത്തോളം ഇണങ്ങി ജീവിക്കണം എന്നാണ്.

വെള്ളം പ്രകൃതിയിലെ എല്ലാ ജീവജാലങ്ങൾക്കും ഒരുപോലെ ആവശ്യമുള്ള ഒന്നാണ്. ദാഹജലം നിഷേധിക്കപ്പെടുക എന്നാൽ ജീവിക്കാനുള്ള അഴകാശം നിഷേധിക്കപ്പെടുക എന്നാണർത്ഥം. അതിനാൽ വളർന്നുവരുന്ന കുട്ടികളിൽ നിന്നുതന്നെ നമുക്ക് തുടങ്ങേണ്ടിയിരിക്കുന്നു. മരങ്ങൾ നശിപ്പിക്കാതെ തോടുകളും പുഴകളും മലിനമാക്കാതെ കുന്നുകൾ വെട്ടിനിരത്താതെ വയലുകൾ മണ്ണിട്ടുമൂടാതെ ഭാവിയിലെ ഓരോ കുഞ്ഞിനുമായി നമുക്ക് ഈ വെള്ളം സംരക്ഷിക്കാം. സ്കൂളുകളിൽ നിന്നുതന്നെ ആരംഭിക്കാം. പരിസ്ഥിതിയുടെ നാശത്തെക്കുറിച്ചുള്ള ബോധവൽക്കരണ പ്രതിജ്ഞയെടുക്കാം നമുക്ക്, നാളേക്ക് വേണ്ടി മഴവെള്ളം ശേഖരിക്കാമെന്ന്, നീരുറവകളെ നശിപ്പിക്കില്ലെന്ന്.■

*ലേഖിക ജലനിധി*
*സി.സി.ഡി.യുവിൽ ഗസ്റ്റ് ഫാക്കൽറ്റിയാണ്.*

# ഇ-ഗവേണൻസ് ന്യൂസ്
# E-GOVERNANCE NEWS



## ആസ്തി രജിസ്റ്ററുകളുടെ കമ്പ്യൂട്ടർവൽക്കരണവും സാംഖ്യയുമായുള്ള ഏകോപനവും

തദ്ദേശഭരണസ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൽ രൂപത്തിൽ സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗുമായി യോജിപ്പിച്ച് പ്രവർത്തിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ.(കൈ)നം.212/2012 തസ്വഭവ, 06.08.2012.) ഇതിന്റെ അടിസ്ഥാനത്തിൽ 31.03.2012 വരെ ആർജ്ജിച്ചിട്ടുള്ള ആസ്തികൾ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും സചിത്ര സോഫ്റ്റ്‌വെയർ മുഖേന രേഖപ്പെടുത്തേണ്ടതാണ്. 2012 മാർച്ച് 31 വരെ ആർജ്ജിച്ചിട്ടുള്ളതും കൈവശമുള്ളതുമായ



മുഴുവൻ ആസ്തികളുടെയും വിവരം സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനും സാംഖ്യ അക്കൗണ്ടിംഗ്, സുലേഖ തുടങ്ങിയ സോഫ്റ്റ്‌വെയറുകളുമായി യോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ ഐ.കെ.എം. സ്വീകരിച്ചു വരുന്നു. ഇതിലേക്കാവശ്യമായ സോഫ്റ്റ്‌വെയർ തദ്ദേശഭരണസ്ഥാപനങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. ആർജ്ജിച്ച വർഷവും തുകയും രേഖപ്പെടുത്തുന്ന മുറയ്ക്ക് സോഫ്റ്റ്‌വെയർ തന്നെ തേയ്മാനം കണക്കാക്കി നിലവിലെ മൂല്യം കണക്കാക്കുന്നതാണ്. സാംഖ്യ, സുലേഖ, സൂചിക തുടങ്ങിയ സോഫ്റ്റ്‌വെയറുകളുമായി ഏകോപിച്ചാണ് സചിത്ര സോഫ്റ്റ്‌വെയർ പ്രവർത്തിക്കുന്നത്.

## സാംഖ്യ (ഡബിൾ എൻട്രി) 597 തദ്ദേശഭരണ സ്ഥാപനങ്ങളിൽ പൂർണ്ണം

14 ജില്ലാ പഞ്ചായത്തുകൾ, 17 ബ്ലോക്ക് പഞ്ചായത്തുകൾ, 501 ഗ്രാമപഞ്ചായത്തുകൾ, 60 മുനിസിപ്പാലിറ്റികൾ, 5 കോർപ്പറേഷനുകൾ എന്നിവിടങ്ങളിലായി 597 തദ്ദേശഭരണസ്ഥാപനങ്ങളിൽ അക്രൂവൽ അടിസ്ഥാനമാക്കിയുള്ള ഡബിൾ എൻട്രി സംവിധാനത്തിന്റെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി. സാംഖ്യയുടെ ഇംപ്ലിമെന്റേഷനുമായി ബന്ധപ്പെട്ട് ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ തെരഞ്ഞെടുത്ത തദ്ദേശഭരണസ്ഥാപനങ്ങളിലെ 532 ജീവനക്കാർക്ക് പരിശീലനം നൽകി.

## കെട്ടിട നിർമ്മാണ പെർമിറ്റുകൾക്കുള്ള സങ്കേതം ആപ്ലിക്കേഷൻ നവീകരിച്ചു

കെട്ടിട നിർമ്മാണ പെർമിറ്റുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സങ്കേതം ആപ്ലിക്കേഷൻ, ആർക്കിടെക്ച്ചർ രജിസ്ട്രേഷനും കെട്ടിട പെർമിറ്റിനും വേണ്ടി അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഇ-ഫയലിംഗ് സംവിധാനം ഉൾപ്പെടുത്തിയും ചെക്ക്‌ലിസ്റ്റ് ഓട്ടോമാറ്റ് ചെയ്തും വികസിപ്പിച്ചു. നവീകരിച്ച ആപ്ലിക്കേഷൻ പൈലറ്റ് അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ വിന്യസിച്ചിട്ടുണ്ട്. സൂചിക (ഫയൽ ട്രാക്കിംഗ്), സാംഖ്യ (ഡബിൾ എൻട്രി അക്കൗണ്ടിംഗ്) എന്നീ ആപ്ലിക്കേഷനുകളുമായി സംയോജിച്ചാണ് സങ്കേതം പ്രവർത്തിക്കുന്നത്. പൈലറ്റ



ടിസ്ഥാനത്തിൽ വിന്യസിച്ചിട്ടുള്ളതിന്റെ വെളിച്ചത്തിൽ കാലതാമസമില്ലാതെ മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളിലും സങ്കേതം ആപ്ലിക്കേഷൻ വിന്യസിക്കും. എഞ്ചിനീയർ/ആർക്കിടെക്ച്ചർമാർക്ക് സങ്കേതം ആപ്ലിക്കേഷനിലൂടെ ഓൺലൈനായി ലൈസൻസിന് അപേക്ഷിക്കാം. അപേക്ഷകൾ പരിശോധിച്ച് ലൈസൻസ് നൽകുന്നത് റീജിയണൽ ജോയിന്റ് ഡയറക്ടറാണ്. ഇത്തരത്തിൽ റീജിയണൽ ജോയിന്റ് ഡയറക്ടറിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ള എഞ്ചിനീയർ/ആർക്കിടെക്ച്ചർമാർക്ക് ഓൺലൈനായി കെട്ടിട പെർമിറ്റിന് അപേക്ഷിക്കാവുന്നതാണ്.





## ഓട്ടോമാറ്റിക് സ്കൂൾ ഹാജർ സംവിധാനം വികസിപ്പിച്ചു

സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ഹാജർ നില മാതാപിതാക്കൾക്ക് എസ്.എം.എസിലൂടെയോ, ഇ-മെയിലിലൂടെയോ, വെബ്സൈറ്റിലൂടെ സെർച്ച് ചെയ്തോ ലഭ്യമാക്കാവുന്ന രീതിയിലുള്ള 'ഓട്ടോമാറ്റിക് സ്കൂൾ ഹാജർ സംവിധാനം' ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചു. ഇത് സ്റ്റേറ്റ് ഡേറ്റാ സെന്ററിലെ ഐ.കെ.എം സെർവറിൽ വിന്യസിച്ചിട്ടുണ്ട്. ഹാജർ സംവിധാനത്തിന്റെ ഉദ്ഘാടനം 2012 ആഗസ്റ്റ് 9ന് ഐ.കെ.എം എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ ഡോ. എം. ഷംസുദ്ദീൻ തിരുവനന്തപുരം തോന്നയ്ക്കൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സകൂളിൽ നിർവ്വഹിച്ചു.

**സവിശേഷതകൾ**

- വെബ് സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിതം.
- സ്റ്റേറ്റ് എം-ഗവേണൻസ് ഗേറ്റ്‌വേയിലൂടെ എസ്.എം.എസ് സംവിധാനം.
- എല്ലാ സർക്കാർ സ്കൂളുകൾക്കും ഉപയോഗിക്കാവുന്നതാണ്.
- സ്കൂളിന്റെ വിവരങ്ങൾ, അദ്ധ്യാപകരുടെ (ഉപയോക്താക്കൾ) വിവരങ്ങൾ, അദ്ധ്യയന വർഷം, സ്കൂൾ ഡിവിഷനുകളുടെ വിവരങ്ങൾ, വിദ്യാർത്ഥികളുടെ ഹാജർ നില, വിദ്യാർത്ഥികളുടെ എണ്ണം, വിദ്യാർത്ഥികളുടെ സ്കൂൾ ഡിവിഷനിൽ വരുന്ന മാറ്റങ്ങൾ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്താം.
- ഹാജരല്ലാത്ത വിദ്യാർത്ഥികളുടെ വിവരങ്ങളും പ്രധാന സന്ദേശങ്ങളും എസ്.എം.എസിലൂടെ രക്ഷകർത്താക്കളെ അറിയിക്കുന്നതിനുള്ള സംവിധാനം.
- വിദ്യാർത്ഥികളുടെ ഹാജർ സ്റ്റേറ്റ്മെന്റ്.

## ഇമ്മ്യൂണൈസേഷൻ ഷെഡ്യൂൾ എസ്.എം.എസ്. അലർട്ടിലൂടെ

ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങളും നവജാത ശിശുക്കളുടെ പ്രതിരോധ കുത്തിവെയ്പ്പ് സംബന്ധമായ വിവരങ്ങളും മൊബൈൽ ഫോൺ എസ്.എം.എസ്സിലൂടെ നൽകുന്നതിനു വേണ്ടിയുള്ള സംവിധാനം സേവന സോഫ്റ്റ്‌വെയറിലൂടെ സാധ്യമാകുന്നു. തദ്ദേശഭരണസ്ഥാപനങ്ങളുടെയും നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെയും ആശുപത്രികളുടെയും സഹായത്തോടെ ഐ.കെ.എമ്മിന്റെ സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് ഈ സംവിധാനം നടപ്പാക്കുന്നത്. ഇതിനുള്ള സോഫ്റ്റ്‌വെയർ നഗരസഭകളിലും ആശുപത്രികളിലും വിന്യസിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവരുടെ മൊബൈൽ നമ്പർ ഇതിൽ രേഖപ്പെടുത്താൻ കഴിയുന്നതാണ്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി വിവരങ്ങൾ ഡാറ്റാ സെന്ററിലേക്ക് അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്ക് തന്നിട്ടുള്ള മൊബൈൽ നമ്പറിലേക്ക് രജിസ്ട്രേഷൻ സംബന്ധ



മായ വിവരങ്ങൾ എസ്.എം.എസ്. ആയി ലഭിക്കുന്നതാണ്. നവജാത ശിശുക്കളുടെ പ്രതിരോധ കുത്തിവെയ്പ്പ് സംബന്ധിച്ച ഓർമ്മിപ്പിക്കലുകൾ 6 എസ്.എം.എസ്. സന്ദേശങ്ങൾ വഴി നിശ്ചിത സമയങ്ങളിൽ ജനനം റിപ്പോർട്ട് ചെയ്യുന്നവർക്ക് അയയ്ക്കും. ജനന-മരണ രജിസ്ട്രേഷൻ പ്രവർത്തനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടിട്ടുള്ളതുകൊണ്ടും തദ്ദേശഭരണസ്ഥാപനങ്ങളും (രജിസ്ട്രേഷൻ യൂണിറ്റുകൾ) സംസ്ഥാന ഡാറ്റ സെന്ററും തമ്മിലുള്ള കണക്ടിവിറ്റി പൂർത്തിയായിട്ടുള്ളതു കൊണ്ടും സംസ്ഥാനത്ത് ജനിക്കുന്ന നവജാത ശിശുക്കളുടെ കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

## ഇ-ഗവേണൻസ് സംബന്ധിച്ച് ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ സർക്കാർ പുറപ്പെടുവിച്ച പ്രധാന ഉത്തരവുകൾ

- തദ്ദേശഭരണസ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൽ രൂപത്തിൽ സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗുമായി യോജിപ്പിച്ച് പ്രവർത്തിക്കുന്നത് സംബന്ധിച്ച് സ.ഉ.(കൈ)നം.212/2012 തസ്വഭവ, തീയതി 06.08.2012 – സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- തദ്ദേശഭരണസ്ഥാപനങ്ങളുടെ വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പ്രോജക്ട് ഫോറങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ 07.09.2012-ലെ സ.ഉ.(എംഎസ്) നമ്പർ 233/12/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.





# മണ്ണുപര്യവേഷണവും മണ്ണുസംരക്ഷണവും മാനവരാശിയുടെ നിലനിൽപ്പിന്...

**എം.എ. സുധീർബാബു**

> മണ്ണ് പൊന്നാണ്. കണ്ണിലെ കൃഷ്ണമണിപോലെ നാം കാത്തിടേണ്ട അമൂല്യ ഭൂവിഭവമാണിത്. മണ്ണ് നശിച്ചാൽ മാനവരാശിയും മറ്റു ജീവജാലങ്ങളും നാശത്തിലേക്കു കൂപ്പുകുത്തും. മണ്ണിന്റെ ശരിയായ പരിരക്ഷ വഴിയേ നമുക്ക് നിലനിൽപ്പുള്ളൂ എന്ന് തിരിച്ചറിയാൻ ഇനിയും വൈകരുത്.

മണ്ണ് (soil) പഞ്ചഭൂതങ്ങളിലെ ഒരംഗമാണ്. പഞ്ചഭൂതങ്ങൾ (five elements) എന്നാൽ മണ്ണ് (soil), വായു (air), വെള്ളം (water), അഗ്നി (fire), ആകാശം (sky/atmosphere) എന്നിവയാണ്. മണ്ണിന്റെ പുനരുജ്ജീവനമാണ് നമ്മുടെ കടമ. ഓരോ തരിമണ്ണും ഓരോ തുള്ളി വെള്ളവും അമൂല്യമാണ്. ഇവയെ നാം സംരക്ഷിക്കണം. കരുതിവെയ്ക്കണം. നമുക്കായി, വരും തലമുറകൾക്കായി.

ഭൂമി നമ്മുടെ പെറ്റമ്മയാണ്. എന്നാൽ മണ്ണ് നമ്മുടെ പോറ്റമ്മയാണ്. ഭൂമിയുടെ ഉപരിതലത്തിൽ ജീവനെ നിലനിർത്താൻ സഹായിക്കുന്ന പോഷക ഫലഭൂയിഷ്ടമായ ആവരണമാണ് മണ്ണ്. ഒരിഞ്ച് മേൽമണ്ണുണ്ടാവുന്നതിന് അനേകായിരം വർഷങ്ങൾ ആവശ്യമാണ്. എന്നാൽ, നമ്മുടെ ദുരാഗ്രഹം നിമിത്തം ഇത് നഷ്ടമാവുന്നതിന് കേവലം നിമിഷങ്ങൾ മാത്രം മതിയെന്നത് ഞെട്ടിപ്പിക്കുന്ന സംഗതിയാണ്.

സംസ്ഥാനത്തെ കുടിവെള്ളക്ഷാമവും മണ്ണിന്റെ പോഷക ഗുണത്തിലുള്ള ശോഷണവും കാലാവസ്ഥയിൽ വന്ന മാറ്റവും നമ്മുടെ കാർഷിക സമ്പ്രദായത്തിനും സാമ്പത്തിക അടിത്തറയ്ക്കും വലിയ ഭീഷണിയായേക്കുമെന്നതിൽ തർക്കമില്ല.

മണ്ണിന്റെ ശരിയായ സംരക്ഷണം വഴി മണ്ണിലെ ജലത്തിന്റെ സംഭരണം ഉറപ്പാക്കണം. ഭൂഗർഭജലത്തിന്റെ അമിതചൂഷണം നമുക്ക് ഭീഷണിയായിരിക്കുകയാണ്. ലഭ്യമായ മഴവെള്ളം ശാസ്ത്രീയമായി സംഭരിക്കുകയും ഭാവിയിലെ ആവശ്യത്തിന് കരുതിവെയ്ക്കുകയും വേണം. മണ്ണു





ജല സംരക്ഷണ പ്രവർത്തനങ്ങൾ വിജയമാക്കാൻ 'ജനകീയ കാമ്പയിൻ' ഗ്രാമതലത്തിൽ നടത്താവുന്നതാണ്. മണ്ണിന്റെ നാശത്തെ നിയന്ത്രിക്കാനും നെൽവയലുകൾ, നീർത്തടങ്ങൾ എന്നിവ നിലനിർത്തി ഒരുപ്രദേശത്തിന്റെ പാരിസ്ഥിതിക സുരക്ഷ ഉറപ്പാക്കാൻ കർശന നടപടി കൂടിയേ മതിയാവൂ.

കിട്ടുന്ന വെള്ളത്തെ വീഴുന്നിടത്തു തന്നെ കിടത്തണമെന്നും ഓടുന്നവെള്ളത്തെ നടത്തണമെന്നും നടത്തുന്ന വെള്ളത്തെ കിടത്തണമെന്നും പറയാറുണ്ട്. നമ്മുടെയിടയിൽ മണ്ണു സാക്ഷരത (Soil Literacy), ജലസാക്ഷരത (Water Literacy), വായു സാക്ഷരത (Air Literacy) എന്നിവയുടെ എല്ലാതലങ്ങളും ജനകീയമാക്കാൻ ഊർജ്ജിത ശ്രമമാവശ്യമാണ്.

മണ്ണിന്റെ സുരക്ഷയും സമഗ്രവും ശാസ്ത്രീയവുമായുള്ള ഭൂവിനിയോഗവും തദ്വാര ഒരു പ്രദേശത്തെ മണ്ണിന്റെ പര്യവേഷണവും (സർവ്വെ) നീർത്തടാധിഷ്ഠിതമായ വികസനവും ഉറപ്പാക്കാൻ സംസ്ഥാന സർക്കാരിന്റെ കൃഷിമന്ത്രാലയത്തിനു കീഴിൽ സോയിൽ സർവ്വെ ആൻഡ് സോയിൽ കൺസർവ്വേഷൻ (Department of Soil Survey & Soil Conservation) വകുപ്പു രൂപവൽക്കരിച്ചിട്ടുണ്ട്. ദീർഘവീക്ഷണത്തോടെയുള്ള സമഗ്രമായ ആസൂത്രണവും ചടുലമായ വികസന പദ്ധതികളും വഴി ഈ വകുപ്പിന് ജനകീയാടിത്തറ കൈവരികയാണ്. സംസ്ഥാനത്തെ ജില്ലകളിലും സോയിൽ സർവ്വെ & സോയിൽ കൺസർവേഷൻ ഓഫീസുകളുണ്ട്. പ്രകൃത്യാൽ ഒരു ഭൂപ്രദേശത്തു സ്ഥിതി ചെയ്യുന്ന മണ്ണിനെയും വ്യത്യസ്ത മണ്ണിന്റെ ശ്രേണികളെയും കുറിച്ചു വിശദമായി മനസ്സിലാക്കാനും അതിന്റെ അടിസ്ഥാനത്തിൽ ക്ഷോണി ഭൂപടങ്ങൾ (സോയിൽ മാപ്പ്) തയ്യാറാക്കുവാനും മണ്ണിന്റെ സ്വഭാവങ്ങളും മേന്മകളും പോരായ്മകളും മനസ്സിലാക്കി, ഒരു പ്രദേശത്തെ ഭൂവിനിയോഗ തരംതിരിവും ജലസേചനത്തിന്റെ വിശദാംശങ്ങൾ ലഭിക്കുന്നതിനും സോയിൽ സർവ്വേ വഴി സാധിക്കുന്നു.

മണ്ണിന്റെ രചന, ഘടന, അമ്ല-ക്ഷാര ഗുണം, ജലസംഭരണശേഷി, മണ്ണിലെ ചരൽ, കളിമണ്ണ്, മണൽ, ക്ലേഭം ഇവയുടെ സാന്നിദ്ധ്യം, മണ്ണിന്റെ വിവിധ ന്യൂനതകൾ ഇവയെല്ലാം സോയിൽ സർവ്വെയിൽ പരാമർശിക്കപ്പെടുന്നുണ്ട്.

ഇന്ത്യയിലെതന്നെ ആദ്യത്തേത് എന്നവകാശപ്പെടാവുന്ന ഒരു മണ്ണ് കാഴ്ചബംഗ്ലാവ് (സോയിൽ മ്യൂസിയം) തിരുവനന്തപുരം പാറോട്ടുകോണത്ത് ആരംഭിക്കുന്നതിനുള്ള തീവ്രശ്രമം നടന്നുവരികയാണ്. ഇതിലൂടെ നമ്മുടെ നാട്ടിലെ എല്ലാതരം മണ്ണിനെപ്പറ്റിയും മണ്ണ് ശ്രേണികളെക്കുറിച്ചും മണ്ണിന്റെ ശരിയായ ഗുണമേന്മ, പരിമിതി, മണ്ണ് നന്നാക്കിയെടുക്കാനുള്ള പ്രവർത്തനങ്ങൾ, ശരിയായ മണ്ണിന്റെ ഭൂവിനിയോഗം, വിളകൾ തെരഞ്ഞെടുത്ത് നടുന്നതു വഴിയുള്ള സമഗ്രമായ കാർഷികാസൂത്രണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ സാധാരണക്കാർക്കും സ്കൂൾ വിദ്യാർത്ഥികൾക്കും കർഷകർക്കും മണ്ണിനെയും കൃഷിയേയും സ്നേഹിക്കുന്ന എല്ലാവർക്കും നൽകുകയെന്നതാണ് മണ്ണുശാലയുടെ ഉദ്ദേശം.



> **മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ വിജയമാക്കാൻ 'ജനകീയ കാമ്പയിൻ' ഗ്രാമതലത്തിൽ നടത്താവുന്നതാണ്. മണ്ണിന്റെ നാശത്തെ നിയന്ത്രിക്കാനും നെൽവയലുകൾ, നീർത്തടങ്ങൾ എന്നിവ നിലനിർത്തി ഒരുപ്രദേശത്തിന്റെ പാരിസ്ഥിതിക സുരക്ഷ ഉറപ്പാക്കാൻ കർശന നടപടി കൂടിയേ മതിയാവൂ.**

തിരുവനന്തപുരത്തെ പാറോട്ടുകോണത്തെ കേന്ദ്ര മണ്ണു വിശകലന/പരിശോധനാ ലാബിൽ മണ്ണിന്റെ വിവിധ തരംതിരിവു പഠനവും മണ്ണിലെ പോഷകഗുണ പരിശോധനയും വിവിധ വിളകൾക്കും മണ്ണിനുമുള്ള വളപ്രയോഗ ശുപാർശയും വിവിധ ഏജൻസികൾ ഏൽപ്പിക്കുന്ന പ്രത്യേക പരിശോധനകളും നടത്തിവരുന്നു.

പ്രാദേശിക മണ്ണ് വിശകലന ലാബുകൾ കോഴിക്കോട്, തൃശൂർ, ആലപ്പുഴ ജില്ലകളിലും സോയിൽ ആൻഡ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്-കാസർഗോഡ്, പത്തനംതിട്ട ജില്ലകളിലുമാണ് പ്രവർത്തിക്കുന്നത്.

മണ്ണു പര്യവേഷണത്തിന്റെയടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഭൂപടവും ഭൂവിനിയോഗ തരംതിരിവും ശുപാർശകളും നീർമറി വികസനത്തിനും മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങൾക്കും ഫലപ്രദമായി ഉപയോഗിച്ചു വരുന്നുണ്ട്.

പാലക്കാട് ജില്ലയിലെ 42 പഞ്ചായത്തുകളുടെ ഭൂവിഭവ റിപ്പോർട്ടുകൾ തയ്യാറാക്കി പ്രകാശനം ചെയ്തിട്ടുണ്ട്. ഈ പഞ്ചായത്തുകളിലെ മണ്ണിനങ്ങളുടെ സവിശേഷത, ഭൂക്ഷമത, വിളപരിപാലനം എന്നീ കാര്യങ്ങൾ ഫലവത്തായി മനസ്സിലാക്കാൻ ബെഞ്ച്മാർക്കു മണ്ണുകളെപ്പറ്റിയുള്ള സമഗ്ര പഠനറിപ്പോർട്ടുകളും ലഭ്യമാണ്.

സോയിൽ സർവ്വെ നടത്തിയതിനു ശേഷമാണ് മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. മണ്ണറിഞ്ഞ് വളമെറിഞ്ഞാൽ കിണ്ണം നിറയെ ചോറുണ്ണാം, കതിരിൽ വളം വാരിവിതറേണ്ട കാര്യമില്ല എന്നീ ചൊല്ലുകളും നമുക്കിടയിൽ സുപരിചിതമാണ്. ഇതിനർത്ഥം മണ്ണ് പരിശോധിച്ച് മാത്രം വളം ചേർക്കണമെന്നാണ്. കൃത്യമായ വളർച്ചാഘട്ടത്തിൽ തന്നെ വളം നൽകിയാലേ ശരിയായ ഗുണം കിട്ടുകയുള്ളൂവെന്ന് സാരം.

മണ്ണിന് മജ്ജയുണ്ട്, ജീവനുണ്ട്. മണ്ണില്ലെങ്കിൽ മനുഷ്യരും മറ്റുജീവജാലങ്ങളുമില്ല എന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. മണ്ണും മണലും പുഴയും തോടും മറ്റുള്ള നീരുറവകളും നെൽപ്പാടങ്ങളും എല്ലാം സംരക്ഷിക്കപ്പെടണം. മണ്ണിന്റെ അമിതമായ ഖനനം, മണ്ണറിയാത്ത മനുഷ്യന്റെ ലാഭമോഹം ഇവ നമുക്കും നമ്മുടെ തലമുറകൾക്കും വിനാശമായി തീർന്നേക്കാം.■

*ലേഖകൻ പട്ടാമ്പി സോയിൽ സർവ്വെ ഓഫീസറാണ്.*

**ഉദയഭാനു കണ്ടേത്ത്**

# പഞ്ചായത്ത് അക്കൗണ്ട്

## സംശയങ്ങളും മറുപടികളും

*? പഞ്ചായത്തുകൾ നിർണ്ണയിച്ച് പിരിച്ചെടുക്കുന്ന നികുതിയാണല്ലോ 'കെട്ടിട നികുതി'. ഈ നികുതിയെ എന്തിനാണ് 'വസ്തുനികുതി' യെന്ന് സാംഖ്യയിൽ വിശേഷിപ്പിക്കുന്നത്? ഫോറങ്ങളിലും രജിസ്റ്ററുകളിലും കാണുന്നത് കെട്ടിട നികുതിയെന്നു തന്നെയാണ്.*

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 203-ാം വകുപ്പ് പ്രകാരം 1999 മാർച്ച് 23 വരെ പിരിച്ചെടുത്തിരുന്നത് കെട്ടിട നികുതിയായിരുന്നു. എന്നാൽ 203-ാം വകുപ്പ് 1999 മാർച്ച് 24 മുതൽ പ്രാബല്യത്തിൽ ഭേദഗതി ചെയ്തു. ഇതുപ്രകാരം 'കെട്ടിട നികുതി' എന്ന പേർ 'വസ്തു നികുതി' എന്നായിത്തീർന്നു. മുമ്പ് അച്ചടിച്ചിരുന്ന നികുതിയിൽ തന്നെ അച്ചടി തുടരുന്നതിനാലാണ് ചില ഫോറങ്ങളിലും രജിസ്റ്ററുകളിലും ഇപ്പോഴും 'കെട്ടിട നികുതി' എന്ന തെറ്റായ പേര് കാണുന്നത്.

*? വസ്തുനികുതി നിർണ്ണയിക്കേണ്ടതും പിരിച്ചെടുക്കേണ്ടതും വാർഷികമായിട്ടല്ലേ? ഇതിനുപകരമായി അർദ്ധവാർഷികമായി പിരിച്ചെടുക്കാൻ സാംഖ്യയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. പിരിച്ചെടുക്കാത്ത വസ്തുനികുതിക്ക് അടുത്ത അർദ്ധവർഷം മുതൽ പിഴപ്പലിശ കണക്കാക്കുകയും ചെയ്യുന്നു. ഇതു ശരിയാണോ.*

വസ്തു നികുതി നിർണ്ണയിക്കേണ്ടത് വാർഷികമായിട്ടാണ്; എന്നാൽ പിരിച്ചെടുക്കേണ്ടത് അർദ്ധവാർഷിക ഗഡുക്കളായിട്ടും. ഒരു അർദ്ധവർഷത്തെ നികുതി ആ അർദ്ധവർഷത്തിനകംതന്നെ നൽകണം. ഇല്ലെങ്കിൽ തൊട്ടടുത്ത ദിവസം മുതൽ പിഴപ്പലിശ നൽകണം.

അതായത്, 2012 ഏപ്രിൽ 1 മുതൽ 2012 സെപ്തംബർവരെയുള്ള അർദ്ധ വാർഷിക നികുതി സെപ്തംബർ 30 നകം ഒടുക്കണം. ഇല്ലെങ്കിൽ ഒക്ടോബർ 1 മുതൽ പിഴപ്പലിശ നൽകണം.

*? വസ്തുനികുതിക്കുമേലുള്ള പിഴപ്പലിശ എത്ര ശതമാനമാണ്.*

പ്രതിമാസം ഒരു ശതമാനം വീതമാണ് പിഴപ്പലിശ. '2009-ഇ' വകുപ്പിന് 2009 ഒക്ടോബർ 7 മുതൽ പ്രാബല്യത്തിൽ വരുത്തിയ ഭേദഗതിപ്രകാരമാണിത്. അതിനുമുമ്പ് ഇത് രണ്ടു ശതമാനമായിരുന്നു.

*? വസ്തു നികുതിയുടെ പിഴപ്പലിശ മാത്രമല്ലേ കുറച്ചിട്ടുള്ളൂ? ബൈലോ പ്രകാരം ഈടാക്കുന്ന വാടകയുടെ മേലുള്ള പിഴപ്പലിശ രണ്ടുശതമാനം തന്നെയല്ലേ.*

2009 ഒക്ടോബർ 7 മുതൽ പിഴപ്പലിശ പ്രതിമാസം ഒരു ശതമാനമാണ്. ആക്ട് പ്രകാരമോ, ചട്ടങ്ങൾ പ്രകാരമോ ബൈലോ പ്രകാരമോ ഒടുക്കേണ്ട തുകകൾ നിശ്ചിത തീയതിക്ക് ഒടുക്കിയില്ലെങ്കിൽ പ്രതിമാസം ഒരു ശതമാനം നിരക്കിൽ പിഴപ്പലിശ നൽകണം. ആക്ടിന്റെ 209 ഇ-വകുപ്പിൽ ഇക്കാര്യം കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്.

*? നിർണയിച്ച വാർഷികവസ്തു നികുതി ഒറ്റ സംഖ്യയിൽ അവസാനിക്കുന്ന തുകയാണെങ്കിൽ, അത് അർദ്ധവാർഷിക ഗഡുക്കളായി പിരിച്ചെടുക്കുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കും. ഉദാഹരണത്തിന് വാർഷിക വസ്തുനികുതി 101 രൂപയാണെങ്കിൽ അർദ്ധവാർഷിക ഗഡു 50 രൂപ 50 പൈസാ. ഈ തുക പൂർണ്ണരൂപയിലേക്ക് ക്രമീകരിക്കുമ്പോൾ അർദ്ധവാർഷിക ഗഡു 51 രൂപയായിരിക്കും. അപ്രകാരം വാർഷിക നികുതിയായി 102 രൂപ പിരിക്കേണ്ടി വരും. ഈ പ്രശ്നം എങ്ങനെ പരിഹരിക്കാം.*

പ്രശ്നം പരിഹരിച്ചുകഴിഞ്ഞു. 16.05.2012 ലെ ജി.ഒ. (എം എസ്) 132/05/തസ്വഭവ നമ്പർ സർക്കാർ ഉത്തരവു വഴിയാണിത്. ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

ഇതുവഴി, ഒന്നാം അർദ്ധവാർഷിക ഗഡു 51 രൂപ; രണ്ടാം ഗഡു 50 രൂപ; അങ്ങനെ വാർഷിക വസ്തുനികുതി 101 രൂപ.

*? പൂർണ്ണരൂപയിലല്ലാത്ത തുകകളെ പൂർണ്ണരൂപയിലേക്ക് ക്രമീകരിച്ചാണ് അക്കൗണ്ട് ചെയ്യുന്നത്. എങ്ങനെയാണ് ഈ ക്രമീകരണം നടപ്പാക്കുക.*

പൂർണ രൂപയുടെ അംശത്തെ തൊട്ടടുത്ത പൂർണ്ണരൂപയിലേക്ക് ക്രമീകരിക്കുകയാണ് ചെയ്യുന്നത്. ആക്ടിലെ 273-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിനു കീഴിലുള്ള വിശദീകരണത്തിൽ ഇക്കാര്യം വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

*? വർഷാരംഭത്തിൽ വസ്തുനികുതി മുതലായവയുടെ അക്രൂവൽ സാംഖ്യയിൽ രേഖപ്പെടുത്തുമല്ലോ. പിന്നീട് പുതിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്യേണ്ടിവരും. അതുപോലെ റിവിഷൻ, അപ്പീൽ എന്നിവ പരിഗണിച്ച് നികുതിയിൽ ഇളവ് വരുത്തിയെന്നും വരും. ഇവയൊക്കെ ഉൾക്കൊള്ളിക്കുന്നതിനുള്ള സംവിധാനം എന്താണ്.*

വർഷാരംഭ ദിനത്തിലെ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ അക്രൂവൽ വരുമാനം രേഖപ്പെടുത്തുന്നു. ജേണൽ വൗച്ചർ







വഴിയാണിത്. തുടർന്ന് ഡിമാന്റിൽ വർദ്ധനവുണ്ടാകുമ്പോൾ ജേണൽ വൗച്ചർ വഴി വർദ്ധിച്ച അക്രൂവൽ വരുമാനം രേഖപ്പെടുത്തുന്നു. റിവിഷൻ, അപ്പീൽ എന്നിവ വഴി ഡിമാന്റിൽ കുറവ് സംഭവിക്കുമ്പോൾ രണ്ട് തരത്തിലാണതു കൈകാര്യം ചെയ്യുക.

*1. ഡിമാന്റ് ചെയ്തെങ്കിലും തുക പിരിച്ചെടുത്തിട്ടില്ല.* "Refunds and remissions-Property Tax" എന്ന ഹെഡിന് ഡെബിറ്റും "Receivable for Property Tax (Current)"എന്ന ഹെഡിന് ക്രെഡിറ്റും നൽകി ജേണൽ വൗച്ചറിൽ എൻട്രി നടത്തുക.

*2. ഡിമാന്റ് ചെയ്തു; തുക പിരിച്ചെടുക്കുകയും ചെയ്തു.* "Refunds and remissions Property Tax" എന്ന ഹെഡിൽ ഡെബിറ്റും "Advance collection of Revenues-Property Tax" എന്ന ഹെഡിന് ക്രെഡിറ്റും നൽകി ജേണൽ എൻട്രി നടത്തുക. അടുത്ത വർഷം ആദ്യം "Advance Collection of Revenue Property Tax" എന്ന ഹെഡിന് ഡെബിറ്റും "Receivable for Property Tax (Current) എന്ന ഹെഡിന് ക്രെഡിറ്റും നൽകി ജേണൽ വൗച്ചർ വഴി ഈ തുക ക്രമീകരിക്കാവുന്നതാണ്. ഏതെങ്കിലും കാരണവശാൽ അധികം പിരിച്ചെടുത്ത തുക പണമായി ഉടനെ തിരികെ വേണമെന്ന് നികുതിദായകൻ ആവശ്യപ്പെട്ടാൽ ഇനിപ്പറയുന്ന രീതിയിൽ തിരികെ കൊടുക്കാവുന്നതാണ്. "Refund and Remissions - Property Tax" ന് ഡെബിറ്റും "Refund Payable-Property Tax" ന് ക്രെഡിറ്റും നൽകി ജേണൽ എൻട്രി. "Refund Payable-Property Tax" ന് ഡെബിറ്റും "Own Fund Bank Account" ന് ക്രെഡിറ്റും നൽകി പേയ്മെന്റ് ഓർഡറും പേയ്മെന്റും.

*? കഴിഞ്ഞ വർഷത്തിൽ തന്നെ പണി പൂർത്തിയായ ചില കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം തന്നാണ്ടിൽ എപ്പോഴെങ്കിലുമായിരിക്കും നടത്തുക. അങ്ങനെയാണെങ്കിൽ അവയുടെ അക്രൂവൽ വരുമാനം സാംഖ്യയിൽ എങ്ങനെ, എപ്പോൾ രേഖപ്പെടുത്തും.*

എപ്പോഴാണ് ഡിമാന്റ് തയ്യാറാക്കുന്നത്, അപ്പോൾ രേഖപ്പെടുത്താം. "Receivable for Property tax-current"എന്ന ഹെഡിൽ ഡെബിറ്റും "Prior Period income- Property" എന്ന ഹെഡിനു ക്രെഡിറ്റും നൽകി ജേണൽ വൗച്ചർ വഴി അക്രൂവൽ വരുമാനം രേഖപ്പെടുത്താം. കഴിഞ്ഞ വർഷത്തെ ഡിമാന്റ് തുകയ്ക്ക് സാധാരണ രീതിയിലുള്ള ജേണലും രേഖപ്പെടുത്തണം.■

*തയ്യാറാക്കിയത്:*
***ഉദയഭാനു കണ്ടേത്ത്***
*കൺസൾട്ടന്റ്*
*ഇൻഫർമേഷൻ കേരള മിഷൻ*
*മൊബൈൽ : 9447454221*
*ubkandeth@gmail.com*



*പേജ് 15ൽ നിന്നും*

**സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം കുട്ടികളുടെ അവകാശ നിയമം - 2009**

(c) കുട്ടിയുടെ അറിവ്, ആന്തരിക ശേഷി (potentialites), പ്രതിഭ (talent).
(d) ശാരീരിക മാനസിക കഴിവുകളുടെ പൂർണതോതിലുള്ള വികാസം
(e) ശിശുസൗഹൃദപരവും ശിശുകേന്ദ്രീകൃതവുമായ രീതിയിൽ പ്രവർത്തനങ്ങൾ, കണ്ടെത്തൽ, അന്വേഷണം (discovery and exploration) എന്നിവ വഴിയുള്ള പഠനം.
(f) ബോധനമാധ്യമം പ്രായോഗികമാവുന്നിടത്തോളം മാതൃഭാഷ.
(g) കുട്ടിക്ക് ഭയം, ഭീതി, ഉത്കണ്ഠ (fear, trauma and anxiety) എന്നിവയില്ലാതെയാക്കുകയും തന്റെ അഭിപ്രായം (views) സ്വതന്ത്രമായി പ്രകടിപ്പിക്കുകയും ചെയ്യുന്നതിന് വേണ്ടി സഹായിക്കുക
(h) കുട്ടിയുടെ അറിവിന്റെ ധാരണയും അത് പ്രയോഗിക്കാനുള്ള കഴിവും തുടർച്ചയായും സമഗ്രമായും മൂല്യനിർണയം ചെയ്യൽ.

**സെക്ഷൻ 30**

എലിമെന്ററി വിദ്യാഭ്യാസം പൂർത്തിയാക്കുന്നതു വരെ ഒരു കുട്ടിയും ഏതെങ്കിലും ബോർഡിന്റെ പരീക്ഷകൾ ജയിക്കേണ്ടതില്ല.

എലിമെന്ററി വിദ്യാഭ്യാസം പൂർത്തിയാകുമ്പോൾ കുട്ടിക്ക് നിർദ്ദിഷ്ട വ്യവസ്ഥകൾക്കനുസരിച്ച് ഒരു സർട്ടിഫിക്കറ്റ് നല്കുന്നതാണ്.

**അദ്ധ്യായം - 6**

**കുട്ടിയുടെ അവകാശ സംരക്ഷണം**

**സെക്ഷൻ 31**

ദേശീയ ശിശു അവകാശ സംരക്ഷണ കമ്മീഷനും സംസ്ഥാന ശിശു അവകാശ സംരക്ഷണ കമ്മീഷനും കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നിലകൊള്ളും.

(a) ഈ നിയമത്തിൽ പറഞ്ഞിരിക്കുന്ന ശിശു അവകാശങ്ങൾക്കുവേണ്ടിയുള്ള മുൻകരുതലുകൾ പരിശോധിച്ച് അവലോകനത്തിന് വിധേയമാക്കി ഫലപ്രദമായ നിർവ്വഹണത്തിനുള്ള ശുപാർശകൾ നൽകുന്നതാണ്.
(b) എലിമെന്ററി വിദ്യാഭ്യാസ അവകാശവുമായി ബന്ധപ്പെട്ട് പരാതികൾ അന്വേഷിക്കും.
(c) സെക്ഷൻ 15, 24 എന്നിവയിൽ പറഞ്ഞിരിക്കുന്ന ശിശു അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കും.

**സെക്ഷൻ 32**

ഇതിനുപുറമെ ഈ നിയമത്തിലെ കുട്ടികളുടെ അവകാശവുമായി ബന്ധപ്പെട്ട് ഏത് പരാതിയും ബന്ധപ്പെട്ട പ്രാദേശിക അതോറിറ്റിക്ക് എഴുതി നല്കാവുന്നതാണ്. മൂന്നുമാസത്തിനകം ബന്ധപ്പെട്ട ആളുകൾക്ക് വിശദീകരിക്കാൻ അവസരം നല്കിക്കൊണ്ട് തീരുമാനം കൈക്കൊള്ളണം. അതിൽ തൃപ്തമല്ലെങ്കിൽ സംസ്ഥാന ശിശു അവകാശ സംരക്ഷണ കമ്മീഷന് പരാതി നല്കാം.

**സെക്ഷൻ 33**

കേന്ദ്ര ഗവൺമെന്റ് ഈ നിയമം നടപ്പാക്കുന്നതിന് 15 അംഗങ്ങളിൽ കൂടാത്ത ദേശീയ അഡ്വൈസറി കൗൺസിൽ രൂപീകരിക്കുന്നതാണ്.

**സെക്ഷൻ 34**

(1) സംസ്ഥാന ഗവൺമെന്റ് ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് സഹായിക്കുന്നതിനുവേണ്ടി 15 അംഗങ്ങളിൽ കൂടാത്ത സംസ്ഥാന അഡ്വൈസറി കൗൺസിൽ രൂപീകരിക്കുന്നതാണ്.
(2) ഈ സമിതി ഈ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിനെ ഉപദേശിക്കും

**അദ്ധ്യായം - 7**

**മറ്റുള്ളവ**

**സെക്ഷൻ 35**

കേന്ദ്ര ഗവൺമെന്റ് ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട ഗവൺമെന്റുകൾക്ക് കാലാകാലങ്ങളിൽ മാർഗ്ഗനിർദ്ദേശം നൽകുന്നതാണ്. ബന്ധപ്പെട്ട ഗവൺമെന്റുകൾ ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് വേണ്ടി പ്രാദേശിക ഭരണകൂടം, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എന്നിവയ്ക്ക് ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകും.

**സെക്ഷൻ 36**

പ്രോസിക്യൂഷൻ നടപടികൾ ബന്ധപ്പെട്ട സർക്കാർ നോട്ടിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ അനുമതിയോടെ മാത്രമേ നടപ്പാക്കൂ.

**സെക്ഷൻ 37**

ഈ നിയമം, അനുബന്ധനിയമങ്ങൾ എന്നിവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട സദുദ്ദേശത്തോടെയോ നല്ല ലക്ഷ്യത്തോടെയോ ചെയ്യുന്ന ഒരു കാര്യത്തിനുമെതിരായി കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ, പ്രാദേശിക ഭരണകൂടം, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി അല്ലെങ്കിൽ ഏതെങ്കിലും വ്യക്തികൾ എന്നിവർക്കെതിരെ ഒരു നിയമനടപടിയും നിലനിൽക്കുന്നതല്ല.

**സെക്ഷൻ 38**

ഈ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ (rules) ബന്ധപ്പെട്ട സർക്കാരുകൾ വിജ്ഞാപനം വഴി രൂപീകരിക്കുന്നതാണ്.

## ഷെഡ്യൂൾ
## ഒരു സ്കൂളിനുവേണ്ട വ്യവസ്ഥകളും നിലവാരവും

| ക്രമ നമ്പർ | ഇനം | വ്യവസ്ഥകളും നിലവാരവും | |
|---|---|---|---|
| 1. | **അധ്യാപകരുടെ എണ്ണം**<br>a. 1 മുതൽ 5 വരെ ക്ലാസ്സുകൾക്ക് | **കുട്ടികളുടെ എണ്ണം** | **അധ്യാപകരുടെ എണ്ണം** |
| | | അറുപതു കുട്ടികൾ വരെ | രണ്ട് |
| | | അറുപത്തൊന്നു മുതൽ തൊണ്ണൂറുവരെ | മൂന്ന് |
| | | തൊണ്ണൂറ്റൊന്നു മുതൽ നൂറ്റിയിരുപതുവരെ | നാല് |
| | | നൂറ്റിയിരുപത്തിയൊന്ന് മുതൽ ഇരുനൂറുവരെ | അഞ്ച് |
| | | നൂറ്റിയമ്പത് കുട്ടികളിൽ കൂടുതൽ | അഞ്ചും ഒരു ഹെഡ് ടീച്ചറും |
| | | ഇരുനൂറു കുട്ടികളിൽ കൂടുതൽ | അധ്യാപക - വിദ്യാർത്ഥി അനുപാതം (ഹെഡ് ടീച്ചറൊഴികെ) നാല്പതിൽ കൂടരുത് |
| | b. 6 മുതൽ 8 വരെ ക്ലാസ്സുകൾക്ക് | 1. ഒരു ക്ലാസിന് കുറഞ്ഞത് ഒരു ടീച്ചർ. താഴെപ്പറയുന്നവയ്ക്ക് ഒരു ടീച്ചർ വരത്തക്ക വിധം<br>(i) സയൻസ് കണക്ക്<br>(ii) സോഷ്യൽ സയൻസ്<br>(iii) ഭാഷകൾ | |
| 2. | **അധ്യാപകരുടെ എണ്ണം**<br>1 മുതൽ 5 വരെ ക്ലാസ്സുകൾക്ക് | 2. 35 കുട്ടികൾക്ക് കുറഞ്ഞത് ഒരു ടീച്ചർ<br>3. നൂറിൽക്കൂടുതൽ കുട്ടികളുണ്ടെങ്കിൽ<br>(i) ഒരു ഫുൾടൈം ഹെഡ് ടീച്ചർ<br>(ii) പാർട്ട് ടൈം ഇൻസ്ട്രക്ടർമാർ<br>(A) കലാ വിദ്യാഭ്യാസം<br>(B) ആരോഗ്യംകായിക വിദ്യാഭ്യാസം<br>(C) പ്രവർത്തി വിദ്യാഭ്യാസം (work education) | |
| 3. | കെട്ടിടം | (i) ഓരോ ടീച്ചറിനും കുറഞ്ഞത് ഒരു ക്ലാസ്സ് മുറിയും, ഓഫീസും സ്റ്റോറുമടങ്ങുന്ന മുറി ഹെഡ് ടീച്ചറിനും<br>(ii) അതിരില്ലാത്ത ലഭ്യത (barrier free access)<br>(iii) ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്‌ലറ്റ്.<br>(iv) എല്ലാ കുട്ടികൾക്കും സുരക്ഷിതവും പര്യാപ്തവുമായ കുടിവെള്ള സൗകര്യം<br>(v) ഉച്ചഭക്ഷണം പാചകം ചെയ്യാൻ ഒരു അടുക്കള<br>(vi) ഉച്ചഭക്ഷണം<br>(vii) സ്കൂൾ കെട്ടിടത്തിന് മതിൽ/വേലി | |
| 4. | ഒരു അക്കാദമിക വർഷത്തിലെ പ്രവർത്തിദിനങ്ങൾ/പഠന സമയം | (i) 1 മുതൽ 5 വരെ ക്ലാസ്സുകൾക്ക് 200 പ്രവർത്തിദിനങ്ങൾ<br>(ii) 6 മുതൽ 8 വരെ ക്ലാസ്സുകൾക്ക് 220 പ്രവർത്തിദിനങ്ങൾ<br>(iii) 1 മുതൽ 5 വരെ ക്ലാസ്സുകൾക്ക് 800 മണിക്കൂർ പഠന സമയം<br>(iv)6 മുതൽ 8 വരെ ക്ലാസ്സുകൾക്ക് 1000 മണിക്കൂർ പഠന സമയം | |
| 5. | പ്രതിവാരം ഒരു ടീച്ചറുടെ പ്രവർത്തി സമയം | തയ്യാറെടുക്കുന്ന സമയം ഉൾപ്പെടെ 45 മണിക്കൂർ | |
| 6. | പഠനബോധന സാമഗ്രി | ആവശ്യത്തിനനുസരിച്ച് ക്ലാസ്സിൽ ലഭ്യമാക്കും | |
| 7. | ലൈബ്രറി | പത്രം, മാഗസിനുകൾ, എല്ലാവിഷയത്തിന്റെയും ബുക്കുകൾ, കഥാപുസ്തകങ്ങൾ എന്നിവയുള്ള ഒരു ലൈബ്രറി ഒരു സ്കൂളിൽ ഉണ്ടായിരിക്കും. | |
| 8. | കളിസാമഗ്രികൾ, സ്പോർട്സ്, ഗെയിംസ് ഉപകരണങ്ങൾ | ഓരോ ക്ലാസ്സിലും ആവശ്യത്തിനനുസരിച്ച് ലഭ്യമാക്കും | |

*(Source: Sarva Siksha Abhiyan, Kerala)*







# മങ്കര ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ പെൻഷൻ പദ്ധതി

അർഹരായ മുഴുവൻപേർക്കും പെൻഷൻ അനുവദിച്ചുകൊണ്ട് പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമ പഞ്ചായത്ത് സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കി. ഇതിന്റെ ഔപചാരിക ഉദ്ഘാടനം പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ നിർവ്വഹിച്ചു.

തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിവരുന്ന വിവിധ പെൻഷൻ പദ്ധതികളിലൂടെ അർഹരായ മുഴുവൻ പേർക്കും പെൻഷൻ ആനുകൂല്യം എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് മങ്കര ഗ്രാമ പഞ്ചായത്ത് ജൂൺ 1 മുതൽ 30 വരെ പെൻഷൻ അദാലത്ത് സംഘടിപ്പിച്ചത്.

ആദ്യമായി അന്വേഷണ ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുകയും പെൻഷനെ സംബന്ധിച്ച് നാളിതുവരെയുള്ള എല്ലാ ഉത്തരവുകളും വിശദമായി ചർച്ചചെയ്യുകയും ചെയ്തു. തുടർന്ന് എല്ലാ അംഗൻവാടി, കുടുംബശ്രീ പ്രവർത്തകർക്കും പെൻഷന്റെ നിബന്ധനകളെ സംബന്ധിച്ച് വിശദമായ ക്ലാസ്സ് നൽകി. ജില്ലാ കലക്ടറോട് ഈ അദാലത്തിന് വേണ്ട സഹായസഹകരണങ്ങൾ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. അദ്ദേഹം വില്ലേജ് ഓഫീസർക്കും മറ്റ് ഡിപ്പാർട്ട്മെന്റ് തലവൻമാർക്കും പ്രത്യേക നിർദ്ദേശം നൽകി.

അതിനുശേഷം ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങൾ, ജനപ്രതിനിധികൾ, അംഗൻവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ മുഖേന 15 ദിവസത്തോളം നീണ്ടുനിന്ന പ്രചരണം നടത്തി മങ്കരയിലെ ജനങ്ങൾക്കിടയിൽ അദാലത്തിനെക്കുറിച്ചുള്ള വിവരങ്ങൾ എത്തിച്ചു. പെൻഷൻ അപേക്ഷകൾ അംഗൻവാടി കേന്ദ്രങ്ങളിലുടെയും പഞ്ചായത്ത് ഓഫീസ് മുഖേനയും വിതരണം ചെയ്തു.



മങ്കര ഗ്രാമപഞ്ചായത്തിന്റെ സമ്പൂർണ്ണ പെൻഷൻ പദ്ധതിയുടെ ഔപചാരിക പ്രഖ്യാപനം പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ നിർവ്വഹിക്കുന്നു.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സംഘടിപ്പിച്ച ക്യാമ്പ് ജില്ലാ കലക്ടർ അലി അസ്ഗർ പാഷ ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. പ്രസ്തുത ക്യാമ്പുകളിൽ ലഭിച്ച അപേക്ഷകൾ, അന്വേഷണ ഉദ്യോഗസ്ഥൻമാർ തൽസ്ഥലത്തുവെച്ച് പരിശോധിക്കുകയും തീർപ്പുണ്ടാക്കുകയും ചെയ്തു. അപാകതകളുള്ള അപേക്ഷകൾ രേഖാമൂലം മടക്കി നൽകുകയും അപാകതകൾ പരിഹരിച്ച് നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു. ആകെ 290 അപേക്ഷകൾ ലഭിച്ചതിൽ ശരിയായ മാനദണ്ഡങ്ങൾ പാലിക്കാത്ത 29 പേരുടെ അപേക്ഷകൾ നിരസിക്കുകയും അതിനുള്ള കാരണം രേഖാമൂലം അവരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ജൂലായ് ആദ്യവാരത്തിൽ ജനപ്രതിനിധികളുടെയും രാഷ്ട്രീയകക്ഷി പ്രതിനിധികളുടെ സംയുക്ത യോഗത്തിൽ അർഹരായ മുഴുവൻ പേരും ഉൾപ്പെട്ടു എന്ന് ഉറപ്പുവരുത്തുകയും ഏതെങ്കിലും തരത്തിൽ ആരെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അവർക്ക് അപേക്ഷ നൽകാൻ ഒരാഴ്ചകൂടി സമയം അനുവദിക്കാനും തീരുമാനിച്ചു. ജൂലായ് അവസാനവാരത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണസമിതിയും ചേർന്ന് മുഴുവൻ പെൻഷൻ അംഗീകരിക്കുകയും ചെയ്തു. ■

*തയ്യാറാക്കിയത്:* **എം.എൻ. ഗോകുൽദാസ്**
*പ്രസിഡന്റ്*
*മങ്കര ഗ്രാമപഞ്ചായത്ത്*

### പെൻഷൻ അദാലത്ത് വിശദവിവരങ്ങൾ

| പെൻഷന്റെ പേര് | നിലവിലുള്ള ഗുണ ഭോക്താക്കളുടെ എണ്ണം | അദാലത്തിൽ അംഗീകരിച്ചത് | ആകെ |
|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 366 | 133 | 499 |
| വിധവാ പെൻഷൻ | 396 | 86 | 482 |
| അവിവാഹിത പെൻഷൻ (50 വയസ്സിന് മുകളിൽ) | 53 | 9 | 62 |
| വികലാംഗ പെൻഷൻ | 134 | 15 | 149 |
| കർഷകതൊഴിലാളി പെൻഷൻ | 508 | 18 | 526 |
| **ആകെ** | **1457** | **261** | **1718** |

# ചരിത്രം സൃഷ്ടിച്ചവർ ചരിത്രമെഴുതുമ്പോൾ...

**അജിത് വെണ്ണിയൂർ**

"പത്തു വർഷം മുമ്പ് ഞാൻ എന്റെ ഗ്രാമത്തിലെ ഒരു ദേശസാൽകൃത ബാങ്കിൽ പോയി. സ്വയംതൊഴിൽ തുടങ്ങാൻ വായ്പ കിട്ടുമെന്നറിഞ്ഞ് അതിന് അപേക്ഷിക്കാൻ പോയതാണ്. പല കാരണങ്ങളും ആവശ്യങ്ങളും പറഞ്ഞ് എന്നെ അവർ നൂറുവട്ടം നടത്തിച്ചു. ആവശ്യപ്പെട്ട രേഖകളെല്ലാം കൊടുത്തിട്ടും ഒരു ഫലവുമുണ്ടായില്ല. പിന്നെപ്പിന്നെ എന്നെ കാണുമ്പോൾ അവിടത്തെ ഉദ്യോഗസ്ഥർ ഒരു കുഷ്ഠരോഗിയോടെന്നപോലെ മുഖംതിരിച്ച് അകന്നുമാറാൻ തുടങ്ങി. ഒടുവിൽ ഞാൻ തോറ്റു പിന്മാറി. പിന്നീട് ഞാൻ കുടുംബശ്രീയിൽ ചേർന്നു...."

"...കുടുംബശ്രീയുടെ സഹായത്തോടെ ഒരു സംരംഭം തുടങ്ങി. അയൽക്കൂട്ടം സെക്രട്ടറിയായി, എ.ഡി.എസ്. ഭാരവാഹിയായി, സി.ഡി.എസ്. ചെയർപേഴ്സണായി. ഇപ്പോൾ ഞാൻ നിരന്തരം അതേ ബാങ്കിൽ പോകാറുണ്ട് – പല അംഗങ്ങളുടേയും കാര്യങ്ങൾക്കായി. ഇപ്പോൾ ബാങ്ക് ജീവനക്കാർ എന്നെ മാഡം എന്ന് വിളിക്കുന്നു. മാനേജരുടെ മുറിയിലേക്ക് ക്ഷണിക്കുന്നു. ഇരിക്കാൻ കസേരയും കുടിക്കാൻ ചായയും തരുന്നു. എന്താ ഈയിടെ കാണുന്നില്ലല്ലോ എന്ന് പരിഭവം പറയുന്നു. ഞങ്ങൾ കുടുംബശ്രീക്ക് എന്ത് സഹായമാണ് ചെയ്തുതരേണ്ടത് എന്നു ചോദിക്കുന്നു. പുതിയ സ്കീമുകളെക്കുറിച്ച് വിളിച്ചറിയിക്കുന്നു. ഇത് എന്റെ കഴിവുകൊണ്ട് മാത്രം നേടിയതല്ല, കുടുംബശ്രീ പ്രവർത്തനം എനിക്ക് നേടിത്തന്ന അറിവും അംഗീകാരങ്ങളും ആദരവുമാണ്".

അനുഭവങ്ങൾ കുടുംബശ്രീയുടെ ഒരു പൊതുവേദിയിൽ പങ്കിടവേ ആ സഹോദരി ഒന്നുകൂടി കൂട്ടിച്ചേർത്തു. "ഈ അനുഭവം എനിക്ക് പൊതുരംഗത്ത് മാത്രമല്ല. നാട്ടിൽ ഞാൻ വേണ്ടപ്പെട്ടവളായപ്പോൾ വീട്ടിൽ ഞാൻ വി.ഐ.പി.യായി. എന്റെ ശബ്ദത്തിന് വിലയുണ്ടായി. പ്രധാന തീരുമാനങ്ങളെടുക്കുമ്പോൾ എന്റെ അഭിപ്രായങ്ങൾക്കും താൽപര്യങ്ങൾക്കും സ്ഥാനമുണ്ടായി. ആരോടും കൈനീട്ടാതെ സ്വന്തം ആവശ്യങ്ങൾ നിർവഹിക്കാമെന്ന ആത്മവിശ്വാസം കൈവന്നു. നല്ലൊരു ജീവിത പങ്കാളിയേയും കിട്ടി. പത്തുപാസ്സാകാതെ പഠിത്തം നിർത്തി അടുക്കളയിൽ ഒതുങ്ങിക്കൂടിയിരുന്ന എനിക്ക് ഇതെല്ലാം നേടിത്തന്നത് കുടുംബശ്രീയാണ്".









*പാറശ്ശാല പഞ്ചായത്ത് സി.ഡി.എസ്. പ്രവർത്തകർ തയ്യാറാക്കിയ അനുഭവകഥകൾ കവയത്രി റോസ്മേരിക്ക് നൽകി പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ പ്രകാശനം ചെയ്യുന്നു. ആർ. സെൽവരാജ് എം.എൽ.എ. സമീപം.*

**പങ്കാളിത്ത പുസ്തകരചന**

ഈ അനുഭവം ഒറ്റപ്പെട്ട ഒന്നല്ല, ഇതുപോലെ കേരളത്തിലെ പാവപ്പെട്ട ലക്ഷോപലക്ഷം സ്ത്രീകളുടെ ജീവിതത്തിൽ സംഭവിച്ച ശുഭകരവും അവിശ്വസനീയവുമായ പരിണാമകഥകൾ കുടുംബശ്രീയുടെ നിധിശേഖരത്തിൽ ഒളിഞ്ഞിരിപ്പുണ്ട്. ഇങ്ങനെ കഴിഞ്ഞ 14 വർഷം കേരള സമൂഹത്തിലെ സ്ത്രീജീവിതത്തിൽ ഉണ്ടായ ശ്രദ്ധേയമായ മാറ്റങ്ങളും ചലനങ്ങളും വഴിത്തിരിവുകളും ചരിത്രത്തിന്റെ ശിലയിൽ ആലേഖനം ചെയ്യുന്ന മഹത്തായ പ്രക്രിയയ്ക്ക് തുടക്കം കുറിച്ചിരിക്കയാണ് കുടുംബശ്രീ പങ്കാളിത്ത പുസ്തകരചന എന്ന നവീന സംരംഭത്തിലൂടെ. ഇത്തരത്തിലുള്ള സത്യസന്ധമായ ജീവിതാനുഭവങ്ങളുടെ അനേകായിരം അക്ഷരസാക്ഷ്യങ്ങൾ സംസ്ഥാനമെമ്പാടും നടക്കുന്ന പുസ്തകയാത്രയിലൂടെ സമൂഹത്തിനു മുമ്പിൽ സമർപ്പിക്കപ്പെടുകയാണ്. അത് ചരിത്രത്തിന്റെ ഏറ്റവും തിളക്കമുള്ള താളുകളിൽ തന്നെ പകർത്തപ്പെടും.

സെപ്തംബർ 9ന് കാസർഗോഡ് ജില്ലയിലെ ഹൊസങ്കഡിയിൽ നിന്നും പത്തിന് തിരുവനന്തപുരം ജില്ലയിലെ ഉദിയൻകുളങ്ങരയിൽ നിന്നും ആരംഭിച്ച യാത്രകൾ ഒക്ടോബർ ഒന്നിന് എറണാകുളത്ത് സംഗമിക്കും. ജാഥകൾ കടന്നുപോകുന്ന 132 കേന്ദ്രങ്ങളിൽ ഏകദിന കുടുംബശ്രീ സംഗമങ്ങളും അയൽക്കൂട്ട അംഗങ്ങൾ കുടുംബശ്രീ അനുഭവങ്ങൾ പങ്കിടുന്ന വായനയും ചർച്ചകളും കലാപരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിനായി സംസ്ഥാനത്തുടനീളം സ്വാഗതസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു.

**ചരിത്രം സൃഷ്ടിച്ചവർ തന്നെ അതേ ചരിത്രം അക്ഷരരൂപത്തിൽ പകർത്തുന്ന സമാനതകളില്ലാത്ത ഈ പ്രക്രിയ ചരിത്രത്തിൽ നിർണായകമായ ഇടം നേടുകയാണ്. ഇത് ലോകത്തിലെ ആദ്യത്തെ വികസന സാഹിത്യചരിത്രം (Development Literature) എന്ന നിലയിലും ഒരു പുതിയ റെക്കോർഡ് ആണ്. ഒരു ലക്ഷത്തിലേറെ സ്ത്രീകൾ അവരുടെ കുടുംബശ്രീ അനുഭവങ്ങൾ അക്ഷരങ്ങളിൽ പകർത്തി ചരിത്രത്തിൽ ഇടം പിടിക്കുകയാണ് ഇതിലൂടെ.**

**വളർച്ചയുടെ നേർക്കാഴ്ച**

കേരളീയ സമൂഹത്തിൽ സ്ത്രീജീവിതം സർവതോമുഖമായ ഒരു മാറ്റത്തിന്റെ പാതയിലാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും കൈവരിക്കുന്ന പുരോഗതിയുടെ അളവ് നിർണയിക്കാനുള്ള മാനദണ്ഡങ്ങളിൽ ഒന്നായി സ്ത്രീകൾക്കുണ്ടായ മാറ്റങ്ങളെ നമുക്ക് എടുത്തുപറയാൻ കഴിയും. പ്രത്യേകിച്ച് സാക്ഷരത, തൊഴിൽ, സാമൂഹിക പുരോഗതി എന്നീ മേഖലകളിൽ.

സമൂഹത്തിന്റെ സമഗ്ര വികസനത്തിന് ഉതകും വിധത്തിൽ സ്ത്രീകൾക്ക് ഏറെ മുന്നേറാൻ സാധിച്ചിട്ടുണ്ട് എന്നത് തികച്ചും ചാരിതാർത്ഥ്യജനകമായ ഒന്നാണ്. ഈ നേട്ടങ്ങൾ കൈവരിക്കുന്നതിൽ കുടുംബശ്രീയുടെ കഴിഞ്ഞ പതിനാലു വർഷത്തെ പ്രവർത്തനങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്. ദേശീയ അന്തർദേശീയതലങ്ങളിൽ അത് പ്രശംസിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

ദാരിദ്ര്യനിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കുടുംബശ്രീ പ്രസ്ഥാനം ഇന്ന് ഏഷ്യൻ ഭൂഖണ്ഡത്തിലെ തന്നെ ഏറ്റവും വലിയ സ്ത്രീസംഘടനാ സംവിധാനമായി വളർന്നിരിക്കുകയാണ്. 35 ലക്ഷം കുടുംബങ്ങളും 2,14,805 അയൽക്കൂട്ടങ്ങളും 50,000ലേറെ സൂക്ഷ്മസംരംഭങ്ങളുമുള്ള കുടുംബശ്രീ പ്രസ്ഥാനത്തിന് സംസ്ഥാനത്ത് വനിതകളുടെ സാമ്പത്തിക ശാക്തീകരണപാതയിൽ നിർണായക ഭാഗധേയമാകാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാമൂഹിക



മാറ്റത്തിന്റെ ഐതിഹാസികമായ പ്രക്രിയയിൽ അവഗണനയുടെയും അടിച്ചമർത്തലിന്റെയും നാലു ചുവരുകൾക്കുള്ളിൽ നിന്ന് അയൽക്കൂട്ടങ്ങളിലേക്ക് വന്ന സ്ത്രീസമൂഹം അറിവിന്റെയും അംഗീകാരത്തിന്റെയും ലോകത്തേക്ക് വളർന്നതിന്റെ നേർക്കാഴ്ചയാവും ഈ അനുഭവസമാഹാരം.

**ചരിത്രം സൃഷ്ടിച്ചവർ ചരിത്രം രചിക്കുന്നു**

ചരിത്രം സൃഷ്ടിച്ചവർ തന്നെ അതേ ചരിത്രം അക്ഷരരൂപത്തിൽ പകർത്തുന്ന സമാനതകളില്ലാത്ത ഈ പ്രക്രിയ അക്കാരണം കൊണ്ടു തന്നെ ചരിത്രത്തിൽ നിർണായകമായ ഇടം നേടുകയാണ്. ഇത് ലോകത്തിലെ ആദ്യത്തെ വികസന സാഹിത്യചരിത്രം (Development Literature) എന്ന നിലയിലും ഒരു പുതിയ റെക്കോർഡ് ആണ്. ഒരു ലക്ഷത്തിലേറെ സ്ത്രീകൾ അവരുടെ കുടുംബശ്രീ അനുഭവങ്ങൾ അക്ഷരങ്ങളിൽ പകർത്തി ചരിത്രത്തിൽ ഇടം പിടിക്കുകയാണ് ഇതിലൂടെ.

ഇല്ലായ്മകളുടെ ഇരുട്ടിൽ നിന്നും കഠിനാധ്വാനവും ഇച്ഛാശക്തിയും കൊണ്ട് മുന്നേറാനും അതുവഴി സ്വയം ഒരു ദീപശിഖയായി മാറി തങ്ങളുടെ ജീവിതത്തിലും സമൂഹത്തിലും വെളിച്ചം പകരാനും കഴിഞ്ഞ ഈ സ്ത്രീകളുടെ അനുഭവകഥകൾ ഭാവിയിൽ സ്ത്രീപദവി സ്വയം പഠന പ്രക്രിയയുടെ ഫലപ്രദവും വിജയകരവുമായ നടത്തിപ്പിനുവേണ്ടിയുള്ള പാഠപുസ്തകങ്ങളായി മാറും. സ്ത്രീകൾക്ക് അവരുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹിക ജീവിതത്തിലും പ്രതിഫലിക്കുന്ന അനുഭവകഥകളാണ് ഇതിൽ രേഖപ്പെടുത്തുന്നത്.

**പങ്കാളിത്ത പുസ്തകരചനാപ്രക്രിയ**

അയൽക്കൂട്ടങ്ങൾ കേന്ദ്രീകരിച്ച് ഇത്രയുംപേർ പ്രായഭേദമില്ലാതെ അനുഭവക്കുറിപ്പുകൾ തയ്യാറാക്കുന്നത് ഇതാദ്യമാണ്. അടുക്കളച്ചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കഴിഞ്ഞവർ കുടുംബശ്രീയിലൂടെ പൊതുധാരയിൽ എത്തിയപ്പോൾ ലഭിച്ച കഴിവുകൾ, പൊതുപ്രവർത്തനരംഗത്തും ജീവിതവീക്ഷണത്തിലുമുണ്ടായ മാറ്റങ്ങൾ, കാഴ്ചപ്പാട്, എന്നിവയ്ക്കൊപ്പം ചുറ്റുമുള്ളവരുടെ ജീവിതത്തിൽ വരുത്താൻ കഴിഞ്ഞ മാറ്റങ്ങളും അനുഭവക്കുറിപ്പുകളുടെ രചനയിൽ വിഷയങ്ങളാവുന്നു.



**ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കുടുംബശ്രീ പ്രസ്ഥാനം ഇന്ന് ഏഷ്യൻ ഭൂഖണ്ഡത്തിലെ തന്നെ ഏറ്റവും വലിയ സ്ത്രീസംഘടനാ സംവിധാനമായി വളർന്നിരിക്കുകയാണ്. 35 ലക്ഷം കുടുംബങ്ങളും 2,14,805 അയൽക്കൂട്ടങ്ങളും 50,000ലേറെ സൂക്ഷ്മ സംരംഭങ്ങളുമുള്ള കുടുംബശ്രീ പ്രസ്ഥാനത്തിന് സംസ്ഥാനത്ത് വനിതകളുടെ സാമ്പത്തിക ശാക്തീകരണപാതയിൽ നിർണായക ഭാഗധേയമാകാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാമൂഹിക മാറ്റത്തിന്റെ ഐതിഹാസികമായ പ്രക്രിയയിൽ അവഗണനയുടെയും അടിച്ചമർത്തലിന്റെയും നാലു ചുവരുകൾക്കുള്ളിൽ നിന്ന് അയൽക്കൂട്ടങ്ങളിലേക്ക് വന്ന സ്ത്രീസമൂഹം അറിവിന്റെയും അംഗീകാരത്തിന്റെയും ലോകത്തേക്ക് വളർന്നതിന്റെ നേർക്കാഴ്ചയാവും ഈ അനുഭവസമാഹാരം.**

കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ നിന്നാണ് അനുഭവങ്ങൾ പിറവിയെടുക്കുന്നത്. പത്ത് മുതൽ ഇരുപത് വരെ സ്ത്രീകൾ ഉൾപ്പെടുന്നതാണ് ഓരോ അയൽക്കൂട്ടവും. അവർ ഒന്നിച്ചുകൂടി രണ്ടുമണിക്കൂർ കൊണ്ട് തയ്യാറാക്കിയ അനുഭവക്കുറിപ്പുകൾ ഒരാൾ ഉറക്കെ വായിക്കുന്നു. മറ്റ് അംഗങ്ങൾ വിലയിരുത്തുന്നു. ഇങ്ങനെ മറ്റുള്ളവർക്കുകൂടി പ്രചോദനമാകുന്ന കുറിപ്പുകൾ തിരഞ്ഞെടുത്ത് വാർഡ് തലത്തിലുള്ള എ.ഡി.എസിനെ ഏൽപ്പിക്കുന്നു. വാർഡ് തലത്തിൽ നിന്നുള്ളവയിലെ ശ്രദ്ധേയമായ രചനകൾ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള സി.ഡി.എസുകൾക്ക് കൈമാറുന്നു. സി.ഡി.എസിൽ ലഭിക്കുന്ന അനുഭവക്കുറിപ്പുകൾ സ്ത്രീകൾ മാത്രമുള്ള എഡിറ്റോറിയൽ ബോർഡ് വിലയിരുത്തുന്നു. അവർ അനുഭവങ്ങളിൽ മാറ്റം വരുത്താതെ, പ്രാദേശിക ഭാഷാപ്രയോഗങ്ങളും രീതികളും അതേപടി നിലനിർത്തി പുസ്തകരൂപത്തിലാക്കുന്നു. ഓരോ പഞ്ചായത്തിലും സി.ഡി.എസുകൾ സമാഹരിക്കുന്ന അനുഭവക്കുറിപ്പുകൾ അടുത്ത പഞ്ചായത്തുകൾക്ക് കൈമാറുന്നു. ഇതാണ് കുടുംബശ്രീ രൂപകല്പന ചെയ്ത പുസ്തകരചനാ പ്രക്രിയ.

**പുസ്തകയാത്ര**

ഇത്തരത്തിൽ കേരളത്തിലുടനീളം അയൽക്കൂട്ടാംഗങ്ങൾ തയ്യാറാക്കിയ പുസ്തകങ്ങൾ ശേഖരിച്ചാണ് കുടുംബശ്രീ സി.ഡി.എസിലൂടെ പുസ്തകയാത്ര നടത്തുന്നത്. കുടുംബശ്രീയിലെ തന്നെ കലാകാരികൾ പങ്കാളിത്ത ശിൽപശാലയിലൂടെ രൂപകൽപന ചെയ്ത "ഭേരി" എന്ന കലാരൂപവും സംസ്ഥാനത്തുടനീളം പുസ്തകയാത്രയെ അനുഗമിക്കുന്നുണ്ട് 132 കേന്ദ്രങ്ങളിൽ പുസ്തകയാത്രയും കുടുംബശ്രീ കലാസംഘവും എത്തിച്ചേരും. 2,16,000 കുടുംബശ്രീ അയൽക്കൂട്ടങ്ങളാണ് സംസ്ഥാനത്തൊട്ടാകെയുള്ളത്. 1072 സി.ഡി.എസുകളും.

ആത്മവിശ്വസത്തിന്റെ വേരുകൾ മണ്ണിലുറപ്പിച്ചു കൊണ്ടാണ് ഈ സ്ത്രീകൾ ഓരോരുത്തരും നിലനിൽക്കുന്നത്. അവർ ഇച്ഛാശക്തിയോടെ വളരുകയും വളമാവുകയും ചെയ്യുന്നു. അനേകലക്ഷം ശാഖോപശാഖകളിൽ ഫലസമൃദ്ധി നിറയ്ക്കുന്നു. അങ്ങനെ ഇന്ന്, ഈ സ്ത്രീസമൂഹത്തിനാകെ തണൽ വിരിക്കാൻ കഴിയുന്ന ഒരു മഹാവൃക്ഷമായി കുടുംബശ്രീ എന്ന പ്രസ്ഥാനം വളർന്നു കഴിഞ്ഞിരിക്കുന്നു. ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കാവശ്യമായ വെള്ളവും വളവും വെളിച്ചവുമായി നിലകൊള്ളുന്നത് മുൻപ് സൂചിപ്പിച്ചതു പോലുള്ള ആയിരക്കണക്കിനു സാധാരണക്കാരായ സ്ത്രീകളുടെ കലർപ്പില്ലാത്ത ജീവിതാനുഭവങ്ങളാണ്. ഈ പുസ്തകങ്ങളിൽ നിന്നും തെരഞ്ഞെടുത്ത ശ്രദ്ധേയമായ അനുഭവങ്ങൾ ഭാവിയിൽ കുടുംബശ്രീ സംസ്ഥാന മിഷൻ പ്രസിദ്ധീകരിക്കും. അവ ഇംഗ്ളീഷിലേക്ക് വിവർത്തനം ചെയ്യാനും ആലോചനയുണ്ട്.■

*ലേഖകൻ കുടുംബശ്രീയിൽ പബ്ലിക് റിലേഷൻസ് ആഫീസറാണ്.*



# അനുഭവങ്ങളുടെ തീക്ഷ്ണാവിഷ്ക്കാരവുമായി അരങ്ങിൽ കുടുംബശ്രീ വനിതകൾ

ജീവിതത്തിന്റെ പല മേഖലകളിലും അതിക്രമത്തിനും ചൂഷണത്തിനും വിധേയരാക്കപ്പെടുന്ന സ്ത്രീകളുടേയും കുട്ടികളുടേയും അവസ്ഥയും അതിനെ ചെറുത്തു നിൽക്കേണ്ടതിന്റെ ആവശ്യകതയും കുടുംബശ്രീ അംഗങ്ങളായ വനിതകൾ അരങ്ങിൽ പകർത്തിയത് ദൃശ്യാനുഭവത്തിന്റെ വേറിട്ട അനുഭവമായി.



കുടുംബശ്രീ പതിനാലാം വാർഷികത്തോടനുബന്ധിച്ചു നടത്തുന്ന പുസ്തകയാത്രയുടെ ഭാഗമായി നാടകവും നാടൻപാട്ടുകളും സമന്വയിപ്പിച്ച് കുടുംബശ്രീ പ്രവർത്തകരായ സ്ത്രീകൾ തന്നെ കഥയും രചനയും സംഗീതവും നൃത്തവും ചിട്ടപ്പെടുത്തി അവതരിപ്പിച്ച 'ഭേരി'യുടെ രംഗാവിഷ്കാരം പ്രമേയാവതരണത്തിന്റെ പുതുമ കൊണ്ട് ശ്രദ്ധേയമായി.

പതിനാലാം വാർഷികത്തോടനുബന്ധിച്ച് അനേകായിരം കുടുംബശ്രീ പ്രവർത്തകർ സ്വയം എഴുതിയ അനുഭവകഥകൾ സമാഹരിച്ച് 1072 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്ന പ്രക്രിയ നടന്നുവരികയാണ്. അനുഭവങ്ങൾ പങ്കിട്ടും പുസ്തകങ്ങൾ സമാഹരിച്ചും സെപ്തംബർ 9 മുതൽ ഒക്ടോബർ ഒന്ന് വരെ സംസ്ഥാനത്തുടനീളം നടക്കുന്ന പുസ്തകയാത്രയിൽ കുടുംബശ്രീ പ്രവർത്തകർ ഈ ലഘു നാടകവും നാടൻപാട്ടുകളും അവതരിപ്പിച്ചുവരുന്നു.



സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും അവരുടെ ജീവിതസാഹചര്യങ്ങളും തനിമയോടെ അവതരിപ്പിക്കുകയും അതിലൂടെ സ്ത്രീപുരുഷ സമത്വം നിലനിൽക്കുന്ന ഒരു ലോകം സ്വപ്നം കാണുകയുമാണ് ഈ ഹ്രസ്വ നാടകത്തിലൂടെ.

സർക്കാർ-സർക്കാരിതര സ്ഥാപനങ്ങൾ, നീതിന്യായ സംവിധാനങ്ങൾ തുടങ്ങിയവെല്ലാം ഒരുമിച്ചു പ്രവർത്തിക്കുമ്പോഴേ സുരക്ഷിതവും സമാധാനപൂർണവുമായ ജീവിതം കൈവരിക്കാൻ നമുക്ക് സാധിക്കൂകയുള്ളൂ എന്ന സന്ദേശമാണ് നാൽപ്പത് മിനിട്ടുള്ള രംഗാവതരണത്തിലൂടെ നൽകുന്നത്.



മദ്യം വിൽക്കുന്ന ഒരാളുടെ കുടുംബത്തിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ, ട്രെയിൻ യാത്രയ്ക്കിടയിൽ സ്ത്രീകൾ നേരിടുന്ന അരക്ഷിതാവസ്ഥ, പല കാരണങ്ങൾ കൊണ്ടും നിലവിലുള്ള നീതി ന്യായ സംവിധാനങ്ങളിൽ നിന്നും അവൾക്ക് നീതി കിട്ടാൻ വൈകുന്നത് തുടങ്ങി സമകാലിക ജീവിതത്തിൽ സ്ത്രീകൾക്ക് നേരിടേണ്ടിവരുന്ന വിവിധ പ്രശ്നങ്ങളെല്ലാം അരങ്ങിൽ പുനർജ്ജനിച്ചു.

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത കുടുംബശ്രീ പ്രവർത്തകരാണ് ഈ ലഘു നാടകത്തിൽ അഭിനയിച്ചിട്ടുള്ളത്. കേരളത്തിലെ സ്ത്രീ നാടകവേദിയിൽ പ്രവർത്തിക്കുന്ന പ്രമുഖ വ്യക്തികളായ സുധി, രാജരാജേശ്വരി എന്നിവരാണ് ഇതിന്റെ സംവിധാനം നിർവഹിച്ചിട്ടുള്ളത്. നാടൻപാട്ടു മേഖലയിൽ പ്രശസ്തയായ കലാമണ്ഡലം സിന്ധുവാണ് നൃത്തച്ചുവടുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. കുടുംബശ്രീ ജെൻഡർ ടീമിന്റെ മേൽനോട്ടത്തിലാണ് 'ഭേരി'യുടെ രംഗാവിഷ്ക്കാരം.

മുരളീധരൻ തഴക്കര

പരമ്പര: 34

# തേഞ്ഞുമാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ



"കേവഞ്ചികളുടെ അമരത്തെന്നും കേരളഗാനമുയർന്നു...." എന്ന് വയലാർ എഴുതിയിട്ടുണ്ട്. കേരള ഗാനം മാത്രമല്ല കേരളത്തിന്റെ തനതു സാംസ്കാരിക സത്തയാണ് നമ്മുടെ ജലയാനങ്ങൾ നമുക്കു തന്നത്. യന്ത്രവൽകൃതവും വേഗം ഏറിയതുമായ ഏതു ജലയാത്രാസംവിധാനം വന്നാലും ചെറിയ തോടുകളും ഇടച്ചാലുകളും കൊണ്ട് പരസ്പരം ബന്ധിക്കപ്പെട്ടിരുന്ന കേരളത്തിന്റെ ജല ഞരമ്പുകളിൽ ജീവൻ വഹിച്ചു പോന്നത് നമ്മുടെ കൊതുമ്പു വള്ളങ്ങളായിരുന്നു. കേരളമെന്ന് പറയുമ്പോൾ സ്മൃതിയിൽ കഥകളിയും ചുണ്ടൻവള്ളങ്ങളും കൊതുമ്പു വള്ളങ്ങളുമൊന്നും കടന്നെത്താതെ വയ്യ. കായലിൽ രാപകൽ ഭേദമില്ലാതെ കഴയൂന്നി വിലയേറിയ ചരക്കുകളും ജനസഹസ്രങ്ങളെയും ഒരു കരയിൽ നിന്ന് മറുകരയിൽ എത്തിച്ചിരുന്നതും വള്ളങ്ങൾ തന്നെ. അവ സൃഷ്ടിച്ച ജനപദങ്ങളും ജീവിതവും ഇന്ന് നമ്മെ എത്ര കണ്ട് തുണയ്ക്കുന്നു എന്നത് മറ്റൊരു കാര്യം. വള്ളവുമായി ഇഴചേർന്ന ഏതാനും പദങ്ങളാണിന്ന്. ഇതിൽ നിന്നും വിട്ടുപോയ വാക്കുകൾ വായനക്കാർ കൂട്ടിച്ചേർക്കുമ്പോൾ ഈ ശബ്ദകോശം ഇനിയും വിപുലമാക്കാം.

### വള്ളം

റോഡുകളും വാഹനങ്ങളും ഇത്ര കണ്ട് വ്യാപകമാകുന്നതിനുമുമ്പ് ജലമാർഗ്ഗമുള്ള ഗതാഗതമായിരുന്നു പ്രധാന ആശ്രയം. ഇതിനായി പല വലിപ്പത്തിലുള്ള വള്ളങ്ങളാണ് ഉപയോഗിച്ചിരുന്നത്. ചരക്കുനീക്കത്തിനും വള്ളമായിരുന്നു പ്രധാന ഉപാധി. കുട്ടനാടുപോലെ വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശങ്ങളിൽ ജനജീവിതത്തിന്റെ ചലനം നിയന്ത്രിച്ചിരുന്നത് വള്ളങ്ങളായിരുന്നു. ഇന്നിപ്പോൾ കാറും സ്കൂട്ടറും മറ്റും ഉള്ളതുപോലെ വീടുകളിൽ യാത്രയ്ക്കായി വള്ളങ്ങളാണുണ്ടായിരുന്നത്. രണ്ടു വള്ളത്തിൽ കാൽ വെയ്ക്കുക, കരയ്ക്കു നിന്ന് വള്ളം മുക്കുക തുടങ്ങി വള്ളവുമായി ബന്ധപ്പെട്ട പ്രയോഗങ്ങളും നിരവധിയാണ്.

### വള്ളം ഊന്നുക

നല്ല ബലമുള്ളതും സാമാന്യം നീളമുള്ളതുമായ മുളയാണ് വള്ളം ഊന്നുന്നതിനായി ഉപയോഗിക്കുന്നത്. വലിയ വള്ളമാണെങ്കിൽ മുമ്പിലും പിമ്പിലുമായി രണ്ടുപേർ ചേർന്നാകും വള്ളം ഊന്നുന്നത്. വള്ളം ഊന്നുന്ന മുളയ്ക്ക് കഴുക്കോൽ, കഴ എന്നിങ്ങനെയും പറയാറുണ്ട്. വള്ളം ഊന്നുന്നത് വളരെ ആയാസകരമായ ജോലിയാണ്.

### വള്ളംകളി

ജലോത്സവം, ജലമേള എന്നിങ്ങനെ പല പേരിലും വള്ളംകളി അറിയപ്പെടുന്നു. ആലപ്പുഴ പുന്നമടക്കായലിൽ നടക്കുന്ന നെഹ്റുട്രോഫി വള്ളംകളി, ചമ്പക്കുളം മൂലം വള്ളംകളി, ആറന്മുള ഉത്തൃട്ടാതി വള്ളംകളി തുടങ്ങിയവയെല്ലാം കേരളത്തിൽ നടക്കുന്ന പ്രസിദ്ധമായ വള്ളംകളികളാണ്.ആഗസ്റ്റ്-സെപ്റ്റംബർ-ഒക്ടോബർ മാസങ്ങൾ കേരളത്തിൽ വള്ളംകളിയുടെ സീസണാണ്. ഇപ്പോൾ കേരളത്തിൽ പല പ്രദേശങ്ങളിലും പല പേരുകളിൽ ജലോത്സവങ്ങൾ നടക്കുന്നുണ്ട്. ചുണ്ടൻവള്ളങ്ങൾ, വെപ്പ്, ഇരുട്ടുകുത്തി, ചുരുളൻ ഇങ്ങനെ ഓരോ ഇനത്തിൽപ്പെട്ട വള്ളങ്ങൾക്കും പ്രത്യേകം പ്രത്യേകം മത്സരങ്ങൾ നടക്കാറുണ്ട്. ഒരേ താളത്തിൽ തുഴയെറിഞ്ഞ് വഞ്ചിപ്പാട്ടു പാടി മത്സരവള്ളങ്ങൾ ജലപ്പരപ്പിലൂടെ ചീറിപ്പാഞ്ഞു പോകുമ്പോൾ അതൊരു കൗതുക കാഴ്ച തന്നെയാണ്.

### കെട്ടുവള്ളം

ചരക്കു നീക്കത്തിനാണ് പ്രധാനമായും മേൽമൂടിയുള്ള ഈ വള്ളങ്ങൾ ഉപയോഗിച്ചിരുന്നത്. ഇങ്ങനെ ദീർഘദൂരം പോകേണ്ട കെട്ടുവള്ളങ്ങൾക്ക് കടന്നു പോകുവാൻ പ്രത്യേക ജലപാതകൾ തന്നെയുണ്ടായിരുന്നു. വള്ളത്തിനുള്ളിലെ സാധനങ്ങൾ മഴയും വെയിലുമേൽക്കാതെ സംരക്ഷിക്കുന്നതിനാണ് മേൽമൂടികളുള്ള കെട്ടുവള്ളങ്ങൾ ഇതിനായി ഉപയോഗിക്കുന്നത്. രണ്ടോ മൂന്നോ ലോറികളിൽ കയറ്റിക്കൊണ്ടു പോകുവാൻ കഴിയുന്നത്ര ചരക്കുകളാണ് വലിയ ചരക്കുവള്ളങ്ങളിൽ കയറ്റിയിരുന്നത്.

### വിളക്കുമാടം

നിറയെ ചരക്കുകളുമായി പുറപ്പെടുന്ന കെട്ടുവള്ളങ്ങൾ ലക്ഷ്യസ്ഥാനത്തെത്തുവാൻ ചിലപ്പോൾ മൂന്നും നാലും ദിവസങ്ങൾ തന്നെ വേണ്ടിവന്നേക്കാം. രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ വള്ളം ഊന്നിയുള്ള ഈ യാത്രയ്ക്കിടയിൽ വള്ളം കരയ്ക്കടുപ്പിച്ച് കെട്ടിയിട്ട ശേഷം ഒന്നിളവേല്ക്കാൻ വള്ളക്കടവുകളുണ്ട്. ഈ കടവ് തിരിച്ചറിയുന്നതിനും സ്ഥലം മനസ്സിലാക്കുന്നതിനും മറ്റുമായി വള്ളക്കടവുകളിൽ വിളക്കുമാടങ്ങളുമുണ്ടാകും. അല്പം പൊക്കമുള്ള ഒരു തൂണിൽ കെട്ടുപോകാത്ത വിധം വിളക്കു തെളിച്ചുവെച്ചിരിക്കുന്ന സംവിധാനം.

### കൊതുമ്പുവള്ളം

കഷ്ടിച്ച് ഒരാൾക്ക് മാത്രം കയറാൻ കഴിയുന്ന വള്ളമാണിത്. വെള്ളത്താൽ ചുറ്റപ്പെട്ട് ദ്വീപുപോലെ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ യാത്രയ്ക്കായി എല്ലാ വീടുകളിലും കൊതുമ്പുവള്ളങ്ങളുണ്ടാകും. കാഴ്ചയിൽ ഒരു വലിയ കൊതുമ്പിന്റെ ആകൃതിയുള്ളതുകൊണ്ടുതന്നെയാകാം ഇതിന് കൊതുമ്പുവള്ളമെന്ന് പേരുവന്നത്. പുഞ്ചപ്പാടങ്ങളിലും കായലുകളിലും മറ്റും താറാവിനെ തീറ്റുന്നവർ താറാവുക്കൂട്ടങ്ങളെ നിയന്ത്രിക്കുന്നതും കൊതുമ്പു വള്ളത്തിലിരുന്നാണ്.

### കടത്തുവള്ളം

ആറും പുഴയും തോടും കടന്ന് അക്കരയ്ക്ക് പോകുന്നതിനും ഇക്കരയ്ക്ക് വരുന്നതിനും വള്ളമായിരുന്നു ഏക ആശ്രയം. ഇന്നത്തെപ്പോലെ ചെറുതും വലുതുമായ പാലങ്ങൾ പണിയുന്നതിന് മുമ്പുള്ള കാലത്തെ കാര്യമാണിത്. ഇങ്ങനെ ജനങ്ങളെ അക്കരയിക്കരെ എത്തിച്ചിരുന്ന വള്ളങ്ങളെ കടത്തുവള്ളമെന്നും വള്ളം തുഴഞ്ഞിരുന്നയാളിനെ കടത്തുകാരനെന്നുമാണ് പറഞ്ഞിരുന്നത്. കടത്തും കടത്തുകാരനും തോണി കാത്തു നില്ക്കുന്നവരും നമ്മുടെ ഗ്രാമജീവിതത്തിലെ തേജസ്സാർന്ന കഥാപാത്രങ്ങളായിരുന്നു. പാലങ്ങൾ വന്ന് തൊഴിലില്ലാത്തവരായി മാറിയ കടത്തുകാരനും അനാഥമായ തോണിപ്പുരകളും വികസനത്തിന്റെ അനിവാര്യതയായിരുന്നെങ്കിലും ഓർമ്മയുടെ നഷ്ടശിഷ്ടങ്ങളായി അതൊക്കെയും ഇന്നും മനസ്സിൽ ബാക്കി നില്ക്കുന്നു. എം.ടി.യുടെ കഥകളിലും നോവലുകളിലും കടത്തുതോണികളുടെ അനാഥത്വം വരച്ചിടപ്പെട്ടു.

### കടവ്

ആറിന്റെയും പുഴയുടെയും മറ്റും ഓരം ചേർന്ന് ആളുകൾക്ക് കുളിക്കുവാനും വസ്ത്രങ്ങൾ അലക്കുവാനും സൗകര്യപ്രദമായി കല്ലുകൾ പാകി ക്രമീകരിച്ചിട്ടുള്ള സ്ഥലമാണ് കടവ്. കുളിക്കടവുകളെന്നും ഇത് അറിയപ്പെട്ടിരുന്നു. "ആറ്റിൽ പോയി അല്ലെങ്കിൽ കുളത്തിൽ പോയി അടിച്ചു കുളിച്ചു നനയ്ക്കുക" എന്നത് പഴയ കാല ഗ്രാമജീവിതത്തിൽ പ്രധാനമായിരുന്നു. ആറും പുഴയും ആസന്ന മൃത്യുവിലേക്കടുക്കുകയും കടവുകൾ നാമാവശേഷമാകുകയും ചെയ്തതോടെ വീടിനുള്ളിലെ ബാത്ത്റൂമിലെ ഷവറിന് ചുവടെ കുളിക്കുക എന്നത് നമുക്ക് ശീലമായിരിക്കുന്നു.

### ചങ്ങാടം

രണ്ടു കടത്തുവള്ളങ്ങൾ ചേർത്തുവച്ച് അതിനു മേലെ പലക ഉറപ്പിച്ച് ആളുകളോടൊപ്പം വാഹനങ്ങളും ഭാരവണ്ടികളും മറ്റും പുഴയ്ക്കക്കരെയെത്തിക്കുന്നതിനുള്ള സംവിധാനമാണ് ചങ്ങാടം. പുഴകൾക്ക് കുറുകെ പാലങ്ങൾ പണിയുന്നതിനു മുമ്പ് വാഹനങ്ങളെല്ലാം ഈ ചങ്ങാടത്തിൽ കയറ്റിയാണ് മറുകരയിൽ എത്തിച്ചിരുന്നത്. ഈ ചങ്ങാടങ്ങളുടെ ഏറ്റവും പരിഷ്ക്കരിച്ച നൂതന സംവിധാനമാണ് ഹൗസ് ബോട്ട്.

### പള്ളിയോടം

ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി നടക്കന്ന ചിങ്ങമാസത്തിലെ ഉത്തൃട്ടാതി വള്ളം കളിയിലും അതിനു മുമ്പായി നടക്കുന്ന വള്ളസദ്യയിലും പങ്കെടുക്കുന്ന വള്ളങ്ങളെ പള്ളിയോടങ്ങൾ എന്നാണ് പറയുക. പുണ്യനദിയായ പമ്പയുടെ ഓരം ചേർന്നുകിടക്കുന്ന ഓരോ കരകളിലും പള്ളിയോടങ്ങൾ സ്വന്തമായി ഉണ്ടായിരിക്കുകയെന്നത് അഭിമാനവും അംഗീകാരവുമാണ്. ക്ഷേത്രസംബന്ധമായും പള്ളിയോടങ്ങളുമായും ബന്ധപ്പെട്ടുള്ള കാര്യനിർവ്വഹണത്തിനായി പ്രവർത്തിക്കുന്ന സംഘടനയെ പള്ളിയോട സേവാസംഘം എന്നാണ് അറിയപ്പെടുന്നത്.

### തിരുവോണത്തോണി

തിരുവാറന്മുളയപ്പന് ഓണസദ്യക്കുള്ള വിഭവങ്ങളുമായി കുമാരനെല്ലൂർ മങ്ങാട്ടില്ലത്തുനിന്നും ആചാരപൂർവം പുറപ്പെടുന്ന വള്ളമാണ് തിരുവോണത്തോണി. മങ്ങാട്ടില്ലക്കടവിൽ നിന്നും ഇല്ലത്തെ പാരമ്പര്യഅവകാശിയായ ഭട്ടതിരിയാണ് ഓമസദ്യയ്ക്കുള്ള വകകളുമായി തിരുവോണത്തോണിയിൽ ആറന്മുളയിലേക്ക് പുറപ്പെടുന്നത്. വിശ്വാസവും പതിറ്റാണ്ടുകളായി നിലനിന്നുപോന്ന ഐതിഹ്യവും ഇഴചേർന്ന തിരുവോണത്തോണിക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്.

### നീറ്റിലിറക്കുക

പുതുതായി നിർമ്മിക്കുന്ന ചുണ്ടൻ വള്ളങ്ങളും പള്ളിയോടങ്ങളും പണിപൂർത്തീകരിച്ച് ഏറ്റവും അനുയോജ്യമായ സമയം നിശ്ചയിച്ച് ആചാരപരമായി ആഹ്ലാദാരവങ്ങളോടെ വെള്ളത്തിലേക്കിറക്കുന്ന ചടങ്ങിനാണ് നീറ്റിലിറക്കുക എന്നു പറയുന്നത്. ഒരു പ്രദേശത്തെ ജനങ്ങളൊന്നാകെ അത്യുത്സാഹപൂർവം ഈ ചടങ്ങിൽ പങ്കെടുക്കും. വള്ളം പണിയുന്നതിനായി ഏറ്റവും അനുഗുണമായ നിശ്ചിത വലിപ്പത്തിലുള്ള തടി മുറിക്കുന്നതിനോടനുബന്ധിച്ചുള്ള ചടങ്ങും, അടിപ്പടികളെല്ലാം പണിതു കഴിഞ്ഞ് 'വള്ളം മലർത്തുക' എന്നതും പ്രധാനവും വിശിഷ്ടവുമാണ്.

### മാലിപ്പുര

പള്ളിയോടങ്ങളുടെയും ചുണ്ടൻവള്ളങ്ങളുടെയും നിർമ്മാണം തികഞ്ഞ ഈശ്വരവിശ്വാസത്തോടും നിഷ്ഠയോടും ചെയ്യുന്ന പ്രവർത്തിയാണ്. കൃത്യമായ കണക്കും ഒപ്പം കരവിരുതും ഭാവനയുമുള്ള പരമ്പരാഗത ശില്പികളാണ് വ്രതശുദ്ധിയോടെ ഈ പണികൾ ചെയ്യുന്നത്. മാസങ്ങൾ നീണ്ടുനില്ക്കുന്ന ലക്ഷക്കണക്കിന് രൂപ ചെലവു വരുന്ന യത്നമാണിത്. ഇപ്രകാരം വള്ളം പണിയുന്നതിനായി പ്രത്യേകം തയ്യാറാക്കുന്ന പണിശാലയ്ക്കാണ് മാലിപ്പുരയെന്നു പറയുന്നത്. പാദരക്ഷകൾ പോലും പുറത്ത് ഊരിവെച്ചശേഷമേ മാലിപ്പുരയിലേക്ക് കയറാൻ പാടുള്ളു. ■





*ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്.*

# വാർത്തകളും വിശേഷങ്ങളും

## തൊഴിലുറപ്പു പദ്ധതിയുടെ ജോലി സമയം പുനർനിശ്ചയിച്ചു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നിശ്ചയിച്ചിട്ടുള്ള പ്രവൃത്തികളുടെ അളവിൽ കുറവ് വരുത്താതെ ജോലി സമയം രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണി വരെ എന്നതിനു പകരം രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെ (വിശ്രമം ഉൾപ്പെടെ) എന്ന് പുനർനിശ്ചയിച്ച് സർക്കാർ ഉത്തരവായി. ജോലി സമയത്തിൽ വരുന്ന കുറവ് ജോലിയുടെ അളവിനെ (Quantum) ബാധിക്കാൻ പാടില്ലാത്തതും നിലവിലുള്ള നിയമത്തിൽ യാതൊരു മാറ്റവും (കൂലി സംബന്ധിച്ച്) ഇതുമൂലം ഉണ്ടാകാൻ പാടില്ലാത്തതുമാണ്. (സ.ഉ (സാധാ) നം. 223/2012/തസ്വഭവ, തീയതി 16.08.2012)

## സാമൂഹ്യക്ഷേമ പെൻഷനുകളുടെ നിരക്ക് വർദ്ധിപ്പിച്ചു

80 വയസ്സിന് മുകളിൽ പ്രായമായ വൃദ്ധജനങ്ങൾക്കുള്ള വാർദ്ധക്യകാല പെൻഷൻ നിലവിലുള്ള 400 രൂപയിൽനിന്നും 900 രൂപയായും അഗതി (വിധവ) പെൻഷൻ, അമ്പതു വയസിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ 400 രൂപയിൽ നിന്ന് 525 രൂപയായും 80 ശതമാനത്തിനുമേൽ വൈകല്യമുള്ളവർക്കുള്ള വികലാംഗ പെൻഷൻ 400 രൂപയിൽ നിന്ന് 700 രൂപയായും മറ്റുള്ളവർക്കുള്ള വികലാംഗ പെൻഷൻ 400 രൂപയിൽ നിന്ന് 525 രൂപയായും വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. വർദ്ധിപ്പിച്ച നിരക്കുകൾക്ക് 2012 ഏപ്രിൽ മുതൽ പ്രാബല്യമുണ്ടായിരിക്കും.

## കില: കൽപ്പിത സർവ്വകലാശാലാ ചട്ടങ്ങൾ നിർമ്മിക്കാൻ സമിതി

തൃശൂരിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനെ (കില) കല്പിത സർവ്വകലാശാല ആക്കുന്നതിന്റെ ഭാഗമായി ചട്ടങ്ങളും നിയമങ്ങളും നിർമ്മിക്കുന്നതിനായി ഭോപ്പാലിലുള്ള നാഷണൽ ജുഡീഷ്യൽ അക്കാദമി ഡയറക്ടർ ഡോ. കെ.എൻ. ചന്ദ്രശേഖരൻപിള്ള ചെയർമാനായി സമിതിയെ നിയോഗിച്ച് ഉത്തരവായി. മുൻ പി.എസ്.സി. അംഗം ഡോ. പി. അബ്ദുൾ ഹമീദ്, ഡോ. ആർ. ഗിരീഷ് കുമാർ (ഇന്റർനാഷണൽ റിലേഷൻസ് വിഭാഗം മേധാവി, കേന്ദ്ര സർവ്വകലാശാല, കാസർഗോഡ്). ജലീഷ് പീറ്റർ (പബ്ലിക് റിലേഷൻസ് ഓഫീസർ, ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി) എന്നിവരാണ് സമിതി അംഗങ്ങൾ. കില ഡയറക്ടറും സ്പെഷ്യൽ ഓഫീസറുമായ ഡോ: പി. പി. ബാലനാണ് സമിതി കൺവീനർ.

## പ്രോജക്ട് ഫോറങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചു

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ആവശ്യമായ ഫോറങ്ങളും ഫോറങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയും അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 'സുലേഖ' ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് തദ്ദേശഭരണസ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. (സ.ഉ.(എം.എസ്) നം. 233/12/തസ്വഭവ., തീയതി 7.9.12).

## സബ്സിഡി മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിന് സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായി. (സ.ഉ.(എം.എസ്) നം. 229/2012/ തസ്വഭവ., തീയതി 25.8.12).

## പാലിയേറ്റീവ് കെയർ: പരിഷ്കരിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചു

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കേണ്ട പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചു. (സ.ഉ.(എം.എസ്) നം. 228/2012/തസ്വഭവ., തീയതി 23.8.2012).

## പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി: പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2012-13 വാർഷിക പദ്ധതിയും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയും (2012-17) സംബന്ധിച്ച മാർഗ്ഗരേഖ ഭേദഗതികളോടെ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ.(എം.എസ്) നം. 225/12/തസ്വഭവ., തീയതി 18.8.12).


## വാഹന വാടക: പരിധി ഉയർത്തി

സ്വന്തമായി വാഹനം ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രതിവർഷം വാഹന വാടകയിനത്തിൽ ചെലവഴിക്കാവുന്ന തുക 75000 രൂപയായി ഉയർത്തി ഉത്തരവായി. (സ.ഉ.(സാധാ.) നം. 2493/2012/തസ്വഭവ. തീയതി 3.9.2012).

## ഗ്രാമസഭ വിളിക്കാത്ത അംഗങ്ങൾക്ക് അയോഗ്യത

പഞ്ചായത്ത് രാജ് നിയമത്തിൽ അനുശാസിച്ച സമയപരിധിക്കുള്ളിൽ ഗ്രാമസഭ വിളിക്കുന്നതിൽ വീഴ്ച വരുത്തിയ തൃശൂർ ജില്ലയിലെ വരന്തരപ്പിള്ളി, കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തുകളിലെ 39 അംഗങ്ങളെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷണർ കെ. ശശിധരൻ നായർ അയോഗ്യരാക്കി. യഥാസമയം ഗ്രാമസഭ വിളിച്ചില്ലെന്ന് കാണിച്ച് രണ്ടു പഞ്ചായത്തുകളിലെയും വോട്ടർമാർ നൽകിയ ഒരു കൂട്ടം ഹർജിയിലാണ് കമ്മിഷണറുടെ ഉത്തരവ്. തെരഞ്ഞെടുപ്പ് കമ്മിഷന്റെ വിധിക്കെതിരെ അംഗങ്ങൾ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.





ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

## പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033